# FMPB മിത്രസമാചാർ

(for private circulation only)

ഒക്ടോബർ 2025

ലക്കം 10

വാല്യം 15


"അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു താനും."

1 തിമൊ. 6:6

## ലളിത ജീവിത ശൈലി

ലളിത ജീവിതത്തിന്റെ കൃപയിൽ വളരുന്നു





# ആമുഖം ...

## ലളിത ജീവിത ശൈലി ക്രിസ്തുവിൽ യഥാർത്ഥ സമ്പത്ത്

ബില്ലി ഗ്രഹാം തന്റെ "Just As I Am' എന്ന ആത്മകഥയിൽ യഥാർത്ഥ മഹത്വം എന്താണെന്നു വെളിപ്പെടുത്തുവാൻ കരിബീയൻ ദ്വീപുകളിലെ മറക്കാനാവാത്ത ഒരു അനുഭവം വിവരിക്കുന്നു. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഭാര്യ രൂത്തിനെയും ഉച്ചഭക്ഷണത്തിനായി ലോകത്തിലെ സമ്പന്നന്മാരിൽ ഒരാളായ വ്യക്തി ക്ഷണിച്ചു. സ്വന്തമായുള്ള നൗക, വിമാനം, അപാരമായ സമ്പത്ത് എന്നിവ എല്ലാം ഉണ്ടായിരുന്നിട്ടും ആ വ്യക്തി കണ്ണുനീരോടെ സമ്മതിച്ചു, 'ഞാൻ ഈ ലോകത്തിലെ ഏറ്റവും ദുരിതപൂർണ്ണനായ മനുഷ്യൻ ആകുന്നു.'

അതെ ദിവസം തന്നെ അവർ ഒരു സാധുവായ ഇംഗ്ലീഷ് പാസ്റ്ററെ സന്ദർശിച്ചു. വിഭാര്യനായ അദ്ദേഹം ഭിന്ന ശേഷിക്കാരായ തന്റെ രണ്ടു സഹോദരിമാരെ സ്നേഹത്തോടെ പരിചരിക്കുന്നു. കയ്യിൽ പണമൊന്നുമില്ലെങ്കിലും ആനന്ദത്തോടെ അദ്ദേഹം പറഞ്ഞു, 'ഈ ദ്വീപിലെ ഏറ്റവും സന്തോഷവാനായ മനുഷ്യൻ ഞാനാകുന്നു'. ബില്ലി ഗ്രഹാമും ഭാര്യയും ഏറ്റവും ധനികനായ മനുഷ്യൻ ആരാണെന്നു അന്ന് തിരിച്ചറിഞ്ഞു. സമ്പത്ത് അളക്കുന്നത് സ്വത്തുകളാലല്ല മറിച്ച് സ്വഭാവത്താലും ക്രിസ്തുവിലുള്ള ആനന്ദത്താലും ആകുന്നു.

ഈ സത്യം **FMPB യുടെ ഏഴാമത്തെ ധർമ്മ ചിന്തയായ ലളിത ജീവിത ശൈലി**യോടു ചേർന്നു നിൽക്കുന്നു. ലളിത ജീവിത ശൈലി - വ്യക്തി ജീവിതത്തിൽ സംഘടനാ ജീവിതത്തിലും അനിവാര്യമായ ആവശ്യങ്ങൾ മാത്രം നിറവേറ്റിക്കൊണ്ടു ജീവിക്കുന്നതിനുള്ള പ്രതിബദ്ധത (1തിമോ.6:6). ഇന്നത്തെ ലോകത്തിൽ ലളിത ജീവിതം എന്നതു അനുചിതമായി തോന്നിയേക്കാം, എന്നാൽ അത് യഥാർത്ഥത്തിൽ പ്രാധാന ദൗത്യമായ ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ നമ്മെ സഹായിക്കും. എബ്രായർ 12:1 നമ്മെ ഓർമ്മപ്പെടുത്തുന്നു, *'... എല്ലാ ഭാരവും... വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക'*

ലളിത ജീവിതം നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും പ്രതിഫലിക്കണം - നമ്മുടെ സമയം, ഊർജ്ജം, ആരോഗ്യം, ലഭ്യത എന്തിന് ചിലവ് ശീലങ്ങളിൽ പോലും കാണണം. ഈ വിഭവങ്ങളെല്ലാം ദൈവരാജ്യ കെട്ടുപണിക്കായി ഉപയോഗിക്കാം അല്ലെങ്കിൽ ശ്രദ്ധാ ശൈഥില്യങ്ങൾക്കായ് പാഴാക്കി കളയാം. ദൈവവചനം നമ്മെ ഓർമ്മപ്പെടുത്തുന്നത്, *'പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിനു യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു'* (2. തിമൊ.2;4)

ലളിത ജീവിത്തോടു കൈകോർത്തു ജീവിക്കുന്നതാണ് **സംതൃപ്തി**. സംതൃപ്തിയുടെ പാത ആരംഭിക്കുന്നത് **കൃതജ്ഞത**യിൽ നിന്നാണ്. ദൈവീക അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് നമുക്കു ഉള്ളതിൽ സംതൃപ്തരായിരിക്കുവാൻ തീരുമാനിക്കുക. അടുത്ത വലിയ കാര്യങ്ങളെ പിന്തുടരുന്ന ലോകത്ത് കൃതജ്ഞത നമ്മുടെ ശ്രദ്ധയെ ഇല്ലാത്തതിൽ നിന്നും സമൃദ്ധമായി ഉള്ളതിലേക്കു തിരിക്കും. കൃതജ്ഞതാ ഡയറി സൂക്ഷിക്കുന്നതു പോലുള്ള പ്രായോഗിക ശീലങ്ങൾ ഈ മനോഭാവത്തെ നമ്മിൽ വളർത്തുവാൻ സഹായിക്കും. നേരെമറിച്ച് താരതമ്യം നമ്മിൽ അസ്വസ്ഥത വളർത്തുകയും നമ്മുടെ ആനന്ദത്തെ കവർന്നെടുക്കുകയും ചെയ്യും.

ഈ ജീവതത്തെ പൗലൊസ് അപ്പൊസ്തലൻ മാതൃകയാക്കി, പ്രഖ്യാപിച്ചു.' ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. (ഫിലി.4:11-14). കൂടുതൽ ആഴത്തിൽ പറഞ്ഞാൽ, യേശുതന്നെയാണ് ഇതിനു ഉത്തമ ഉദാഹരണം. യേശു ഒന്നുമില്ലാത്തവനായി ജനിച്ചു, അല്പം കൊണ്ടു ജീവിച്ചു. ഒന്നുമില്ലാത്തവനായി മരിച്ചു.അവന്റെ ലാളിത്യം ഒരു യാദൃശ്ചികമല്ല.യേശുവിനു ഏതു നിലവാരവും തിരഞ്ഞെടുക്കാമായിരുന്നു എന്നിട്ടും യേശു ലളിത ജീവിതം തിരഞ്ഞെടുത്തു. -റിച്ചാർഡ് എ സ്വെൻസൺ

യഥാർത്ഥ സമ്പത്ത്, സ്വത്തിലോ പ്രശസ്തിയിലോ, ആസ്തിയിലോ അല്ല മറിച്ച് ക്രിസ്തുവിൽ നങ്കൂരമിട്ട ലാളിത്യവും കൃതജ്ഞതയും സംതൃപ്തിയും ഉള്ള ജീവിതമാണ്. ലളിത ജീവിതം നമുക്കു തിരഞ്ഞെടുക്കാം. മുഴു ഹൃദയത്തോടെ കർത്താവിനെ സേവിക്കാം. നമ്മുടെ എല്ലാ ആവശ്യങ്ങൾക്കുമായി ദൈവത്തിൽ ആശ്രയിക്കാം. നമുക്കുള്ളതെല്ലാം ദൈവരാജ്യത്തിനായി നൽകാം.

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"... ഉള്ള അവസ്ഥയിൽ
അലംഭാവത്തോടിരിപ്പാൻ ഞാൻ
പഠിച്ചിട്ടുണ്ടു. താഴ്ചയിൽ
ഇരിപ്പാനും എനിക്കു അറിയാം;
തൃപ്തനായിരിപ്പാനും
വിശന്നിരിപ്പാനും സമൃദ്ധിയിൽ
ഇരിപ്പാനും ബുദ്ധിമുട്ടു
അനുഭവിപ്പാനും എല്ലാം ഞാൻ
ശീലിച്ചിരിക്കുന്നു."

– ഫിലിപ്പിയർ. 4:11-12

"ക്രിസ്തുവിന്റെ ജീവിതം എളിമയുള്ള
ലാളിത്യത്തിന്റെ ജീവിതമായിരുന്നു,
എന്നാൽ ക്രിസ്തുവിന്റെ എത്ര
അനന്തമായി ഉയർന്നതായിരുന്നു.
എല്ലാത്തിലും ക്രിസ്തു നമ്മുടെ
മാതൃകയാകുന്നു. "

– എല്ലെൻ ജി വൈറ്റ്

"സൗമ്യതയുള്ളവർക്കു യഹോവയിൽ
സന്തോഷം വർദ്ധിക്കുകയും
മനുഷ്യരിൽ സാധുക്കളായവർ
യിസ്രായേലിന്റെ പരിശുദ്ധനിൽ
ആനന്ദിക്കുകയും ചെയ്യും."

– യെശയ്യാവ് 29:19

"യഥാർത്ഥ ലാളിത്യം ആരംഭിക്കുന്നത്
ഞാൻ കർത്താവിൽ
ആശ്രയിക്കുകയും ആദ്യം
എന്റെ സംതൃപ്തി അവനിൽ
കണ്ടെത്തുകയും ചെയ്യുമ്പോൾ
ആകുന്നു.

– മാർക്ക് റോബർട്ട്സ്

## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org



മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സൂനം

*Publisher & Editor*
S. ജോൺ ബർലിൻ

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



യേശു തന്റെ ശിഷ്യന്മാരെ അയച്ചപ്പോൾ അവരോടു കല്പിച്ചു: “വഴിക്കു വടിയും പൊക്കണവും അപ്പവും പണവും ഒന്നും എടുക്കരുത്; രണ്ടു ഉടുപ്പും അരുതു” (ലൂക്കോ.9:3). ഈ മൗലീക നിർദ്ദേശത്തിലൂടെ സുവിശേഷ ദൗത്യം ധാരാളിത്വത്തിൽ മുങ്ങിപ്പോകാത്ത ജീവിതങ്ങളിലൂടെയാണ് ഒഴുകുന്നതെന്നു യേശു കാണിച്ചു തന്നു. ലാളിത്യം ഒരു തിരഞ്ഞെടുപ്പല്ല അത് അവരുടെ സാക്ഷ്യത്തിന്റെ ഭാഗമാകുന്നു.

ലളിത ജീവിത ശൈലി എല്ലായ്പോഴും ദൈവീക ദൗത്യത്തിന്റെ കേന്ദ്രമാകുന്നു. അബ്രഹാം ഊരിലെ എല്ലാം സുരക്ഷിതത്വവും ഉപേക്ഷിച്ച് അജ്ഞാതമായ ദേശത്തേക്കു ദൈവം വിളിച്ചപ്പോൾ പുറപ്പെട്ടു (ഉല്പ.12:1). ആരും ബുദ്ധിമുട്ടിലാകാതിരിക്കുവാൻ ആദിമ സഭ തങ്ങൾക്കുള്ളതെല്ലാം പങ്കിട്ടു (അ.പ്ര. 2:44-45). എല്ലാ സാഹചര്യത്തിലും തൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു എന്ന് പൗലൊസ് പ്രഖ്യാപിച്ചു (ഫിലി.4:12). അനുസരണത്തിൽ സ്വതന്ത്രരായി ഈ ഭൂമിയിൽ ലളിത ജീവിതം ശീലിച്ച സ്ത്രീ പുരുഷന്മാരാണ് എല്ലാ തലമുറയിലും സുവിശേഷത്തിന്റെ മുന്നേറ്റം വഹിച്ചത്.

ഇന്നത്തെ ലോകം നമ്മോടു പറയുന്നത് സമ്പാദിക്കുക, നവീകരിക്കുക, മത്സരിക്കുക എന്നാണ്. എന്നാൽ ദൈവരാജ്യം നമ്മെ ആഹ്വാനം ചെയ്യുന്നത് വിട്ടുകൊടുക്കുവാനും ലളിതമാക്കുവാനും സേവിക്കുവാനുമാണ്. ലളിത ജീവിത ശൈലി ഇല്ലായ്മയെ കുറിച്ചല്ല മറിച്ച് ഭക്തിയെ കുറിച്ചുള്ളതാണ്. ഭൗതികതയുടെ പിടിയിൽ നിന്നും ഇത് നമ്മെ സ്വതന്ത്രരാക്കും. ദാനം ചെയ്യാൻ നമ്മുടെ കൈകൾ തുറന്നിരിക്കും. ക്രിസ്തു നമ്മെ അയക്കുന്നിടത്തേക്കു പോകുവാൻ നമ്മുടെ കാലുകൾ തയ്യാറായിരിക്കും.

### പരമാനന്ദവും ലളിതമായ ദൈവരാജ്യ ജീവിതത്തിലേക്കുള്ള ആഹ്വാനവും

യേശു മലമേൽ കയറി അനുഗ്രഹ പ്രഭാഷണം നടത്തി (മത്തായി. 5:1-12). യേശു ധാർമ്മീകതയുടെ ഒരു പട്ടിക നൽകുകയായിരുന്നില്ല മറിച്ച് തികച്ചും വ്യത്യസ്തമായ ഒരു ജീവിത രീതി അനാവരണം ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ലോകത്തിന്റെ അധികാരത്തിന്റെയും സമ്പത്തിന്റെയും അഭിലാഷത്തിന്റെയും നിലവാരത്തെ തകിടം മറിച്ചു, തന്റെ ശിഷ്യന്മാരെ എളിമയിലേക്കും കരുണയിലേക്കും വിശുദ്ധിയിലേക്കും കീഴടങ്ങലിലേക്കും ക്ഷണിച്ചു. സ്വത്തുകളാൽ അലങ്കോലപ്പെടാത്ത, അഹങ്കാരത്തിൽ നിന്നും മുക്തമായ, ദൈവീക ദൗത്യത്തിനായി പൂർണ്ണമായി സമർപ്പിതമായ ഒരു വ്യക്തിയുടെ ജീവിത ശൈലിയാണ് സുവിശേഷ ഭാഗത്തിന്റെ കാതലായി വിവരിക്കുന്നത്.

### ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; ദൈവരാജ്യം അവർക്കുള്ളതു.

ആത്മാവിൽ ദരിദ്രരായിരിക്കുക എന്നാൽ നാം പൂർണ്ണായി ദൈവത്തിൽ

ആശ്രയിക്കുന്നു എന്ന് ഏറ്റുപറയുകയാണ്. ലോകം നമ്മെ പഠിപ്പിക്കുന്നത് സമ്പത്തിലൂടെയും സ്വത്തിലൂടെയും സുരക്ഷിതത്വം കെട്ടിപ്പെടുക്കുവാനാണ്. എന്നാൽ യേശു നമ്മെ വിളിക്കുന്നത് സമൂലമായ വിശ്വാസ ജീവിതത്തിലേക്കാണ്. സ്വയപര്യാപ്തതയെക്കാൾ ദൈവീക പര്യാപ്തത തിരഞ്ഞെടുക്കുന്നതിലൂടെ ലാളിത്യം ആരംഭിക്കുന്നു. സമ്പത്തിന്റെ അഹങ്കാരം ഉപേക്ഷിക്കുമ്പോൾ ക്രിസ്തുവിൽ നാം യഥാർത്ഥ സമ്പത്ത് കണ്ടെത്തും. ദൗത്യ നിർവഹണത്തിൽ ഈ സ്ഥിതി നമുക്കുള്ളതെല്ലാം നഷ്ടപ്പെടുമോ എന്ന ഭയത്താലുള്ള ഭാരമില്ലാതെ ദൈവം അയയ്ക്കുന്നിടത്തെല്ലാം പോകുവാൻ നമ്മെ അനുവദിക്കുന്നു.

**ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും.**

സുഖസൗകര്യങ്ങൾ കൊണ്ട് സ്വയം മരവിക്കുന്നതിനു പകരം ജീവിക്കുന്നവർ ലോകത്തിന്റെ തകർച്ചയെ കുറിച്ചു വിലപിക്കുന്നു. അനീതി, ദാരിദ്ര്യം ക്രിസ്തുവിനെ കൂടാതെ ആത്മാക്കൾ നഷ്ടപ്പെട്ടു പോകുന്നു ഇവയെ കുറിച്ചു അവർ കരയും. എന്നാൽ ദൈവം തന്നെ അവരെ ആശ്വസിപ്പിക്കുവാൻ അടുത്തു വരുന്നു. ദൈവത്തിന്റെ ഹൃദയത്തെ ഭാരപ്പെടുത്തുന്ന വിഷയത്തെ കുറിച്ചു നമ്മുടെ ഹൃദയം വേദനിക്കുമ്പോഴാണ് യഥാർത്ഥ ദൗത്യം ആരംഭിക്കുന്നത്. ഈ ദുഃഖത്തിൽ നിന്നാണ് കാരുണ്യവും ത്യാഗപൂർവ്വം സേവിക്കുന്നതിനുള്ള സന്നദ്ധതയും ഒഴുകുന്നത്.

**സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.**

സൗമ്യത ബലഹീനതയല്ല മറിച്ച് ദൈവത്തിനു കീഴടങ്ങുന്ന ശക്തിയാണ്. അധികാരങ്ങളും പദവികളും മുറുകെ പിടിക്കാതെ തുറന്ന കരങ്ങളോടെയാണ് സൗമ്യതയുള്ളവർ ജീവിക്കുന്നത്. പദവിയെക്കാൾ സേവനവും സ്വാർത്ഥതയെക്കാൾ കാര്യവിചാകത്വവും തിരഞ്ഞെടുക്കുന്നതിലൂടെയുള്ള പ്രവർത്തിയാകുന്നു സൗമ്യത. ദൈവം തന്റെ ദൗത്യം ഭരമേല്പിക്കുന്നത് സൗമ്യതയുള്ളവരെയാണ്. പിടിച്ചെടുക്കലിലൂടെയല്ല കീഴടങ്ങലിലൂടെയാണ് അവർ അവകാശം സ്വന്തമാക്കുന്നത്.

**നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും.**

ഭൂമിയിൽ ദൈവത്തിന്റെ നീതി കാണാനുള്ള ഏറ്റവും ആഴമേറിയ ദാഹത്തിനു ലാളിത്യം ഇടം നൽകുന്നു. ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതും ഭൗതീക മോഹങ്ങളും മാറ്റി വെക്കുമ്പോൾ ദൈവത്തിന്റെ നീതി, സത്യം, രാജ്യം എന്നിവയിലുള്ള യഥാർത്ഥ സംതൃപ്തിക്കായി നാം കൊതിക്കും. ഈ ദാഹം നമ്മെ ദൗത്യത്തിലേക്കു നയിക്കും. അങ്ങനെ നാം വിശക്കുന്നവർക്കു ഭക്ഷണം നൽകുകയും അടിച്ചമർത്തുന്നവർക്കായി പ്രതിരോധം തീർക്കുകയും സുവേശഷം പ്രഘോഷിക്കുകയും ചെയ്യും.

**കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.**

നമ്മുടെ ജീവിതം അത്യാഗ്രഹത്താൽ ബന്ധിതരാകാതിരിക്കുമ്പോളാണ് കാരുണ്യം നമ്മിൽ അഭിവൃദ്ധിപ്പെടുന്നത്. ലാളിത്യം നമ്മുടെ ബന്ധനങ്ങളെ അഴിച്ചു മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുവാനും അവരെ സഹായിക്കുവാനും നമ്മെ സ്വതന്ത്രരാക്കുന്നു. കരുണയുള്ള ശിഷ്യന്മാർ വിഭവങ്ങളെ തങ്ങളുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ഉപയോഗിക്കാതെ തകർന്നവർക്കു ഒരു അനുഗ്രഹമായി തീരും. ദൗത്യത്തിൽ കരുണ എന്നത് ക്രിസ്തു

വിന്റെ കാരുണ്യം ഏറ്റവും എളിയവരിലേക്കും നഷ്ടപ്പെട്ടു പോകുന്നവരിലേക്കും വ്യാപിപ്പിക്കുന്നതിലൂടെ കുരിശിന്റെ സാക്ഷ്യം നിർവഹിക്കുകയാണ്.

**ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.**

വിശുദ്ധി എന്നത് ദൈവത്തോടുള്ള ഏകാഗ്രമായ ഭക്തിയാകുന്നു. നമ്മുടെ വിശ്വസ്തതയെ വിഭജിക്കുന്ന കുഴപ്പങ്ങളെ ലാളിത്യം ഇല്ലാതാക്കും. പദവി, സ്വത്ത് എന്നിവയുടെ പിടി നമ്മിൽ നിന്നു അയയുമ്പോൾ നമ്മുടെ ദർശനത്തെ ദൈവം മൂർച്ചയുള്ളതാക്കും. ദൈവമഹത്വം അല്ലാതെ മറ്റൊന്നു അന്വേഷിക്കാത്ത ശുദ്ധഹൃദയരായ ശിഷ്യന്മാരിലൂടെയാണ് ദൗത്യം അഭവൃദ്ധിപ്പെടുന്നത്.

**സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.**

സമാധാനം ഉണ്ടാക്കുന്നവരെ മത്സരമോ അത്യാഗ്രഹമോ നയിക്കയില്ല. ബന്ധങ്ങൾക്ക് സ്വത്തുകളെക്കാൾ വിലകല്പിക്കുന്നതിലൂടെയെയും മത്സരത്തെക്കാൾ അനുരഞ്ജനത്തിനു വിലമതിക്കുന്നതിലൂടെയും ലാളിത്യം സമാധാനം വളർത്തുന്നു. ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സമാധാനം ഉണ്ടാക്കുന്നവർ ക്രിസ്തുവിന്റെ അനുരഞ്ജന സ്നേഹത്തെ ഉൾക്കൊള്ളുന്നു. നമ്മൾ ദൈവത്തിന്റെ മക്കാളാണെന്നു ലോകത്തിനു കാണിച്ചു കൊടുക്കുന്നു.

**നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.**

ഈ ഭാഗ്യാവസ്ഥയിൽ ജിവിക്കുക എന്നതു അർത്ഥമാക്കുന്നത് ലോകത്തിന്റെ മൂല്യങ്ങളുമായി നിരന്തരം ഏറ്റുമുട്ടുക എന്നാകുന്നു. ഉപഭോഗ സംസ്കാരത്തിൽ ലാളിത്യം ഒരു മഠയത്തരമായി തോന്നിയേക്കാം. എന്നിരുന്നാലും ക്രിസ്തുവിനു വേണ്ടി എതിർപ്പുകൾ സഹിക്കുന്നവർ ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യം ആസ്വദിക്കുന്നു. നിത്യമായ പ്രതിഫലം ഭൗതിക സുഖകളെക്കാൾ ശ്രേഷ്ഠമെന്ന തിരിച്ചറിവിനാൽ നൂറ്റാണ്ടുകളിലൂടനീളം മിഷനറിമാർ കഷ്ടങ്ങളും നഷ്ടങ്ങളും സഹിച്ചിട്ടുണ്ട്.

സുവിശേഷം ലാളിത്യത്തിലൂടെയാണ് മുന്നേറുന്നത് എന്നു തെളിയിച്ച സ്ത്രീ പുരുഷന്മാരെ കൊണ്ടു മിഷൻ ചരിത്രം നിറഞ്ഞിരിക്കുന്നു. സമ്പത്ത് മുഴുവൻ വേദപുസ്തക പരിഭാഷക്കു വേണ്ടി ഉപയോഗിക്കേണ്ടതിനു വില്യം കേറി മിതവ്യയത്തോടെ ജീവിച്ചു. ദരിദ്രരോടു കൂടെ സഞ്ചരിക്കേണ്ടതിനു മദർ തെരസ ലാളിത്യം സ്വീകരിച്ചു. ഇന്ത്യയിലെ വിധവകളെയും അനാഥരെയും സംരക്ഷിക്കേണ്ടതിനു പണ്ഡിത രമാഭായി സ്വന്തസുഖസൗകര്യങ്ങൾ മാറ്റിവെച്ചു. ലാളിത്യം എന്നത് സേവിക്കാനും കൊടുക്കുവാനും അതിരുകളില്ലാതെ സ്നേഹിക്കുവാനുമുള്ള ശക്തിയാണെന്നു ഇവരുടെ ജീവിതങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ജീവിത കാലഘട്ടത്തിൽ FMPB യുടെ ധാർമ്മിക ചിന്തകൾക്കു രൂപം നൽകിയ നമ്മുടെ പ്രിയപ്പെട്ട പാട്രിക് യോശുവയുടെ ജീവിതം ഈ പരമാനന്ദ ജീവിതത്തിന്റെ ഉത്തമ ഉദാഹരണമാകുന്നു. സുഖസൗകര്യങ്ങളെക്കാൾ സംതൃപ്തിയെ വിലമതിച്ചു ഒരു എളിമയുള്ള വീട്ടിൽ ജീവിക്കുന്നതിനു തീരുമാനിച്ചു. അദ്ദേഹത്തിന്റെ ലാളിത്യം, സുതാര്യതയുള്ള ജീവിത ശൈലി, ദാസ്യ നേതൃത്വം എന്നിവ തന്റെ ഹൃദയത്തിന്റെ താഴമയെയും വിശുദ്ധിയെയും പ്രക

ടമാക്കി. സമ്പത്തിലൂടെയോ പ്രശസ്തിയിലൂടെയോ അല്ല മറിച്ച് സമർപ്പിത ജീവിതങ്ങളിലൂടെയാണ് മിഷൻ പ്രവർത്തനം മുന്നേറണ്ടതെന്നു അദ്ദേഹം പലപ്പോഴും നമ്മെ ഓർമ്മിപ്പിച്ചു. ആദ്യകാല ശിഷ്യന്മാരെ പോലെ കളങ്കിതമല്ലാത്ത കരങ്ങളോടും അലങ്കോലപ്പെടാത്ത ഹൃദയത്തോടും കൂടെയാണ് അദ്ദേഹം സുവിശേഷം പ്രഘോഷിച്ചത്.

ഭൗതിക സമ്പത്തിലല്ല ക്രിസ്തുവിൽ പരമാനന്ദം കണ്ടെത്തിയ ക്രിസ്ത്യാനികളെയാണ് ലോകം കാണേണ്ടത്. യേശു മാത്രം എല്ലാറ്റിനും മതിയായവൻ എന്ന ലളിത ജീവിതശൈലി തന്നെ ഒരു സുവിശേഷീകരണ സാക്ഷ്യമാണ്. ഈ ഭാഗ്യാവസ്ഥയിലുള്ള ജീവിതം ചിലർക്കു വേണ്ടിയുള്ള അദർശങ്ങളല്ല മറിച്ച് ഓരോ ശിഷ്യനുമുള്ള ആഹ്വാനമാണ്. ലളിത ജീവിത ശൈലി എന്നാൽ അഹങ്കാരത്തിനു പകരം വിനയവും അത്യാഗ്രഹത്തിനു പകരം കരുണയും വീട്ടുവിഴ്ചക്കു പകരം വിശുദ്ധിയും തിരഞ്ഞെടുത്തു അവയെ ഉൾക്കൊണ്ടു ജീവിക്കുക എന്നാകുന്നു. നമ്മുടെ ഭവനങ്ങളും സഭകളും പ്രസ്ഥാനങ്ങളും ഈ ആഹ്വാനം സ്വീകരിക്കട്ടെ. നാം ലളിത ജീവിതം നയിക്കുമ്പോൾ സുവിശേഷം കൂടുതൽ ശോഭയോടെ പ്രകാശിക്കുകയും മിഷൻ പ്രവർത്തനം സ്വതന്ത്രമായി മുന്നേറുകയും ചെയ്യും.

### മുംബൈയിൽ മിഷൻ അവബോധ പ്രോഗ്രാമുകൾ:

ഈ യോഗങ്ങൾ നഗരത്തിലെ വിശ്വാസികളിൽ പുതിയൊരു ആവേശം ജ്വലിപ്പിച്ചു. വ്യക്തിപരമായ ആശങ്കകൾക്കു അപ്പുറത്തേക്കു കണ്ണുകൾ ഉയർത്തുവാനും രൂപാന്തരികരണത്തിനായി കാത്തിരിക്കുന്ന വിശാലമായ വയലുകൾ കാണുന്നതിനു വിശ്വാസികളിൽ വെല്ലുവിളി ഉയർന്നു. പ്രാർത്ഥിക്കുന്നതിനു സമർപ്പണമെടുത്ത എല്ലാവർക്കുമായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

### സെക്കന്തരബാദിൽ IMA ദേശീയ നേതാക്കളുടെ കൂടിയാലോചന:

ഈ യോഗത്തിൽ രാജ്യത്തെമ്പാടുമുള്ള നേതാക്കന്മാർ ചേർന്നു വന്നു. പരസ്പരം ശ്രദ്ധിക്കുന്നതിനും ദൈവത്തിന്റെ ഉദ്ദേശം വിവേചിച്ചറിയുന്നതിനും വെല്ലുവിളികൾ നിറഞ്ഞ ഈ കാലത്ത് മിഷൻ പ്രവർത്തനത്തിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും ഈ കൂടിയാലോചന കൊണ്ടു സാധിച്ചു. നവീകരിക്കുക പുനർജ്ജീവിപ്പിക്കുക, സ്ഥിരപ്പെടുത്തുക എന്നത് മികവിന്റെ നിലവാരമാണെന്നു ഉറപ്പിച്ചു.

### സ്നേഹ കൂട്ടായ്മ - ചെന്നയിൽ സ്കാൻ (SCAN) കുടുംബം സംഗമം:

നമ്മുടെ പിന്തുണക്കാരും സഹകാരികളുമായ ക്രിസ്ത്യൻ ബിസിനസ്സുകാർ അവരുടെ കുടുംബത്തോടൊപ്പം സന്തോഷകരമായ കൂട്ടായ്മ അന്തരീക്ഷത്തിൽ ഒരുമിച്ചു കൂടി. പരസ്പര പ്രോത്സാഹനത്തിന്റെയും ആരാധനയുടെയും സന്ദർഭമായിരുന്നു. ഒരു മിഷൻ കുടുംബമെന്ന നിലയിൽ നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്ന രംഗമായിരുന്നു ഈ കൂട്ടായ്മ. സ്നേഹം, പ്രാർത്ഥന, ഐക്യം എന്നത് നമ്മുടെ സംഘടനയുടെ നട്ടെല്ലാകുന്നു എന്നത് യാഥാർത്ഥ്യമാണ്.

### മാനേജ്മെന്റ് കമ്മറ്റി യോഗം:

ഇതു ഭരണപരമായ ഒരു ഒത്തുചേരൽ മാത്രമല്ല മറിച്ച് പ്രാർത്ഥനയുടെയും വിവേചനപൂർവ്വം കാര്യങ്ങൾ തീരുമാനിക്കുന്നതിന്റെയും സമയമായിരുന്നു. വിനയത്തോടും ദൈവീക പരിജ്ഞാനത്തോടും കൂടി മിഷന്റെ അഭിവൃദ്ധിക്കായി

സുപ്രധാന തീരുമാനങ്ങൾ എടുത്തു. പ്രാർത്ഥനയിൽ വേരൂന്നിയ ഭരണം എങ്ങനെ ദൈവീക വഴിനടത്തിലിന്റെ മാർഗ്ഗമാകുന്നു എന്നതു തുടർന്നു നമുക്കു കാണുവാൻ കഴിയുന്നു.

**ബാംഗ്ലൂരിൽ സോണൽ & റീജിനൽ സെക്രട്ടറിമാരുടെ യോഗം:**

മിഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പുനർ ക്രമീകരിക്കുന്നതിനും നവീകരിക്കുന്നതിനും വേണി വിവിധ മേഖലകളിലുള്ള നമ്മുടെ നേതാക്കന്മാർ ഒരുമിച്ചു കൂടി. സുതാര്യത, ആത്മാവിന്റെ ഐക്യം, സുവശേഷം എത്തിയിട്ടില്ലാത്ത ജനങ്ങളെക്കുറിച്ചുള്ള ആഴമായ ഭാരം എന്നിവയാൽ നേതാക്കന്മാരുടെ ഈ കൂട്ടായ്മ വേറിട്ടു നിന്നു. ഇത്തരത്തിലുള്ള കൂട്ടായ്മകൾ സംഘടനയുടെ നട്ടെല്ലിനെ ശക്തീകരിക്കുന്നു

**തെലുങ്കാനയിൽ ദർശനം പങ്കുവക്കുന്ന പാസ്റ്ററന്മാരുടെ സമ്മേളനം:**

മിഷൻ പ്രവർത്തനങ്ങൾക്കായി തങ്ങളുടെ സഭകളിൽ ദർശനം പകർന്ന് വിശ്വാസികളെ ഉത്സാഹിപ്പിക്കുവാൻ പാസ്റ്ററന്മാരെ സജ്ജരാക്കി. ദേശത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഹൃദയത്തുടിപ്പ് അനേകർക്കു ഗ്രഹിക്കുവാൻ സാധിച്ചു. മിഷനറിമാരെ അയയ്ക്കുന്നതിനും അവരെ സ്പോൺസർ ചെയ്യുന്നതിനും തങ്ങളുടെ സഭാവിശ്വാസികളെ സമർപ്പിതരാക്കുന്നതിനും അവർ പ്രതിജ്ഞാബദ്ധരായി.

ഈ കൂട്ടായ്മകളിലെല്ലാം വ്യാപരിച്ച ദൈവിക വിശ്വസ്തതക്കായി ദൈവത്തെ സ്തുതിക്കുന്നു. നാം സന്തോഷിക്കുന്നതിനൊപ്പം യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു: ***"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്."*** മിഷൻ വയലുകളിൽ പ്രതിസന്ധികളും സാധ്യതകളും ഉണ്ട്.

പ്രിയ സ്നേഹിതരേ, വെല്ലുവിളികൾ നിറഞ്ഞ ഈ കാലത്ത് നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ ഏറെ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ പലഭാഗത്തും സുവിശേഷ പ്രവർത്തനത്തോടുള്ള ശത്രുത വർദ്ധിച്ചു വരുന്നു. നിയന്ത്രണങ്ങളാലും എതിർപ്പുകളാലും നമ്മുടെ മിഷനറിമാർ പരീക്ഷിക്കപ്പെടുന്നു. സുവിശേഷത്തിനായി നിലകൊണ്ട നമ്മുടെ മിഷനറിമാരിൽ ഒരാളെ പോലീസ് അറസ്റ്റു ചെയ്തു ജയിലിൽ ഇട്ടു. മിഷനറിയുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും മോചനത്തിനുമായി പ്രാർത്ഥിക്കുക. ദൈവീക സമാധാനത്താൽ അവരുടെ കുടുംബം ആശ്വാസം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്തരേന്ത്യയിലുള്ള നമ്മുടെ നിരവധി മിഷൻ വയലുകൾ കടുത്ത പ്രതിരോധം നേരിടുന്നു. ക്രിസ്തീയ സാക്ഷ്യത്തിൽ ഉറച്ചു നിൽക്കുവാൻ മിഷനറിമാർക്കും സുവിശേഷകർക്കും വിശ്വാസികൾക്കും ദൈവം കൃപ നൽകേണ്ടതിനായി പ്രാർത്ഥിക്കാം. ദിവസവും സമ്മർദ്ദത്തിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറിമാരെ നമുക്കു ഓർക്കാം. ദൈവീക പരിജ്ഞാനത്താൽ അവർ നിറയേണ്ടതിനും ധൈര്യമുള്ളവരാകേണ്ടതിനും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും അന്ധകാരത്തിൽ ജോതിസ്സുകളെ പോലെ പ്രകാശിക്കേണ്ടതിനുമായി നമക്കു പ്രാർത്ഥിക്കാം.

കർത്താവിന്റെ ദൗത്യനിർവഹണത്തിൽ



റവ. വിജയ് പ്രസന്ന ഐസക്ക്



# കഷ്ടപ്പാടിലൂടെ ദൈവീക പദ്ധതി നിറവേറ്റുന്നതിൽ ലളിത ജീവിത ശൈലി

*വേദപുസ്തക വീക്ഷണം*

മനുഷ്യ പുത്രനായി ഈ ഭൂമിയിൽ വന്ന് ലളിത ജീവിതത്തിന്റെ മനോഹാരിത വെളിപ്പെടുത്തിയ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മാധുര്യ നാമത്തിൽ ഊഷ്മളമായ സ്നേഹവന്ദനം!

ഒക്ടോബർ മാസത്തിൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ മിഷനറിമാരും സഹകാരികളും മിഷൻ വയലിലെ വിശ്വാസികളും പ്രത്യേകാൽ മിത്ര സമാചാറിന്റെ വായനക്കാരും നമ്മുടെ ധർമ്മചിന്തകളിലെ ഏറ്റവും അരുമയായ "**ലളിത ജീവിത ശൈലിയെ**" കുറിച്ചു ചിന്തിക്കുന്നു.

**ലളിത ജീവിത ശൈലി എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?** ആഡംബരമില്ലാതെ ജീവിക്കുന്ന രീതിയാണിത് - അനാവശ്യമായ സ്വത്തുകൾ കുറയ്ക്കുക, സൃഷ്ടിയുമായി യോജിച്ചു ജീവിക്കുക, ദൈവം നൽകിത്തരുന്നതിൽ സംതൃപ്തരായിരിക്കുക. FMPB യെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായും ശുശ്രൂഷ രംഗത്തും ആത്യാവശ്യ കാര്യങ്ങൾ മാത്രം കണക്കിലെടുത്തു ജീവിക്കുക എന്നത് ഒരു സമർപ്പണമാണ്. നമ്മെ നയിക്കുന്ന വേദവചനം ഇതാകുന്നു:

**“എന്നാൽ സംതൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ ലാഭമാണ്”** (1 തിമൊ.6:6 ഇംഗ്ലീഷിൽ നിന്നുള്ള സ്വതന്ത്ര പരിഭാഷ)

ഇതു ഗ്രഹിക്കുന്നതിനു വേദപുസ്തകത്തിൽ ലളിത ജീവിതം നയിക്കുകയും ദൈവീക പദ്ധതി പൂർത്തീകരിക്കുകയും ചെയ്ത മൂന്നു വ്യക്തികളുടെ ഉദാഹരണങ്ങൾ അതേ പാത പിന്തുടർന്ന സമകാലിക മിഷനറി സാക്ഷ്യങ്ങളോടൊപ്പം പഠിക്കാം.

## ദൈവം തിരഞ്ഞെടുത്ത ജനത്തിന്റെ രൂപാന്തരീകരണത്തിൽ ലളിത ജീവിതം

ആഹാബ് രാജാവ് യിസ്രായേൽ ജനത്തെ ആഴമായ പാപത്തിലേക്കു നയിച്ചു. - ഇസബേലിനെ വിവാഹം ചെയ്തു, ബാലിനെ സേവിച്ചു, ബാലിനു ബലിപീഠങ്ങൾ നിർമ്മിച്ചു, ദൈവത്തിന്റെ പ്രവാചകന്മാരെ പിടിപ്പിച്ചു (1 രാജാ.16:30-33; 18:4,13,19). ബാലിനെ ആരാധിക്കണമോ കർത്താവിനോ ആരാധിക്കണമോ

എന്നതിൽ ജനം ആശയകുഴപ്പത്തിലായി (18:21).

ആഹാബ് രാജാവ് സീദോന്യ രാജാവിന്റെ മകളായ ഇസബേലിനെ വിവാഹം കഴിച്ചതു മാത്രമല്ല അവന്റെ ഭാര്യയുടെ ആളുകൾ ആരാധിക്കുന്നതായ ബാലിനെ സേവിക്കുകയും ചെയ്തു. അവൻ ശമര്യയിൽ ബാലിനു ക്ഷേത്രം പണിതു അവിടെ ബാലിനു ബലിപീഠം പണിയുകയും ചെയ്തു. (1 രാജാ.16: 30-32). ഇതു കൂടാതെ അശേരാ പ്രതിഷ്ഠയെയും ഉണ്ടാക്കി ആഹാബ് ദൈവത്തെ പ്രകോപിപ്പിച്ചു (16:33). ബാലിന്റെ 450 പ്രവാചകന്മാർക്കും അശേരയുടെ 400 പ്രവാചകന്മാർക്കും ക്ഷാമകാലത്തു ഭക്ഷണം നൽകി പോറ്റി പുലർത്തിയിരുന്നു (18:19). ഇതു മാത്രമല്ല ഇസബേൽ യഹോവയുടെ പ്രവാചകന്മാരെ കൊന്നൊടുക്കിയിരുന്നു (18:4,13). യിസ്രായേൽ ജനം ഈ സമയത്ത് ധർമ്മ സങ്കടത്തിലായി. യഹോവയായ കർത്താവിനെ അനുഗമിക്കണോ ബാലിനെ പിൻപറ്റണമോ? ദീർഘകാലം ജനം രണ്ടു തോണിയിൽ കാലൂന്നി നിൽക്കുന്ന അവസ്ഥയിലായി (18:21). ഈ ആത്മീക പ്രതിസന്ധിയുടെ നടുവിൽ തന്റെ ജനത്തിനിടയിൽ ഉണർവ്വ് കൊണ്ടുവരുവാൻ ദൈവമായ കർത്താവ് തന്റെ ദാസനായ എലിയാവിനെ ശ്രദ്ധേയമായ രീതിയിൽ എടുത്തു ഉപയോഗിച്ചു. എന്തുകൊണ്ടാണ് നാം ഏലിയാവിനെ അത്ഭുതവാനായ പ്രവാചകൻ എന്നു വിളിക്കുന്നത്?

- ഏലിയാവ് സാരഫാത്തിലെ വിധവയുടെ ഭവനത്തിൽ പാർത്ത് അവളുടെ അവസാനത്തെ ഭക്ഷണത്തിന്റെ വീതം ഭക്ഷിച്ച് ദൈവത്തിന്റെ അത്ഭുതകരമായ കരുതലിനു സാക്ഷ്യം വഹിച്ചു (17:8-16).
- വിധവയുടെ മകൻ രോഗത്താൽ മരിച്ചപ്പോൾ ഏലിയാവ് മാളികമുറിയിൽ ബാലന്റെ ശരീരത്തിൽ കിടന്നു കൊണ്ട് നിരന്തരം പ്രാർത്ഥിച്ച് ബാലനു ജീവൻ നൽകി. ഒരു സമയത്ത് ഏലിയാവിനെ ചോദ്യം ചെയ്ത വിധവ ഏലിയാവ് ദൈവപുരുഷൻ ആണെന്നതിനു സാക്ഷ്യം വഹിച്ചു (17:17-24).
- കെരീത്ത തോട്ടിൽ ഒളിച്ചിരുന്നു കാക്ക കൊടുക്കുന്ന ഭക്ഷണവും തോട്ടിലെ വെള്ളവും കുടിച്ചു ജീവിച്ചു (17:36).
- ക്ഷാമ കാലത്തു വിധവയുടെ ഭവനത്തിൽ പാർത്ത് അവൾക്കായി ഒരുക്കി അവസാന ഭക്ഷണം കഴിച്ചു. ദൈവത്തിന്റെ കല്പന അനുസരിച്ചതിനാൽ അവളും അവളുടെ ഭവനത്തിലുള്ളവരും നശിച്ചു പോകാതെ ദൈവം അവരെ പോഷിപ്പിച്ചു (17:8-16).
- ദിവ്യമായ അധികാരത്തോടെ അവൻ രാജാവിന്റെയും രാജഭൃത്യന്മാരുടെയും മുമ്പിൽ ധൈര്യപൂർവ്വം നിന്നു (18:7-8; 19-20).
- അത്മീകജീവിതത്തിൽ തകർച്ച സംഭവിച്ച്, രണ്ടു അഭിപ്രായങ്ങളുടെ ഇടയിൽ ആടിയുലഞ്ഞു നിന്ന യിസ്രായേൽ ജനങ്ങളുടെ ഉണർവ്വും കള്ളപ്രവാചകന്മാരുടെ നാശവും ഇന്നത്തെ ശുശ്രൂഷകരുടെ ലളിത ജീവിതത്തിനും സഭയിലൂടെ പൂർത്തീകരിക്കേണ്ട ശുശ്രൂഷക്കും ഒരു മാതൃകയായിരിക്കണം (1 രാജാ 18:37-40).

ഏലിയാവിന്റെ ലളിത ജീവിതവും ദൈവത്തിലുള്ള ആശ്രയവും മറ്റുള്ളവരുടെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തി. ഒബദ്യാവ് 100 പ്രവാചകന്മാരെ ഗുഹകളിൽ പാർപ്പിച്ചു രക്ഷിച്ചു (18:4). സാരാഫാത്തിലെ വിധവ തന്റെ കൈവശമുള്ളത് ദൈവ ദാസനുമായി പങ്കുവെച്ചു.

FMPB യുടെ ചരിത്രത്തിൽ **പി. ഡി പാണ്ടിയനെ** പോലെയുള്ള നേതാക്കന്മാർ ഇതേ ആവേശത്തെ പിന്തുടർന്നു. ഭാര്യയും നാലു കുട്ടികളുമായി കുറഞ്ഞ ശമ്പളത്തിൽ ജീവിക്കുന്നു. രണ്ടാം തരം ചന്തയിൽ നിന്നും വിലകുറഞ്ഞ വസ്ത്രങ്ങൾ വാങ്ങി. അദ്ദേഹം ഇപ്പോഴും വിശ്വസ്തതയോടെ 12 മിഷനറിമാരെ സ്പോൺസർ ചെയ്യുന്നു. ദൈവീക ലാളത്യത്തിന്റെ തിളങ്ങുന്ന ഉദാഹരണമാണ് ഇദ്ദേഹത്തിന്റെ ജീവിതം.

### പരീശന്മാരുടെയും യഹൂദ പാരമ്പര്യവാദികളുടെയും രൂപാന്തരീകരണത്തിൽ ലളിത ജീവിതം:-

ക്രിസ്തുവിന്റെ കഷ്ടത, മരണം, പുനരുത്ഥാനം, തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായത് ദൈവത്തിന്റെ സാർവ്വത്രിക രക്ഷാ പദ്ധതിയെ സ്ഥിരീകരിച്ചു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം വീണ്ടെടുക്കപ്പെട്ടവരുടെ ഇടയിൽ ഒരു പുതിയ ഐക്യത്തിനു തുടക്കമിട്ടു. പെന്തക്കോസ്തു നാളിൽ അപ്പോസ്തലന്മാർ പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി കർത്താവിന്റെ മഹാനിയോഗം പൂർത്തീകരിക്കുവാൻ മുഴുമനസ്സോടെ തങ്ങളെ സമർപ്പിച്ചു. (അ.പ്ര.1:8).

യേശുക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന് പ്രധാന അപ്പോസ്തലന്മാരായ പത്രോസും യോഹന്നാനും സുവിശേഷം പ്രസംഗിക്കുകന്നതിലൂടെ ഈ ശുശ്രൂഷ ഏറ്റെടുത്തു (അ.പ്ര. 2:13-42; 3:12-26; 4:8-13; 5:19-21; 10:27-48). പ്രശ്നങ്ങൾ പരിഹരിച്ചു, പാപത്തിൽ നിന്നും സ്വാതന്ത്ര്യം നൽകി (അ.പ്ര,2:37-38) പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ നൽകി, രോഗികളെ സൗഖ്യമാക്കി (അ.പ്ര. 3:6-8; 5:14-16; 9:32,34). മരണത്തിൽ നിന്നു പോലും വിടുതൽ നൽകി (അ.പ്ര.(9:40-41).

തത്ഫലമായി ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾക്കു നന്ദിയുള്ളവരായി വിശ്വാസികൾ തങ്ങളുടെ വസ്തുവകകൾ വിറ്റു അപ്പൊസ്തലന്മാരുടെ കാൽക്കൽ സമർപ്പിച്ചു (അ.പ്ര.2:45; 4:34-37). സമൃദ്ധമായ ഈ അനുഗ്രഹങ്ങളുടെ മദ്ധ്യത്തിലും അപ്പൊസ്തലന്മാരുടെ ലളിത ജീവിത ശൈലി ഈക്കാലത്ത് ശക്തമായ ഉദാഹരണമാകുന്നു.

എപ്രകാരം നമുക്ക് ലളിത ജീവിത ശൈലി തിരിച്ചറിയാം? അല്ലെങ്കിൽ അളക്കാം? അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

- വ്യക്തിപരമായ നേട്ടം ലക്ഷ്യമാക്കാതെ പൊതു നന്മക്കായി പ്രവർത്തിക്കുക. - “വെള്ളിയും പൊന്നും എനിക്കില്ല” (അ.പ്ര.3:6).
- ക്രിസ്തുവിനെ അവരുടെ ഏക സമ്പത്തായി കരുതുക - “എനിക്കുള്ളതു നിനക്കു തരുന്നു; നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക” (അ.പ്ര. 3:6). “ഞാൻ തന്നേ നിന്റെ ഓഹരിയും അവകാശവും ആകുന്നു” എന്ന വഗ്ദത്തത്തിന്റെ പ്രതിഫലനം ആകുന്നു.
- സ്തോത്രകാഴ്ചകൾ വ്യക്തിഗതമായ സുരക്ഷിതത്തിനായി ഉപയേഗിക്കുന്നതിനെ നിരസിച്ചു. താമസ സൗകര്യത്തിനായി വിശ്വാസികൾ നൽകിയ പണം ഉപയോഗിക്കാതെ അവർ തങ്ങളെ തന്നെ അന്യരും പരദേശികളുമായി എണ്ണിക്കൊണ്ട് സഹകാരികളുടെ വീടുകളിൽ പാർത്തു വേല ചെയ്തു (അ.പ്ര.1:13; 4:23; 9:32-43; 10:25,48; 12:12; 1 പത്രൊ. 1:2,17).
- വിഭവങ്ങൾ മറ്റുള്ളവരുടെ നന്മക്കായി ഉപയോഗിക്കുക - അപ്പൊസ്തലന്മാരുടെ കാൽക്കൽ

വെച്ച സമ്പത്ത് അവരുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി ചരതിച്ചു വെക്കാതെ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനായി ചിലവഴിച്ചു.

- മുന്നു പ്രധാന സവിശേഷതകളാൽ അടയാളപ്പെടുത്തിയ ആത്മനിറവുള്ള ഒരു പുതു സമൂഹത്തെ വാർത്തെടുത്തു.

- **കളങ്കമില്ലാത്ത ഒരു സമൂഹം** (അ.പ്ര.2:37–42; 9:35,42; 10:43–48).
- ആർക്കും ഒന്നിനും കുറവുകളില്ലാത്ത **ന്യൂനതകളില്ലാത്ത ഒരു സമൂഹം** (അ.പ്ര.2:4445;4:34–35).
- ദരിദ്രരുമായി ഭൗതിക നന്മകൾ പങ്കുവെക്കുകയും രോഗികളെ സൗഖ്യദായകനായ യേശുവിന്റെ അടുക്കൽ എത്തിക്കുകയും ചെയ്യുന്ന **കരുണ്യമുള്ള ഒരു സമൂഹം** (അ.പ്ര.5:1416; 9:38–41).

ഇതേ പോലെ FMPB യുടെ പ്രവർത്തനത്താൽ പുനർജ്ജീവിപ്പിക്കപ്പെട്ട – കളങ്കമില്ലാത്ത, ഐക്യതയുള്ള, കാരുണ്യമുള്ള – സമൂഹങ്ങൾ ലളിത ജീവിത ശൈലിയുടെ ജീവനുള്ള സാക്ഷ്യകളായി നിലകൊള്ളുന്നു. അവർ അവരുടെ സമ്പത്തുകൾ പങ്കുവെക്കുന്നു, ത്യാഗോജ്ജ്വലമായി ജീവിക്കുന്നു, ക്രിസ്തുവിൽ പരസ്പരം കൈത്താങ്ങൽ കൊടുക്കുന്നു.

*ചരിത്രം ഇത്തരത്തിലുള്ള ധാരാളം ഉദാഹരണങ്ങൾ നൽകുന്നു:*

- ധർമ്മപുരി, കൃഷ്ണഗിരി ജില്ലകളിലെ ഉണർവ്വിന്നു അടിസ്ഥാനമിട്ട ആദ്യകാല മിഷനറിമാരായ **ശ്രീ. ഹാരീസ് ഹിൽട്ടണും ശ്രീ. ഈശോയും അവരുടെ കുടുംബങ്ങളും** അവരുടെ ലളിത ജീവിത ശൈലിയിൽ എന്നു ഓർമ്മിക്കപ്പെടും.
- ഉത്തർപ്രദേശിലെ **ഗോണ്ട മിഷൻ വയൽ** ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ സെന്റർ ആയിരുന്നു. പിന്നീട് അത് മിഷനറി പരിശീലന കേന്ദ്രമായി തീർന്നു. ഇന്ന് അത് വിശ്വാസികളുടെ മക്കൾക്കു വിദ്യാഭ്യാസം നൽകുന്ന ബാലഭവനമാകുന്നു. ഇതിന്റെ പൈതൃകം ഡോ. ഗ്രീവ്സിന്റെ ലളിത ജീവിതശൈലിയുടെ സാക്ഷ്യമാണ്.
- ഗുജറാത്തിലെ **കുക്ന, വാർളി,** ജാർഖണ്ഡിലെ **മാൾട്ടോ, സാന്താൾ** പോലെയുള്ള ഇന്ത്യയിലൂടനീളമുള്ള ഏകദേശം 300 ജാതിക്കൂട്ടങ്ങൾ FMPB യുടെ ലളിത ജീവിതശൈലിയുടെ സാക്ഷ്യമായി ചരിത്രത്തിൽ നിലകൊള്ളുന്നു.

### ജാതികളെ രൂപാന്തിരപ്പെടുത്തുന്നതിൽ ലളിത ജീവിത ശൈലി – പൗലൊസ്, ബർന്നബാസ്

പൗലൊസിനെയും ബർന്നബാസിനെയും അന്ത്യൊക്യ സഭയുടെ പ്രതിനിധികളായി ഇതര സംസ്കാരമുള്ളവരുടെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി പരിശുദ്ധാത്മാവ് വിളിച്ചു. അതിനനുസരിച്ച് അന്ത്യൊക്യ സഭ അവരെ പ്രാർത്ഥിച്ച് അയച്ചു (അ.പ്ര.13:1–4).

ജീവിതത്തിലും ശുശ്രൂഷയിലും അവർ യേശുവിന്റെ മാതൃക പിന്തുടർന്നു – സുവിശേഷം പ്രസംഗിച്ചു (അ.പ്ര.13:5, 14–43; 14:1, 21–22), മനുഷ്യരുടെ പ്രശ്നങ്ങൾ അവർ പരിഹരിച്ചു: മുടന്തരെ സൗഖ്യമാക്കി അ.പ്ര.14:8–10). പൈശാചിക ബന്ധനത്തിലുള്ളവരെ വിടുവിച്ചു (അ.പ്ര.16:16–18). രോഗികളെ സൗഖ്യമാക്കി (അ.പ്ര.19:11–12). മരിച്ചവരെ ഉയർപ്പിച്ചു (അ.പ്ര.20:9–12).

ഈ അത്ഭുതം പ്രവർത്തിക്കുന്ന അപ്പൊസ്തലന്മാരായ പൗലൊസിന്റെയും ബർന്നബാസിന്റെയും ലളിത ജീവിതം ആധുനിക ക്രിസ്ത്യാനികളുടെ ജീവിതങ്ങളോടു തുടർന്നും സംസാരിക്കുന്നു.

- **മറ്റുള്ളവർക്കു ഭാരമാകാതെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി ദൈവം നൽകിയ താലന്തുകളെ ഉപയോഗിക്കുന്നു.** ശബത്തു നാളുകളിൽ ദൈവവേല ചെയ്യുന്നതിനു സമർപ്പിച്ചു കൊണ്ട് പൗലൊസ് കൂടാരപണിയിലൂടെ തന്റെ ഉപജീവനം കണ്ടെത്തി (അ.പ്ര.18:1-5; 1 കൊരി. 9:18). പ്രതികൂലത്തിന്റെയും പീഡനത്തിന്റെയും സമർദ്ദത്തിന്റെയും ഇന്നത്തെ പശ്ചാത്തലത്തിൽ ക്രിസ്തീയ ഉദ്യോഗസ്ഥർ ലളിത ജീവിത ശൈലി നയിച്ച് തങ്ങളുടെ വിഭവങ്ങൾ സംഭരിച്ച് അവരുടെ കഴിവുകൾ ഉപയോഗിച്ചു അധിക ചിലവുകൾ ഇല്ലാതെ ദൈവത്തെ സേവിക്കുന്നതിനായി പ്രോത്സാഹിപ്പിക്കണം. ചില ആളുകൾ തങ്ങളുടെ സർക്കാർ സ്ഥാപനങ്ങളിലോ സ്വകാര്യ സ്ഥാപനങ്ങളിലോ ജോലി ചെയ്തു കൊണ്ടു അവരുടെ ശുശ്രൂഷ തുടരുന്നു. അവരുടെ ലളിത ജീവിത ശൈലി ഇതര സംസ്കാരത്തിലുള്ള ആളുകളെ നേടി ദൈവീക പദ്ധതി പൂർത്തീകരിക്കുന്നു.
- **കഷ്ടതയും പോരായ്മകളും സഹനങ്ങളും ലളിത ജീവിതത്തിന്റെ വിശുദ്ധ പ്രകടനങ്ങളായി ചേർത്തു പിടിക്കുന്നു.** കഷ്ടത സഹിക്കുന്നതിനും പിറുപിറുപ്പു കൂടാതെ ഉള്ള അവസ്ഥയിൽ സംതൃപ്തിയോടെയിരിക്കുവാനുമുള്ള പൗലൊസിന്റെ സന്മനസ്സ് ദൈവീക ലാളിത്യത്തിന്റെ മാതൃകയാകുന്നു (ഫിലി.4:11-14).
- **ചെറിയ പിന്തുണയിൽ സംതൃപ്തി** - സുവിശേഷത്തിന്റെ പങ്കാളികളിൽ നിന്നുള്ള ചെറിയ സഹായത്തിനു പോലും നന്ദിയറിക്കുന്നു (ഫിലി.4:15-18) ഇത് ലളിത ജീവിതത്തിന്റെ മറ്റൊരു വശത്തെ പ്രതിഫലിപ്പിക്കുന്നു.
- **സാമൂഹ്യവും ദൈവശാസ്ത്രപരവുമായ പദവികൾ ഉപേക്ഷിക്കുന്നു.** - പൗലൊസ് ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയുടെ വെളിച്ചത്തിൽ തന്റെ പിതൃ പാരമ്പര്യവും പദവികളും നേട്ടങ്ങളും എല്ലാം ക്രിസ്തുവിനു വേണ്ടി ചവറെന്നു കരുതി ഉപേക്ഷിക്കുവാൻ തയ്യാറാകുന്നു (ഫിലി.3:4-7). ജാതികളുടെയും ദരിദ്രരുടെയും ഇടയിലുള്ള അദ്ദേഹത്തിന്റെ ത്യാഗപൂർവ്വമായ സേവനം പ്രവർത്തനത്തിലെ ലാളിത്യത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാകുന്നു (ഗലാ.2:7-10).

ഇന്ന് ഈ ലളിത ജീവിത ശൈലി നമ്മുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ ദൈവമായ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ. ലാളിത്യത്തിന്റെ ഈ മൂന്നു മാതൃകകൾ - ദൈവം തിരഞ്ഞെടുത്ത സമൂഹത്തിലുള്ള ഏലിയാവ്, പാരമ്പര്യ വാദികളുടെ ഇടയിലുള്ള അപ്പൊസ്തലന്മാർ, ജാതികളുടെ ഇടയിലുള്ള പൗലൊസും ബർന്നബാസും നിലനിൽക്കുന്ന മാതൃകയായി നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു. ദേശത്തിന്റെ ഉണർവ്വിനായി നാം കഷ്ടപ്പാടിലൂടെ വില നൽകുന്നതു തുടരുമ്പോൾ ലളിത ജീവിതം നയിക്കുവാൻ പ്രതിജ്ഞാബദ്ധരാകാം. നമ്മുടെ താലന്തുകളും വിഭവങ്ങളും ഉപയോഗിച്ച് ദരിദ്രർ സ്വാതന്ത്ര്യം കണ്ടെത്തുന്ന ,പാർശ്വവൽക്കരിക്കപ്പെട്ടവർ അന്തസ്സുള്ളവരാകുന്ന, രോഗികൾ യേശുവിന്റെ നാമത്തിൽ സൗഖ്യം പ്രാപിക്കുന്ന ഒരു കാരുണ്യ സമൂഹത്തെ നമുക്കു കെട്ടിപ്പെടുക്കുന്നതിനായി ലളിത ജീവിതം നയിക്കുവാൻ നമുക്കു സമർപ്പിതരാകാം. ദൈവത്തിന്റെ കൃപ നിങ്ങളോടു കൂടെയിരിക്കുമാറാകട്ടെ!

**റവ. എൻ ആശീർവാദം**
(FMPB റിട്ട. മിഷനറി)

## ന്യൂനപക്ഷ ഭാഷയിലേക്കുള്ള വേദപുസ്തക പരിഭാഷ

### ഭാഷകളുടെ ഉത്ഭവം

ഉല്പത്തി പതിനൊന്നാം അദ്ധ്യായം ഒന്നു മുതൽ ഒമ്പതുവരെയുള്ള തിരുവചനം അനുസരിച്ച് മനുഷ്യർക്കു വ്യത്യസ്ഥ ഭാഷകളെ കുറിച്ചുള്ള അറിവ് ദൈവീകമായി നൽകപ്പെട്ടു എന്നു കാണുവാൻ സാധിക്കും. പ്രകൃതിയിലെ ശബ്ദങ്ങളെ അനുകരിച്ചു കൊണ്ടു മനുഷ്യർ സംസാരശേഷി നേടിയെടുത്തതോടു കൂടെയാണ് ഭാഷ ലളിത രൂപങ്ങളിൽ നിന്ന് സങ്കീർണ്ണരൂപങ്ങളിലേക്കു പരിണമിച്ചതെന്നു ലൗകീക ഭാഷ ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. ഇതു കൂടാതെ മറ്റു ചില സിദ്ധാന്തങ്ങളും ഉണ്ട്. എന്നിരുന്നാലും ഭാഷയുടെ ശബ്ദശാസ്ത്രം, രൂപഘടന, വ്യാകരണം, വാക്യഘടന എന്നിവയുടെ സൂഷ്മമായ വിശകലനം പ്രാകൃത വംശീയ വിഭാഗങ്ങളുടെ ഭാഷകൾ, വികസിത ആധുനിക സമൂഹങ്ങളുടെ ഭാഷകളേക്കാൾ ഭാഷപരമായി കൂടുതൽ സങ്കീർണ്ണമാണെന്നു കാണിക്കുന്നു. മനുഷ്യ പരീക്ഷണങ്ങളിലൂടെയും പ്രകൃതിയിൽ കേൾക്കുന്ന ശബ്ദനുകരണത്തിലൂടെയും ഭാഷകൾ പരിണമിക്കുകയും വികസിക്കുകയും ചെയ്തിരുന്നുവെങ്കിൽ പ്രാകൃത സമൂഹങ്ങൾക്ക് ശബ്ദശാസ്ത്രം, രൂപഘടന, വ്യാകരണം, വാക്യഘടന എന്നിവയുടെ ഇത്രയും സങ്കീർണ്ണമായ രൂപങ്ങളും ശൈലികളും കൊണ്ടുവരുവാൻ കഴിയുമായിരുന്നില്ല എന്നത് ഇതു കാണിക്കുന്നു. അതുകൊണ്ട് വേദപുസ്തക വിവിരണം ഒരു യക്ഷിക്കഥയല്ല മറിച്ച് ഭാഷകളുടെ ഉത്ഭവത്തെ കുറിച്ചുള്ള വിശ്വസനീയമായ വിശദീകരണമാകുന്നു. മുൻ നിര ഭാഷാ ശാസ്ത്രജ്ഞനും നിരീശ്വരവാദിയുമായ നോം ചോസ്കി വിശ്വസിക്കുന്നത്, എല്ലാ ഭാഷകൾക്കുമുള്ള സാർവ്വത്രീകമായ വ്യാകരണ നിയമങ്ങളെക്കുറിച്ചുള്ള സ്വതസിദ്ധമായ ധാരണയോടെയാണ് നാം ജനിച്ചിരിക്കുന്നതെന്നും അതുകൊണ്ട് സംസാരശേഷി മനുഷ്യ വർഗ്ഗത്തിനു മാത്രമുള്ളതാകുന്നു.

### ഭാഷകളിൽ സമ്പന്നമായ വൈവിധ്യം

നമ്മുടെ മുഖഭാവങ്ങളിലെ വ്യത്യാസം, നമ്മുടെ കൈ രേഖകൾ, വിവിധ തരത്തിലുള്ള മൃഗങ്ങൾ, സസ്യങ്ങൾ, പ്രാണികൾ എന്നിങ്ങനെ ദൈവത്തിന്റെ സൃഷ്ടിയിലുള്ള സമ്പന്നമായ വൈവിധ്യത്തെ നാം ആഘോഷിക്കുന്നു. ലോകമെമ്പാടും ആയിരക്കണക്കിനു ഭാഷകൾ സംസാരിക്കുന്നുണ്ടെന്നു നാം മറക്കരുത്. ഏറ്റവും കൂടുതൽ ഭാഷകൾ സംസാരിക്കുന്ന രാജ്യം പപുവ ന്യൂ ഗിനിയ ആണ്. അവിടെ ചെറുതും വലുതമായ ഗോത്ര സമൂഹങ്ങൾ സംസാരിക്കുന്ന 840 ഭാഷകളുണ്ടെന്നു കണക്കാക്കപ്പെടുന്നു. ഭാഷാ വൈവിധ്യത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നത് ഇന്തോന്യേഷയാണ്. അവിടെ ഏകദേശം 711 ഭാഷകൾ ഉണ്ട്. തൊട്ടു പിന്നിൽ 517 ഭാഷകൾ സംസാരിക്കുന്ന നൈജീരിയ നിൽക്കുന്നു. ഭാഷാ വൈവിധ്യമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്താണ് ഏകദേശം 453 ഭാഷകൾ. 2001 ലെ സെൻസസിൻ പ്രകാരം ഇന്ത്യയിൽ 356 ഭാഷകളുണ്ട് അതിൽ 22 ഭാഷകൾ എട്ടാം ഷെഡ്യൂളിൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2001 ലെ സെൻസസ് പ്രകാരം അംഗീകരിച്ച 356 ഭാഷകളിൽ 10,000 ത്തിൽ

താഴെ ജനസംഖ്യയുള്ള സമൂഹങ്ങൾ സംസാരിക്കുന്ന ഭാഷ ഉൾപ്പെടുന്നില്ല. ഇതു സൂചിപ്പിക്കുന്നത് ചെറിയ ഗോത്ര സമൂഹങ്ങൾ സംസാരിക്കുന്ന ഭാഷകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നാണ്. 1961 ലെ സെൻസസിൻ പ്രകാരം ഇന്ത്യയിൽ സംസാരിക്കുന്ന ഭാഷകളുടെ എണ്ണം 1652 ആയിരുന്നു. ഇതിൽ ചെറിയ ഗോത്ര സമൂഹങ്ങൾ സംസാരിക്കുന്ന ഭാഷകളും സാങ്കേതികമായി പ്രത്യേക ഭാഷകളായി തരംതിരിക്കുവാൻ കഴിയാത്ത പ്രാദേശിക ഭാഷകളും ഉൾപ്പെടുന്നു. ഒരു ഭാഷ ഒന്നിലധികം പേരുകളിൽ അറിയപ്പെടുന്ന സന്ദർഭങ്ങളിൽ ഇരട്ടിപ്പ് ഉണ്ടാകുവാനുള്ള സാധ്യതയും ഉണ്ട്. ദൈവത്തിന്റെ സൃഷ്ടിയുടെ വൈവിധ്യമാണ് ലോകത്തെ കൂടുതൽ രസകരവും മനോഹരവും ആക്കുന്നത്. സസ്യജന്തുജാലങ്ങളുടെ വൈവിധ്യം വളരെ സമ്പന്നമായതിനാൽ ശാസ്ത്രജ്ഞർക്ക് ഇപ്പോഴും എണ്ണമറ്റ പ്രാണികളെയും ചെറു മൃഗങ്ങളെയും സസ്യങ്ങളെയും രേഖപ്പെടുത്തി തീർക്കുവാൻ കഴിഞ്ഞിട്ടില്ല. അവയിൽ ഒന്നിനു വംശനാശ ഭീഷണി നേരിട്ടാൽ അതിനെ സംരക്ഷിക്കുന്നതിനു ശാസ്ത്രജ്ഞരും സർക്കാരുകളും അധിക ശ്രദ്ധ കൊടുക്കുന്നു. അതുപോലെ ഭാഷാ വൈവിധ്യവും സംരക്ഷിക്കേണ്ടതുണ്ട്. കാരണം ഒരു സമൂഹത്തിനു അതിന്റെ സാംസ്കാരികവും സാമൂഹികവും ചരിത്രപരവുമായ സ്വത്വം നൽകുന്നത് പ്രധാനമായും ഭാഷയാണ്.

## ന്യൂനപക്ഷ ഭാഷകൾ ഉടൻ അപ്രത്യക്ഷമാകുമെന്ന വാദം

താരതമ്യേന കുറഞ്ഞ എണ്ണം ആളുകൾ സംസാരിക്കുന്ന ന്യൂനപക്ഷ ഭാഷകളിലേക്കു വേദപുസ്തകം വിവർത്തനം ചെയ്യേണ്ടതിന്റെ ആവശ്യകതക്കെതിരായുള്ള വാദം സൂചിപ്പിക്കുന്നത് ഈ ഭാഷകൾ താമസിയാതെ ഭൂരിപക്ഷം ആളുകൾ സംസാരിക്കുന്ന കൂടുതൽ പ്രബലമായ ഭാഷകൾക്കു വഴിമാറുമെന്നാണ്. എന്നിരുന്നാലും തലമുറകളായി ഇന്ത്യക്കുള്ളിൽ തങ്ങളുടെ യഥാർത്ഥ ജന്മഭൂമിയിൽ നിന്നു അകന്നു അകലെ ജീവിക്കുന്ന ഭൂരിപക്ഷം ജനങ്ങളുടെയും സംസ്കാരവും ഭാഷയും സ്വാംശീകരിച്ച ചെറിയ പ്രവാസികൾ പോലും അവരുടെ മാതൃഭാഷ മരിക്കുവാൻ അനുവദിക്കാത്തത്, അവർക്കിടയിലുള്ള ശക്തമായ സാംസ്കാരിക കുടുംബ ബന്ധം മൂലമാണെന്നതാണ് വസ്തുത. കഴിഞ്ഞ 100 വർഷത്തിനിടയിൽ എത്ര ചെറിയ ജനസംഖ്യ സംസാരിക്കുന്നതാണെങ്കിലും അപ്രത്യക്ഷമായ ഒരു ഭാഷയെ കുറിച്ചു ചിന്തിക്കുവാൻ പോലും കഴിയില്ല. അതുകൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ ഭാഷകൾ നശിച്ചു പോകുന്നത് ഒരു മാനദണ്ഡമല്ല മറിച്ച് ഒരു അപവാദമാണ്.

## പ്രാവിണ്യനിലവാരം: മാതൃഭാഷയും രണ്ടാം ഭാഷയും

ഒരാൾ സ്വന്തം മാതൃഭാഷ സംസാരിച്ചു വളരുമ്പോൾ കൂടുതൽ ആളുകൾ സംസാരിക്കുന്ന വിശാലമായ ആശയ വിനിമയ ഭാഷയേക്കാൾ, അയാൾ അല്ലെങ്കിൽ അവൾ പഠിക്കുന്ന രണ്ടാം ഭാഷയെക്കാൾ അധികം അയാൾക്ക് അല്ലെങ്കിൽ അവൾക്ക് മാതൃഭാഷ സംസാരിക്കുന്നതിനും മനസ്സിലാക്കുന്നതിന ും കൂടുതൽ കഴിവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഹരിയാന സ്വദേശികൾ സംസാരിക്കുന്ന ഭാഷയാണ് ഹരിയാൻവി, ഭാഷാപരമായി ഇത് ഹിന്ദിയോടു വളരെ അടുത്ത ഭാഷയാണ്. മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഹരിയാന സംസ്ഥാനത്തിന് സാക്ഷരത നിരക്ക് കടുതലാണ്. സാക്ഷരരായ ആളുകൾക്ക് ഹിന്ദിയും ഹരിയാൻവിയും സംസാരിക്കുവാൻ കഴിയും. ഹരിയാനയിൽ 30 വർഷത്തിലധികമായി താമസിക്കുന്ന ഞാൻ വിദ്യാസമ്പന്നരായ ആളുകൾ പോലും

ഹിന്ദിയെക്കാൾ ആത്മവിശ്വാസത്തോടും ഒഴുക്കോടും കൂടെ ഹരിയാൻവി സംസാരിക്കുന്നത് ഞാൻ വീക്ഷിച്ചിട്ടുണ്ട്. 11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ അവരുടെ വാർഷീക ചടങ്ങിനായി ഹിന്ദിയിൽ ഒരു നാടകം അവതരിപ്പിക്കുമ്പോൾ, അവർ തങ്ങളുടെ ഭാഗങ്ങൾ മനപാഠംമാക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്, വേദിയിൽ അവതരിപ്പിക്കുമ്പോൾ അതു പ്രകടമാകും. അതേ സമയം ഇതേ ക്ലാസ്സിലെ കുട്ടികൾ ഹരിയാൻവിയിൽ ഒരു നാടകം അവതരിപ്പിക്കുമ്പോൾ അവർ അവരുടെ സംഭാഷണങ്ങൾ വളരെ ആത്മവിശ്വാസത്തോടെയും സ്വഭാവികതയോടെയും അവതരിപ്പിക്കുന്നു, അവർ തിരക്കഥയിലുള്ളതിനോടു കൂടെ ചിലതു കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. വിശാലമായ ആശയ വിനിമയത്തിന്റെ ഭാഷയിൽ പ്രാവണ്യമുള്ളവരായി സംസാരിക്കുന്നവരെ നാം പരിഗണിക്കുമ്പോൾ അവരുടെ മാതൃഭാഷയിൽ നന്നായി മനസ്സിലാക്കുവാൻ കഴിയുന്ന അമൂർത്തമായ ആശയങ്ങളും അർത്ഥത്തിലെ സൂക്ഷ്മതകളും മനസ്സിലാക്കാൻ പര്യാപ്തമല്ലാത്ത ഭാഷയെക്കുറിച്ചുള്ള പ്രായാഗിക പരിജ്ഞാനം മാത്രമേ അവർക്കു ഉണ്ടായിരിക്കു എന്ന് ഇതു തെളിയിക്കുന്നു.

## ആഘാത ഘടകം : മാതൃഭാഷയും രണ്ടാം ഭാഷയും

ന്യൂനപക്ഷ ഭാഷക്കുള്ളതു പോലെ വിശാലമായ ആശയവിനിമയ ഭാഷക്കും പ്രാവണ്യമുണ്ടെന്നു സമ്മതിക്കുമ്പോൾ തന്നെ മാതൃഭാഷയുടെ വൈകാരികമായ സ്വാധീനവും ആകർഷണവും രണ്ടാം ഭാഷക്കു തുല്യമാകയില്ല. പ്രവൃത്തികളുടെ പുസ്തകം 21 -ാം അദ്ധ്യായത്തിൽ ദൈവാലയം അശുദ്ധമാക്കിയെന്ന ആരോപണത്തിൽ പൗലൊസിനെ അറസ്റ്റു ചെയ്യുകയും പൗലൊസിനെതിരെ ജനക്കൂട്ടം കലാപം ഉണ്ടാക്കുകയും ചെയ്യുന്നു. പ്രവൃത്തികൾ 22:2 ൽ പൗലൊസ് അരാമിക് ഭാഷയിൽ അവരോടു സംസാരിക്കുന്നു. പൗലൊസ് ഗ്രീക്കു ഭാഷയിൽ സംസാരിച്ചാൽ ജനക്കൂട്ടത്തിനു മനസ്സിലാകും എന്നാൽ പൗലൊസ് അവരുടെ മാതൃഭാഷയിൽ സംസാരിക്കുന്നതു കേട്ടപ്പോൾ അവിടെയുണ്ടായ ബഹളം പെട്ടെന്നു ശാന്തമാകുകയും അവർ പൗലൊസിനെ ശ്രദ്ധിക്കുവാൻ തുടങ്ങി.

## സ്വത്വ ഘടകം

ആളുകൾക്ക് മതം, ദേശീയത, തൊഴിൽ. സമപ്രായക്കാരുടെ കൂട്ടം എന്നിങ്ങനെ പലവിധ സവിശേഷതകളുണ്ട്. ഒരു വ്യക്തിയെ സ്വന്ത കൂട്ടത്തിലുള്ള മറ്റൊരാളുമായി അടുപ്പിക്കുന്നത് ഈ സന്ദർഭത്തിൽ ഏറ്റവും നിർണ്ണായകമായ ഘടകം ആ വ്യക്തിയുടെ ഭാഷാപരമായ സ്വത്വമാണ്. സ്വന്ത ദേശത്തിന്റെ ഭൂമി ശാസ്ത്രപരമായ അതിർത്തിക്കപ്പുറത്തായിരിക്കുന്ന ഒരു വ്യക്തിക്ക് സ്വന്ത മാതൃഭാഷ സംസാരിക്കുന്ന മറ്റൊരാളുടെ കൂടെയാണ് അടുത്തതും ഏറ്റവും സുരക്ഷിതവുമായ അനുഭവം ഉണ്ടാകുന്നത്. ഒരിക്കൽ ഞാൻ ഹരിയാന സ്വദേശിയായ ഒരു മാന്യനോടു ഒരു ഹരിയാൻവി വ്യക്തി എന്ന നിലയിൽ തന്റെ സ്വത്വത്തിന്റെ ഏറ്റവും നിർണ്ണായകമായ ഘടകം എന്തെന്നു ഞാൻ ചോദിച്ചു. അത് അദ്ദേഹത്തിന്റെ ശാരീരിക സവിശേഷതകളാണോ, വസ്ത്രധാരണമാണോ, അല്ലെങ്കിൽ അദ്ദേഹം വരുന്ന ഗ്രാമമാണോ? ഒട്ടും അമാന്തിക്കാതെ മടികൂടാതെ അയാൾ പറഞ്ഞു എന്റെ ഭാഷ.

## വേദപുസ്തക വിവർത്തന പദ്ധതിയിലെ പ്രക്രീയകളുടെ ക്രമങ്ങൾ

ആദ്യനാളുകളിൽ വേദപുസ്തകം തർജ്ജിമ ചെയ്യുന്നതിനു പ്രതിജ്ഞബദ്ധരായ ഇതര സംസ്കാരത്തിലുള്ള വ്യക്തികൾ വേദപുസ്തക വിവർത്തനം ആവശ്യമുള്ള

ന്യൂനപക്ഷ ഭാഷ തിരഞ്ഞെടുത്ത് അത് സംസാരിക്കുന്ന സ്ഥലത്തേക്കു താമസം മാറ്റി, ആ ഭാഷ പഠിച്ച് പരിഭാഷ സഹായിയായി നിയമിക്കപ്പെടുന്ന ഒരു മാതൃഭാഷക്കാരന്റെ സഹായത്തോടെ വിവർത്തനം ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ സമീപനം ഇതര സംസ്കാരത്തിലുള്ള ഒരു വിവർത്തകൻ ചെയ്യുന്നതിനെക്കാൾ വേഗത്തിൽ വിവർത്തനം പൂർത്തീയാക്കുന്നതിനും വിവർത്തനം കൂടുതൽ സ്വഭാവികമായി തോന്നുന്നു എന്നു ഉറപ്പാക്കുന്നതിനും ആ ഭാഷ സംസാരിക്കുന്നവരെ വിവർത്തകരായി പരിശീലിപ്പിക്കുക എന്നതാണ്. ഇതര സംസ്കാരത്തിലുള്ള വിവർത്തകരെ നിയമിക്കുക അല്ലെങ്കിൽ മാതൃഭാഷ സംസാരിക്കുന്നവരെ പരിശീലിപ്പിച്ചു വിവർത്തകരാക്കുക ഈ രണ്ടു രീതിയിലും താഴെ പറയുന്ന നടപടി ക്രമങ്ങൾ ബാധകമാണ്.

## സാമൂഹിക ഭാഷ സർവേ

ഒരു പ്രത്യേക ഭാഷക്കു വിവർത്തനം ആവശ്യമുണ്ടോ എന്ന് തീരുമാനിക്കുന്നതിനു മുമ്പ് സാമൂഹിക ഭാഷ സർവേ എന്നറിയപ്പെടുന്ന ഒരു പഠനം ആവശ്യമാണ്. ഈ ഭാഷ സംസാരിക്കുന്ന ജനസംഖ്യയുടെ വലിപ്പം, അത് സംസാരിക്കുന്ന ഭൂമിശാസ്ത്രപരമായ പ്രദേശങ്ങൾ, ഭാഷയുടെ വിവിധ ഭാഷാഭേദങ്ങൾ, ആ ഭാഷ സംസാരിക്കുന്നവർക്ക് ആ പ്രദേശത്തെ ഭൂരിപക്ഷ ഭാഷയിൽ എത്രത്തോളം പ്രാവണ്യമുണ്ട്, ആ ഭാഷ സംസാരിക്കുന്ന മറ്റെല്ലാ ഭാഷാഭേദങ്ങൾക്കും സ്വീകാര്യമായ ഭാഷാഭേദം, ഈ ഭാഷാഭേദങ്ങൾ പരസ്പരം എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു, ആ ഭാഷയുടെ ഊർജ്ജസ്വലതയും സ്വസമൂഹത്തിലെ ആധിപത്യവും, പൊതു സമൂഹത്തിലെ ആധിപത്യം, മതപരമായ ആധിപത്യം, വിദ്യാഭ്യാസ മേഖലയിലെ ആധിപത്യം എന്നിങ്ങനെയുള്ള സ്വാധീനവും ഉപയോഗവും കണ്ടെത്തുക എന്നതാണ് ഈ സർവെയുടെ ലക്ഷ്യം. ഇതര സംസ്കാരത്തിലുള്ള ഒരാളാണ് വിവർത്തനം ചെയ്യുന്നതെങ്കിൽ അയാൾ അല്ലെങ്കിൽ അവൾ മൂന്നു മാസത്തെ അടിസ്ഥാന പഠനത്തിനു വിധേയനാകുന്നു. ഈ പഠനത്തിൽ ഭാഷയുടെ വ്യാകരണം, ശബ്ദ വ്യവസ്ഥ എന്നിവ സ്വര സൂചകമായി എങ്ങനെ രേഖപ്പെടുത്താമെന്നും വിശകലനം ചെയ്യാമെന്നു പഠിപ്പിക്കുകയും ഭാഷ പഠിക്കുന്നതിനുള്ള പ്രായോഗിക സങ്കേതിക വിദ്യകൾ അഭ്യസിപ്പിക്കുകയും ചെയ്യുന്നു. ഒരു മാതൃഭാഷക്കാരനാണ് വിവർത്തകനെങ്കിൽ അവനെ അല്ലെങ്കിൽ അവളെ ഭാഷയുടെ അക്ഷരമാലയിൽ ഏതൊക്കെ സ്വരാക്ഷരങ്ങളെയും വ്യഞ്ജനാക്ഷരങ്ങളെയും പ്രിതിനിധികരിക്കണമെന്നു നിർണ്ണയിക്കാൻ കഴിയുന്ന തരത്തിൽ ഭാഷയുടെ ശബ്ദ സംവിധാനം എങ്ങനെ പഠിക്കണമെന്നു അഭ്യസിപ്പിക്കുന്നു. അവൻ/അവൾ അടിസ്ഥാന വിവർത്തന തത്വങ്ങളിൽ പരിശീലനം തേടുന്നു.

## ആദ്യ രൂപരേഖ

വിവർത്തനത്തിനു മുമ്പുള്ള പ്രക്രീയ അതായത് സർവെയും പരിശീലനവും പൂർത്തീയാക്കി കഴിഞ്ഞാൽ വിവർത്തകൻ വിവർത്തനം ചെയ്യുവാൻ തിരഞ്ഞെടുത്ത പുതിയ നിയമ പുസ്തകത്തിന്റെ ആദ്യ കരട് തയ്യാറാക്കുവാൻ തുടങ്ങുന്നു. സാധാരണയായി വേദപുസ്തക ഉള്ളടക്കം പരിഭാഷപ്പെടുത്തുവാൻ തുടങ്ങുന്നതിനു മുമ്പ് വേദപുസ്തകത്തിലുള്ള വ്യാഖ്യാന കഥകൾ അടങ്ങിയ ലഘുലേഖകൾ വിവർത്തനം ചെയ്യപ്പെടുന്നു. ഉദാഹരണമായി ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യക്ക് വിവിധ വേദപുസ്തക കഥകൾ ഉൾക്കൊള്ളുന്ന ന്യൂ റീഡർ സീരസ് എന്ന പേരിൽ ചെറുപുസ്തക പരമ്പരയുണ്ട്. ഇവ വിവർത്തനം ചെയ്യുവാൻ

എളുപ്പമാണ്. തിരുവചനത്തിൽ എന്താണുള്ളതെന്നതിനു ഒരു മുന്നാസ്വാദനം നൽകുകയും ചെയ്യുന്നു. വേദപുസ്തക പുസ്തകങ്ങളുടെ വിവർത്തനം ആരംഭിക്കുന്നതിന് മുമ്പ് അഥവ ആദ്യ കരട് തയ്യാറാക്കുന്നതിനു മുമ്പ് പുസ്തകത്തിന്റെ രചയിതാവ് അറിയിക്കുവാൻ ശ്രമിക്കുന്ന അർത്ഥം വിവർത്തകൻ പഠിക്കുന്നു. ഇതിനെ വ്യാഖ്യാന പഠനം എന്നു വിളിക്കുന്നു. ഇതിനായി വിവർത്തകൻ വ്യാഖ്യാന പുസ്തകങ്ങളും മറ്റു വിവർത്തന സ്രോതസ്സുകളും ഉപയോഗിക്കുന്നു. അവ മുൻകാലങ്ങളിലെ വിവർത്തകരിൽ നിന്ന് കടമെടുത്തോ ലൈബ്രറിയിൽ നിന്നോ പഠിക്കുന്നു. ഇവ എല്ലാം ഇപ്പോൾ നമുക്കു ഇന്റർനെറ്റിൽ നിന്നു ലഭ്യമാണ്.

## പ്രാദേശിക ഭാഷ സംസാരിക്കുന്നവരുമായി പരിശോധിക്കുന്നു.

വിവർത്തനം ചെയ്ത കരട് രൂപം ആ ഭാഷ സംസാരിക്കുന്ന വ്യക്തിയോടൊപ്പം ഒരോ വാക്യവും പരിശോധിക്കുന്നു. വിവർത്തനം ചെയ്തതിന്റെ അർത്ഥം ശരിയായ വിധത്തിൽ മനസ്സിലായോ എന്നു ഉറപ്പു വരുത്തുന്നതിനും വിവർത്തനം മാതൃഭാഷയിൽ സ്വഭാവികമായ തോന്നുണ്ടെന്നു ഉറപ്പുവരുത്തുന്നതിനുമായി ഒരോ വാക്യവും പരിശോധനാ വിധേയമാക്കുന്നു. ആ ഭാഷ സംസാരിക്കുന്നവരുടെ സംസ്കാരത്തിൽ നിഷിദ്ധമായ ഘടകങ്ങൾ വിവർത്തനത്തിൽ ഉണ്ടോ എന്നു പരിശോധിക്കാനും ഇതു സഹായിക്കുന്നു. ആ സംസ്കാരത്തിൽ വിവർത്തനം അസ്വീകാര്യമാകുന്നില്ലെന്നതും ഇതു ഉറപ്പാക്കുന്നു. മാതൃഭാഷകൻ നൽകിയ അഭിപ്രായത്തിനും നിർദ്ദേശത്തിനും അനുസരിച്ച് ആദ്യ പരിഭാഷയിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നു. വിവർത്തകൻ ആ ഭാഷ സംസാരിക്കുന്ന ആളാണെങ്കിൽ പോലും ഈ പരിശോധന അനിവാര്യമാണ്. പരിഭാഷ പ്രവർത്തനത്തിലോ അതിന്റെ രൂപരേഖ തയ്യാറാക്കുന്നതിലോ ഉൾപ്പെടാത്ത വ്യക്തിയായിരിക്കണം പരിശോധിക്കുന്ന മാതൃഭാഷ സംസാരിക്കുന്ന വ്യക്തി.

## ശരിയാക്കിയ കരടു രൂപത്തെ തിരികെ പരിഭാഷപ്പെടുത്തുന്നു.

ഇനിയും തെറ്റുകൾ തിരുത്തിയ ഈ കരടു രൂപം ഈ ഭാഷ അറിയാത്ത ഒരു വിവർത്തന വിദഗ്ദന്റെ പരിശോധനക്കു വിധേയമാക്കേണ്ടതുണ്ട്. അതിനാൽ ഈ വിവർത്തനഉപദേശകനു വിവർത്തനം പരിശോധിക്കണമെങ്കിൽ ഇംഗ്ലീഷിലേക്കോ വിദഗ്ദനു അറിയാവുന്ന ഭാഷയിലേക്കോ ഇത് പദാനുപദം വിവർത്തനം ചെയ്യേണ്ടതുണ്ട്. നമ്മൾ വിവർത്തനം ചെയ്ത ഭാഷയിലുള്ള വേദപുസ്തകത്തിന്റെയോ പുസ്തകങ്ങളുടെയോ കരടു തയ്യാറാക്കുന്നതിൽ ഉൾപ്പെട്ടിട്ടില്ലാത്ത മാതൃഭാഷക്കാരന്റെ സാന്നിധ്യത്തിൽ ഈ ഭാഷാ വിദഗ്ദൻ ഈ വിവർത്തനം പരിശോധിക്കുന്നത് തിരിച്ചു പരിഭാഷപ്പെടുത്തിയതിലൂടെയാണ്.

## വിദഗ്ദ്ധോപദേശം നൽകുന്നവന്റെ പരിശോധന

വിദഗ്ദൻ തിരിച്ചു പരിഭാഷപ്പെടുത്തിയത് പരിശോധിച്ചു കഴിഞ്ഞാൽ അയാൾക്ക് അഭിമുഖ സംഭാഷണത്തിനായി വിളിക്കാം അല്ലെങ്കിൽ ഒരു വിഡീയോ കോൺഫ്രൻസിലൂടെ പരിശോധന നടത്താം. അല്ലെങ്കിൽ വിവർത്തകനോടു ഇവക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വഴി തന്റെ അഭിപ്രായങ്ങൾ, ചോദ്യങ്ങൾ, നിരീക്ഷണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ അയയ്ക്കാൻ പോലും തീരുമാനിച്ചേക്കാം. വിവർത്തകന് ഈ ഭാഷ ഉപദേശകന്റെ അഭിപ്രായങ്ങൾ സ്വീകരിക്കാം, അല്ലെങ്കിൽ അദ്ദേഹം വിവർത്തനം ചെയ്ത രീതിയെ ന്യായീകരിക്കുന്ന വിശദീകരണം നൽകാം. കൂടാതെ ഉപ

ദ്ദേശകന്റെ ചോദ്യങ്ങൾക്ക് മാതൃഭാഷകന്റെ പ്രതികരണം അറിയിക്കുകയും ചെയ്യാം. വിവർത്തകന്റെ പ്രതികരണത്തിൽ ഉപദേശകൻ തൃപ്തനാണെങ്കിൽ വിവർത്തനം പ്രസിദ്ധീകരിക്കുന്നതിനുള്ള അംഗീകാരം നൽകും. ഉപദേശകന്റെ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ പരിഭാഷകൻ വിവർത്തനം നവീകരിക്കുന്നു.

## അച്ചടിയും പ്രസിദ്ധീകരണവും

കൃപ, മാനസാന്തരം, രക്ഷ, അപ്പൊസ്തലന്മാർ തുടങ്ങിയ തിരുവെഴുത്തിലെ പ്രധാന പദങ്ങളുടെ വിവർത്തനവും അക്ഷരവിന്യാസത്തിലെ സ്ഥിരതയും പരിശോധിച്ചതിനുശേഷം വിവർത്തകൻ അന്തിമ കരട് രൂപം അച്ചടിക്കായി കൈമാറുന്നു. രണ്ടോ മൂന്നോ പ്രാവശ്യത്തെ അക്ഷരത്തെറ്റു പരിശോധനക്കും തിരത്തലുകൾക്കും പേജ് ക്രമീകരണത്തിനു ശേഷം പ്രസിദ്ധീകരണത്തിനു തയ്യാറാകുന്നു. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പോലെയുള്ള സ്ഥാപനങ്ങൾ അന്തിമ അംഗീകൃത വിവർത്തനം പ്രസിദ്ധീകരിക്കുന്നു.

## വിതരണവും തിരുവചനം വായക്കുന്നതിനു പ്രോത്സാഹനവും

വിവർത്തനം ചെയ്ത തിരുവെഴുത്തുകൾ ആ ഭാഷ സംസാരിക്കുന്നവർക്കിടയിൽ വിതരണം ചെയ്യുകയും സ്ഥാപിതമായ സഭകളിലെ വിശ്വാസികൾക്കിടയിൽ വേദപുസ്തകം പതിവായി ഉപയോഗിക്കുന്നതിനു പ്രോത്സാഹിപ്പിക്കുകയും വേണം. ഭാഷാ ഗ്രൂപ്പിലെ സാക്ഷരത നിലവാരം കുറവാണെങ്കിൽ ആളുകളെ വായിക്കുവാൻ പഠിപ്പിക്കുന്നതിനു വയോജന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കേണ്ടതുണ്. വിവർത്തനം ചെയ്ത ഈ തിരുവെഴുത്തുകളുടെ വിതരണം വിവർത്തക സംഘത്തിനു തനിയെ ചെയ്യുവാൻ കഴികയില്ല. ഇതിൽ പ്രാധന പങ്കുവഹിക്കുവാൻ കഴിയുന്ന സഭാ സ്ഥാപന സംഘങ്ങളോടു ചേർന്നു ചെയ്യാവുന്ന ഒരു സംയുക്ത സംരഭമാകുന്നു.

## വിവർത്തനം ചെയ്ത വേദപുസ്തകം മൾട്ടി മീഡിയ ഫോർമാറ്റുകളിൽ റിക്കേർഡ് ചെയ്യുന്നു.

അച്ചടിച്ച വേദപുസ്തകം ഇപ്പോൾ വീഡിയോ ഓഡിയോ ഫോർമാറ്റുകളിലേക്കു മാറ്റുന്നു. ഇതു കൂടുതൽ ആളുകൾക്കു സ്വീകാര്യമാകുന്നു. ഇപ്പോൾ അവരിൽ ഭൂരിഭാഗം ആളുകൾക്കും സ്മാർട്ട്ഫോണുകൾ ഉള്ളതിനാൽ വേദപുസ്തകം അവരുടെ സ്വന്ത ഭാഷയിൽ വായിക്കുന്നതിനും കേൾക്കുന്നതിനും സാധിക്കും. എഴുത്തും വായനയും അറിയാത്തവർക്കു പോലും ഇതു പ്രയോജനകരമാണ്.

## ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ വേദപുസ്തക പരിഭാഷ ശുശ്രൂഷ

നമ്മുടെ സംഘടനയിലൂടെ 14 ഭാഷകളിലേക്കു വേദപുസ്തകം വിവർത്തനം ചെയ്യപ്പെടുന്നു. ഇതുവരെയായി പത്തു ഭാഷകളിൽ പുതിയ നിയമം പരിഭാഷപ്പെടുത്തി. ഒരു ഭാഷയിൽ സമ്പൂർണ്ണ വേദപുസ്തകവും പരിഭാഷപ്പെടുത്തി. അഞ്ചു ഭാഷകളിൽ ഓഡിയോ വേദപുസ്തകം പ്രസിദ്ധീകരിച്ചു. മത്തായിയുടെ സുവിശേഷം കുറുക്സ് ഭാഷയിൽ വിഡിയോ ഫോർമാറ്റിൽ പ്രസിദ്ധീകരിച്ചു. വേദപുസ്തകം 20 ഭാഷകളിലേക്കു വിവർത്തനം ചെയ്യണമെന്ന ദർശനത്തോടെ പഠനങ്ങൾ നടന്നു കൊണ്ടിരിക്കയാണ്. **റവ. സുദർശൻ തോമസ് ജയരാജ്**

## നമ്മുടെ സംഘടനയിലെ വേദപുസ്തക പരിഭാഷകർ

| | മിഷനറിമാർ | ഭാഷ |
|---|---|---|
| 1. | ഡോ. റവ. ജോർജ്ജ് എഡ്വേർഡ് & ശ്രീമതി പ്രമീള | മാൾട്ടോ |
| 2. | ശ്രീ. ക്രിസ്റ്റോഫർ തോമസ് & ശ്രീമതി വസന്ത വെമ്പു | ചൗദരി |
| 3. | റവ. രാജേന്ദ്രൻ | വസാവി |
| 4. | ശ്രീമതി ദെബോര വിജയറാണി | വാസാവി |
| 5. | റവ. സുദർശൻ തോമസ് & ശ്രീമതി ലിദിയ | ഹരിയാൻവി |
| 6. | റവ. സുനിൽ കെ മാത്യു & ശ്രീമതി മായ | ദുംഗ്രാ ഭീലി |
| 7. | ഡോ. റവ. ഏബ്രഹാം & ശ്രീമതി ഹേമലത | വാർളി |
| 8. | ശ്രീമതി ജയിൻ ഇമ്മാനുവേൽ | പൗറി |
| 9. | റവ. തോമസ് ആർ & ശ്രീമതി റെജിനി പി | കുറുക്സ് |

### വേദപുസ്തക പരിഭാഷക ശുശ്രൂഷക്കായുള്ള പ്രാർത്ഥന വിഷയങ്ങൾ

1. പുതിയ നിയമം നാലു ഭാഷകളിലേക്കും പഴയ നിയമം എട്ടു ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്ന നമ്മുടെ മിഷനറിമാർക്കു മികച്ച ഭാഷാ വൈദഗ്ധ്യവും ശാരീരിക ആരോഗ്യവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
2. വിവർത്തന സമയത്ത് ശരിയായ വാക്കുകൾ തിരഞ്ഞെടുക്കുന്നതിനു നമ്മുടെ മിഷനറിമാർക്കും അവരുടെ സഹായികൾക്കും പ്രത്യേക ജ്ഞാനം നൽകുവാൻ പ്രാർത്ഥിക്കുക.
3. വിവർത്തന ജോലി വേഗത്തിലും കൃത്യമായും തടസ്സങ്ങളില്ലാതെ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
4. വിവർത്തനം ചെയ്ത തിരുവെഴുത്തുകൾ പരിശോധിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഉത്തരവാദികളായ സംഘത്തിന് ദൈവം കൃപയും ദിവ്യ ജ്ഞാനവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക.
5. വിശ്വാസികൾ വിവർത്തനം ചെയ്ത വേദപുസ്തകം താൽപര്യപൂർവ്വം വായിക്കേണ്ടതിനും വിശ്വാസത്തിലും ആത്മീയ ജീവിതത്തിലും കൂടുതൽ ആഴമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക.
6. ആറു ഭാഷകളിലേക്കു വേദപുസ്തരം അടിയന്തിരമായി വിവർത്തനം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.
7. മാ താക്കൂർ ഭാഷയിലേക്കു വേദപുസ്തകം തർജ്ജിമ ചെയ്യുവാൻ സമർപ്പിതരായ മിഷനറിമാരെ ദൈവം എഴുന്നേല്പിക്കേണ്ടതിനായി...
8. അവസാനമായി എല്ലാ ഇന്ത്യക്കാർക്കും അവരവരുടെ മാതൃഭാഷയിൽ വേദപുസ്തകം ലഭിക്കേണ്ടതിനും ദൈവവചനത്താൽ അവരുടെ ജീവിതങ്ങളിൽ രൂപാന്തരീകരണം ഉണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

**– റവ. ആർ തോമസ്,** സെക്രട്ടറി – വേദപുസ്തക പരിഭാഷ

## മിഷൻ വയലിനെ അറിയുക

# ബലോഡ ബസാർ

### ഛത്തീസ്ഘഢ്



*മിഷനറി രാമേശ്വർ ദയാൽ, ശ്രീമതി മധു കല,*

2000 ൽ റായ്പൂർ തലസ്ഥാനമായി രൂപീകൃതമായ ഛത്തീസ്ഘഢ്, 35 ജില്ലകളും 30 ദശലക്ഷം ജനങ്ങളുമുള്ള വിസ്തീർണ്ണം അനുസരിച്ച് ഇന്ത്യയിലെ ഒമ്പതാമത്തെ വലിയ സംസ്ഥാന മാണ്. കൽക്കരി, വനം, സംസ്കാരം എന്നിവയാൽ സമ്പന്നമായ ഈ സംസ്ഥാനത്താണ് ഇന്ത്യയിലെ ഏറ്റവും അധികം പട്ടിക വർഗ്ഗക്കാർ വസിക്കുന്നത്.

സിമന്റ്. അരി, വ്യവസായം എന്നിവകളാൽ പ്രസിദ്ധമാണ് **ബലോഡ ബസാർ ജില്ല**. ഈ ജില്ലയിലെ പ്രധാന ജാതിസമൂഹങ്ങൾ സത്നാമി, സാഹു, കെവന്ത്, മെഹർ, വർമ്മ എന്നിവരാണ്. അരിയാഹാരമാണ് ഇവരുടെ പ്രധാന ഭക്ഷണം. ഹിന്ദുമതം ആധിപത്യം പുലർത്തുന്നു. ബാബ ഗുരു ഗാസി ദാസിന്റെ അനുയായികളായ സത്നാമി ശക്തമായ സാന്നിധ്യം അറിയിക്കുന്നു.

**FMPB യുടെ പ്രവർത്തനം: 2022 ഫെബ്രുവരി 15 ന് റവ. രാമേശ്വർ ദയാലിന്റെ** നേതൃത്വത്തിൽ സത്നാമി ജനങ്ങളുടെ മധ്യേ പ്രവർത്തനം ആരംഭിച്ചു. **ഗുരു ഗാസി ദാസ് 1820 ൽ** സ്ഥാപിച്ചതാണ് സത്നം പന്ത്. സത്ന സമൂഹം സമത്വം, അച്ചടക്കം, ഏക ദൈവവിശ്വാസം എന്നിവക്കു ഊന്നൽ നൽകുന്നു. ഗാസിദാസിന്റെ ജന്മസ്ഥലമായ ഗിരഡ്പുരി ധാം, അതിന്റെ 77 മീറ്റർ ഉയരമുള്ള ജയ്ത്ഖാം (വിജയ പീഠം) ഇവരുടെ പ്രധാന തീർത്ഥാടന കേന്ദ്രമാകുന്നു.

**വെല്ലുവിളികൾ:** മദ്യാശക്തി, ശൈശവ വിവാഹം, വിവാഹ മോചനം തുടങ്ങിയ സാമൂഹ്യ തിന്മകൾ സുവിശേഷ മുന്നേറ്റത്തിനു തടസ്സമാകുന്നു. ഗുരുപ്രസ്ഥാനക്കാർ സുവിശേഷ വേലയെ എതിർക്കുന്നു.

ഇതിനിടയിൽ കോവിഡ -19 രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ച **നരേശ് കുമാർ., സുകൃത ദമ്പതികൾ** ആദ്യ വിശ്വാസികളായി. ബത്തേൽപൂർ ബിസ്രാംപൂർ, ഗദേശ്പൂർ എന്നീ പ്രദേശങ്ങളിലുള്ള വിശ്വാസികൾ വധഭീഷണി നേരിടേണ്ടി വന്നു. ദൈവം അവർക്കു പോലീസ് സംരക്ഷണം നൽകുകയും അവരുടെ ജീവൻ രക്ഷിക്കുകയും ചെയ്തു.

### പ്രാർത്ഥന വിഷയങ്ങൾ

- സുവിശേഷത്തിനായി പുതു വാതിലുകൾ തുറക്കേണ്ടതിനും സത്യം സ്വീകരിക്കത്തക്കവിധം ജനഹൃദയങ്ങളെ ഒരുക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.
- വിശ്വാസികൾ ശക്തരായി നിലനിൽക്കേണ്ടതിനും ദൈവവചനത്തിൽ പരിപോഷിപ്പിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

- ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ഉത്തമ സാക്ഷികളായി സുവിശേഷത്തിന്റെ വാഹകരാകേണ്ടതിനായി പ്രാർത്ഥിക്കുക.
- സുവിശേഷത്തെ എതിർക്കുന്നവർ യേശുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെട്ടു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- ഇവിടെ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനും സത്നാമി ജനവിഭാഗം കൂട്ടമായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.
- മിഷനറി ദമ്പതിമാരായ റവ. രാമേശ്വർ ദയാൽ, ശ്രീമതി മധു കല, ഇവരുടെ മക്കൾ എന്നിവർക്കായി പ്രാർത്ഥിക്കുക. ഇവർ ദൈവീക സുരക്ഷിതത്വം അനുഭവിച്ച് ശക്തരായി ഉത്സാഹത്തോടെ ദൈവവേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.
- ഈ ശുശ്രൂഷയെ സഹായിക്കുന്ന എല്ലാവർക്കു വേണ്ടിയും പ്രാർത്ഥിക്കുക. ഈ ജന സമൂഹത്തെ ക്രിസ്തുവിനായി നേടുവാൻ സ്വജാതിയിൽ നിന്നു ധാരാളം സുവിശേഷകർ എഴുന്നേൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

– **രാമേശ്വർ ദയാൽ,** FMPB മിഷനറി

# FMPB കേരള പ്രവർത്തകരുടെ ഹൃദയംഗമായ അഭിനന്ദനങ്ങൾ



സിഎസ്ഐ കൊച്ചി മഹായിടവകയുടെ രണ്ടാമത്തെ ബിഷപ്പായി അഭിഷിക്തനായ **റൈറ്റ് റവ. കുര്യൻ പീറ്റർ** ബിഷപ്പിനെ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് പ്രവർത്തകർ 2025 ആഗസ്റ്റ് 29 ന് സന്ദർശിച്ച് ആശംസകൾ അറിയിച്ചു.



സിഎസ്ഐ കൊല്ലം – കൊട്ടാരക്കര മഹായിടവകയുടെ ബിഷപ്പായി അഭിഷിക്തനായ **റൈറ്റ് റവ. ജോസ് ജോർജ്ജ്** ബിഷപ്പിനെ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് പ്രവർത്തകർ 2025 സെപ്റ്റംബർ 22 ന് സന്ദർശിച്ച് ആശംസകൾ അറിയിച്ചു.

# 1 ഒക്ടോബർ

## ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

യുവനേശ് റ്റി

## ജമ്മു

### ധാർ

**ലുൻജലാൽ സോങ്ങ്താറ്റ് & മേരി**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പിമൽ പ്രകാശ്, ദശരാജ് എന്നീ കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കാറ്റിന്റെയും മഴയുടെയും ജലപ്രളയത്തിന്റെയും മലയിടിച്ചിലിന്റെയും മധ്യെ ശുശ്രൂഷക്കായി യാത്ര ചെയ്തവേളയിൽ ദൈവം ആവശ്യമായ കൃപകൾ നൽകി കാത്തു. ധാർ മിഷൻ വയലിൽ ദൈവം കൃപയാൽ ധാരാളം പുതിയ അവസരങ്ങൾ നൽകിത്തന്നു.

ഈ മിഷൻ വയലിൽ ധാരാളം പുതിയ സ്നേഹിതരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.. ഞായറാഴ്ച ആരാധന യോഗവും സത്സാംഗ് പ്രോഗ്രാമും രാത്രി യോഗങ്ങളും തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനടിമയായ ദശരജിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന പിമൽ പ്രകാശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു താമസിക്കുന്ന മഹാജൻ, ശർമ്മ, ശ്യാമയാർ, നഹാസ, രജപുത്രർ, മജ്ബി എന്നീ ജനക്കൂട്ടങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### റീയാസി

**അയ്യനാർ ദേവി & മാൻപ്രീത് കൗർ**

മാലത്, കെരാൾ, അർനാശ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ കർത്താവ് സഹായിച്ചു. തലവാര ഗ്രാമത്തിലെ ഗുജ്ജാർ ജനസമൂഹത്തിന്റെ മധ്യെ സുവിശേഷത്തിന്റെ വാതിൽ തുറന്നിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ മിഷനറി കുടുംബങ്ങൾ കർത്താവിന്റെ സഹായത്തോടെ ഫലകരമായി സുവിശേഷം അറിയിച്ചു.

ജലപ്രളയത്തിന്റെ ഫലമായി വസ്തുവകകളും സ്വത്തും നഷ്ടപ്പെട്ട വിശ്വാസികൾക്കു സർക്കാർ സഹായവും നഷ്ടപരിഹാരവും ലഭിച്ച് അവരുടെ ജീവിതം കെട്ടിപ്പെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജ്പുട്, ഗുജ്ജാർ എന്നീ ജാതി സമൂഹങ്ങളുടെ മധ്യയുള്ള സുവിശേഷ വേലക്കു തടസ്സമായി നിൽക്കുന്ന അന്ധവിശ്വാസങ്ങളും ആത്മീക അന്ധവിശ്വാസങ്ങളും സാമൂഹ്യ ഭീതിയും എന്നിവയെ അതിജീവിച്ച് എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ തടസ്സങ്ങളെ എല്ലാം അതിജീവിച്ച് ഈ ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധന നടത്തേണ്ടതിനു ഉചിതമായ ഒരു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ മാതാവ് മാറിടത്തിൽ ബാധിച്ച കാൻസറിനാൽ കഷ്ടപ്പെടുന്നു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**2**

## ഒക്ടോബർ

**വ്യാഴം**

### ജന്മദിനാശംസകൾ

വിരേന്ദ്ര കുമാർ
സുനിത വിരേന്ദ്രകുമാർ
ഡേവിഡ്സൺ രാജാസിങ്
ദേശായി ദിലീപ്ബായി വിനയബായി

## ഹിമാചൽ

### റാമ്പൂർ

**ദൗജപായോ ഗുയിതെ & ഫ്ളോറൻസ്**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. ചില വ്യക്തികൾ യേശു ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു. തക്ലക് ദൈവാലയത്തിൽ നടത്തിയ കുട്ടികളുടെ യോഗത്തിൽ 18 കുട്ടികൾ പങ്കെടുത്തു. സഭാ വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി വിനോദ് പത്തു വർഷത്തെ ഇടവേളക്കു ശേഷം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. നമ്മുടെ സന്നദ്ധ സുവിശേഷകന്റെ ഭാര്യ അനുസൂയയെ വിഷപാമ്പിന്റെ ദംശനത്തിൽ നിന്നും അത്ഭുതകരമായ സംരക്ഷണം നൽകി. പെട്ടെന്നുണ്ടായ ജലപ്രളയം നിമിത്തം വീട്ടിലേക്കുള്ള യാത്രമധ്യെ പാതി വഴിയിൽ കടുങ്ങിപ്പോയ ബാവ്ദീപിനെ കർത്താവ് സുരക്ഷിതമായി ഭവനത്തിലെത്തിച്ചു

കാലിലുണ്ടായ പൊട്ടലിൽ നിന്നു ദീപ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവേറ, കാഷ്ബത്ത് എന്നീ മേഖലകളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രകാശ്, വർഷ, മീന, ദിവ്യ, നീഷാസ് എന്നിവരുടെ ജീവിതപങ്കാളികൾ യേശുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം പ്രസ്താവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾ ഭാവിയിലെ ഉത്തമനേതാക്കളാകണമെന്ന ലക്ഷ്യബോധത്തോടെ പഠനത്തിൽ ശ്രദ്ധ ചെലുത്തേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ മകൻ ജോയലിന്റെ കണ്ണിന്റെ ശസ്ത്രക്രീയ വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കർസോങ്

**പവൻ കുമാർ & പ്രഭാഷിണി ദേവി**

സജ്ജെയുടെ മകളുടെ ഹൃദയതാളം തെറ്റി മിടിക്കുന്നു. ജന്മനാ ഈ പ്രയാസം അനുഭവിക്കുന്ന കുഞ്ഞിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവൾക്കു സൗഖ്യം നൽകി. പൈശാചിക ഉപദ്രവം നിമിത്തം ഉറങ്ങുവാൻ കഴിയാതെ ഭാരപ്പെടുന്ന സാമ്പക്കായി സഭ ഉപവസിച്ചു പ്രാർത്ഥിച്ചു ദൈവം അവനെ സൗഖ്യമാക്കി. കൈവെള്ളയിലുണ്ടായ കുമിളകൾ നിമിത്തം കഷ്ടപ്പെടുന്ന അമീനെയും നീരുവന്നു വീർത്തു കണ്ണു നീർ വരുന്ന പ്രീതിയയും കർത്താവ് സൗഖ്യമാക്കി.

ബലഹീനമായ ഹൃദയമുള്ള കുസുമത്തിന്റെയും അലർജി നിമിത്തം ശരീരത്തിൽ ചൊറിച്ചിൽ അനുഭവപ്പെടുന്ന സപ്ന എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ ശുശ്രൂഷയിൽ പുതുതായി ചേർന്ന സന്ദീപ് കുമാർ പരിശുദ്ധത്മാവിനാൽ നിറയേണ്ടതിനും ദൈവം അവനെ ശക്തമായി ഉപയോഗിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കടവുമായി ബന്ധപ്പെട്ടു സജ്ജെ അകപ്പെട്ട കേസിൽ അവനു നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 3 ഒക്ടോബർ
### വെള്ളി

### ജന്മദിനാശംസകൾ

റോബിൻസൺ ഹസ്താക്

### തണെദാർ

**ജബറോസൻ ബി & ഗായത്രി സി**

കുട്ടികളുടെ വേദപഠനക്ലാസ്സിൽ പങ്കെടുത്ത കുട്ടികൾ ദൈവവചനം ഏറെ താൽപര്യപൂർവ്വം പഠിക്കുന്നു. അപകടത്തിൽ കൈക്കു പരുക്കുപറ്റിയ കിഷ്മയെ കർത്താവ് സൗഖ്യമാക്കി. കുറച്ചു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു.

ഹോർമോൺ വ്യതിയാനം മൂലം ഗർഭം ധരിക്കുവാൻ കഴിയാത്ത മാധന ഗോപാലിന്റെ മരുമകൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പടർന്നു പിടിക്കുന്ന ത്വക്കു അണുബാധയിൽ നിന്നു നമ്മുടെ വിശ്വാസികൾ സുരക്ഷിതമായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തിമായ മഴയും വെള്ളപ്പൊക്കവും വിശ്വാസികളുടെ കൃഷിയിടങ്ങളെയും ബാധിച്ചു. ഈ പ്രയാസകരമായ സാഹചര്യത്തിൽ ദൈവം അവരെ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### അമൃത്സർ

**ചിത്തരഞ്ജൻ താണി & തേജസ്വിത**

കാഗൻദീപ് കൗർ, പ്രീയ കൗർ, ലക്വിന്ദർ കൗർ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. രാജാൻസി, ഗാസി എന്നീ ഗ്രാമങ്ങളിൽ നടത്തിയ രണ്ടു ദിവസ ഉപവാസ പ്രാർത്ഥനയിൽ വിശ്വാസികൾ പങ്കെടുത്തു സ്വജനത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു. ജോലിയില്ലാത്ത സുർജിത് സിങ്ങിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ശക്തമായ മഴയിൽ നഷ്ടങ്ങൾ ഉണ്ടായ വിശ്വാസികളുടെ കുടുംബങ്ങൾക്ക് സർക്കാരിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൽഗാലൻ, പഗിലാൻ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഞ്ചാബിൽ സർവ്വസാധാരണമായിരിക്കുന്ന മയക്കു മരുന്നു ഉപയോഗത്തിൽ നിന്ന് നമ്മുടെ വിശ്വാസികളുടെ മക്കൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബുധ്ലാട

**പ്രതാപ് രഹാങ് & രാഷ്മി പ്രവ**

കുറച്ചു പേർ തങ്ങളുടെ പഴയ ജീവിതം ഉപേക്ഷിച്ചു പുതു ജീവിതം ആരംഭിച്ചു. ആലംപൂർ, ബർദ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. നമ്മുടെ വിശ്വാസിയായ ഹർപ്രീത് സിങ്ങിന്റെ മകനു സൈനിക സേവനത്തിനു പ്രവേശനം ലഭിച്ചു. ഹർസ്പ്രീത് കൗറിന്റെ മകനെ പോലീസ് സേനയിലും എടുത്തു. പിയാന്ത്, ബർദ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗത്തിൽ പുതിയ ആളുകൾ സംബന്ധിക്കുന്നു.

ഗുലാന സഭയിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. വിക്രം ജിത്, വിക്കി, ശീതൾ, കാജൽ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബുധലാട മിഷൻ വയലിന്റെ 25 -ാം വാർഷീകത്തെ ദൈവം അനുഗ്രഹിച്ചു. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗം സത്സസാംഗ് എന്നിവ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## 4 ഒക്ടോബർ
**ശനി**

### സങ്കരൂർ
**ഗിമ്പാൽ ദിലീപ് & ബിരാരി റീത്താബൻ**

പല പ്രകാരത്തിലുള്ള തടസ്സങ്ങളുടെ മധ്യെ സത്സാംഗ് പ്രോഗ്രാം വിശാലമായ രീതിയിൽ കകദ, സുന്ദർബസ്തി എന്നീ മേഖലകളിൽ നടത്തി. പൂജയുടെ ഭർത്താവ് പൂജയെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാതെ ഇതുവരെ തടഞ്ഞു. പൂജയുടെ പ്രാർത്ഥനയുടെ ഫലമായി അദ്ദേഹത്തിൽ മാറ്റം ഉണ്ടായി. ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു പൂജയെ തടയുന്നില്ല. നോഹ, കുൽദീപ് ബൻ എന്നിവരുടെ പ്രശ്നം പരിഹരിച്ച് ദൈവം അവർക്കു സമാധാനം നൽകി. പ്രേമ, റാനോ എന്നീ കുടുംബങ്ങൾ സുവിശേഷം കേൾക്കുന്നതിനു താൽപര്യം കാണിക്കുന്നു.

അപസ്മാരത്തിൽ നിന്നും ജഗദേവിനെ കർത്താവ് സൗഖ്യമാക്കേണതിനായി പ്രാർത്ഥിക്കുക. ധൂരി സഭയിലെ നമ്മുടെ വിശ്വാസിയായ സുർലേഖ ശരീരത്തിൽ നീർവീക്കത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലങ്കോവൽ റീജിയനിൽ ആരാധന യോഗം ആരംഭിക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേമ, എക്ക എന്നീ കുടുംബങ്ങൾ വേർപിരിഞ്ഞു ജീവിക്കുന്നു. ഇവർ രമ്യതയിലായി ഒരുമിച്ചു ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്
### ബാസ്പൂർ
**ക്രിസ്റ്റ്യൻ പ്രകാശ് & കൊകാനി സുമിത്രബൻ**

അനേകർ ജീവിതത്തിലാദ്യമായി സുവിശേഷം ശ്രവിച്ചു. രണ്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച യുവജന യോഗങ്ങളിൽ സംബന്ധിച്ച എതാനും പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പതിവായി മദ്യപിച്ചു ഭാര്യയെ അസഭ്യം പറയുന്ന കുമാർപാൾ പ്രാർത്ഥനയുടെ ഫലമായി മാനസാന്തരപ്പെട്ടു. ഞരമ്പു സംബന്ധമായ രോഗത്തിൽ നിന്നും ശുന്ധ വിടുതൽ പ്രാപിച്ചു. അധരത്തിൽ കാൻസർ ബാധിച്ച ഗുരുദേവും അപസ്മാര രോഗിയായ റീനയും വിശ്വാസികളുടെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. മലേറിയ, ടൈഫോയ്ഡ് എന്നീ രോഗങ്ങളിൽ നിന്നും അജ്ഞലിയെയും അഞ്ചാം പനിയാൽ അനേക നാളുകളായി കഷ്ടപ്പെട്ട ആദിത്യ, മഹാ, സുത്തന എന്നിവരെയും കർത്താവ് സൗഖ്യമാക്കി.

മുട്ടിനു ശസ്ത്രക്രിയ ചെയ്ത ഗുരുദേവിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ മുഖത്തും മൂക്കിനും പരുക്കു പറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ച സുനിലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അടിക്കടിയുണ്ടാകുന്ന നെഞ്ചു വേദനയിൽ നിന്നും ഗുരുപ്രീത് സിങ്, മാനസിക രോഗത്തിൽ നിന്നും സുന്ദരി ബഹനും രക്തത്തിലെ കൗണ്ട് കുറവുള്ളതിനാൽ കഷ്ടപ്പെടുന്ന 12 വയസ്സുള്ള ലവക്കുശിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 5 ഒക്ടോബർ
**ഞായർ**

### ജന്മദിനാശംസകൾ
രാഖി മാർദി

## ഹരിയാന

**കിച്ച**

**ബിഭാബ പാനി & ബിത്തിക നായക്**

രാജ്കുമാറും അദ്ദേഹത്തിന്റെ ഭാര്യ അമനും തമ്മിലുള്ള വഴക്ക തീർത്ത് രമ്യതയിലായി സമാധാന ജീവിതം നയിക്കുന്നു. മണികാന്ത്, സുഗനി എന്നീ കുടുംബങ്ങളിൽ തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. പുരന്റെ കുടുംബം കർത്താവിലുള്ള വിശ്വാസത്തിൽ വളരുന്നു. ശസ്ത്രക്രീയക്കു ശേഷം ലക്ഷ്മിക്കു ദൈവകൃപയാൽ നടക്കുവാൻ സാധിക്കുന്നു.

എല്ലാ വിശ്വാസികളും ആവേശ പൂർവ്വം ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക രോഗത്താലും ക്ഷയ രോഗത്താലും കഷ്ടപ്പെട്ട ലക്വിന്ദറിന്റെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നു മൻജിത് കൗർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഹാഡി, റായ്സിക്ക്, കുമാനി എന്നീ ജാതിസമൂഹത്തിലുള്ളവർ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഗുരുദ്വാരയിലെ നേതാക്കളിൽ നിന്നും സുവിശേഷ വിരോധികളിൽ നിന്നും ഭീഷണി നേരിടുന്നതിനാൽ ഭയത്തോടെ ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കു കർത്താവ് ധൈര്യവും ബലവും സ്ഥിരതയുള്ള വിശ്വാസവും നൽകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**തോഷാം**

**അജയ് ബർധെ & ഷൗത്തുൾ ഗെല്ലോദ്**

രക്തം സമ്മർദ്ദം കുറഞ്ഞതിനാലും ശർദ്ദിൽ, വയറിളക്കം എന്നിവയാലും കഷ്ടപ്പെട്ട പവൻ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. തന്റെ വയലിൽ കളനാശിനി അടിച്ചത് ശ്വസിച്ച് അബോധാവസ്ഥയിലായ പൻസിക്കിനു ചുറ്റും നിന്ന് കുടുംബാംഗങ്ങൾ പ്രാർത്ഥിച്ച വേളയിൽ ദൈവം അവനെ സൗഖ്യമാക്കി. സുന്ധുപജ്, മാനിഷ ദമ്പതികൾക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ ഉദര വേദനയാൽ ആശ കഷ്ടപ്പെട്ടപ്പോൾ വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം ആശയെ സൗഖ്യമാക്കി.

ജോലി തേടി അലയുന്ന വിശ്വാസികൾക്കു ദൈവത്തിന്റെ കൃപയാൽ നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന സോമ്പാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിമല, ലക്ഷ്മി, ദീപക്, വിജയ്, മുകേഷ്, പൂനം, ആശ, ലക്ഷ്മൺ, സുഷ്മ, കാന്ധ, വക്കീൽ, സ്വപ്ന എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തോഷാം, പിൻജോര, ഭോരാജ്, ബലവാസ് എന്നീ ഗ്രാമങ്ങളിൽ പാർക്കുന്ന ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

# 6 ഒക്ടോബർ
**തിങ്കൾ**

## രാജസ്ഥാൻ

### ഉദൈപൂർ

**ആശീഷ് കുമാർ & സവിത ദേവി**

ചില ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. നമ്മുടെ പ്രാദേശിക സുവിശേഷകനായ സുശീലിനെ മിഷനറിയായി തിരഞ്ഞെടുത്തു. വിശ്വാസികളുടെ ക്യാമ്പും മൂന്നു സ്ഥലത്തു നടത്തിയ സ്ത്രീകളുടെ ക്യാമ്പും സഭാമൂപ്പന്മാരുടെ യോഗവും പ്രാദേശിക സുവിശേഷകരുടെ യോഗവും അനുഗ്രഹകരമായിരുന്നു. ക്ഷയ രോഗത്തിൽ നിന്നും സുശീൽ ഗോധരയെ കർത്താവ് പ്രാർത്ഥന യാൽ സൗഖ്യമാക്കി. രണ്ടു കുടുംബം ആവേശത്തോടെ ആരാധന യോഗ ത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. ഹിമാൻസിക്കു ഒരു പൈതലിനെ നൽ കി ദൈവം അനുഗ്രഹിച്ചു.

സർബഞ്ച് ഇലക്ഷനിൽ ദൈവ ഹിത പ്രകാരമുള്ള ആളുകളെ തിരഞ്ഞെടുക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. ഡെങ്കു, മലേറിയ, വിഷാദം, ടൈഫോയ്ഡ്, മുട്ടു വേദന എന്നിവയാൽ ഭാരപ്പെടുന്ന വിശ്വാസികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അബോർഷൻ നിമിത്തം കഷ്ടപ്പെടുന്ന നീല, ലീല, സോണിയ എന്നിവരെ ദൈവം അനുഗ്രഹിക്കേണ്ടതിനും അവർ വീണ്ടും ഗർഭവതികളാകേണ്ടതിനു മായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും രാമില, കമല, ഹക്രി, മോനിക്ക, ലളിത, പാറു, അമിറിബായ് എന്നിവരെ കർത്താവ് വിടുവിച്ചു. പലസിയ മേഖലയിലും ഗോഗുണ്ട താലുക്കിലും സുവിശേഷം പ്രഘോഷിക്കുന്നതിനുള്ളള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ & എസ്ഥേർ**

ദേശത്തിന്റെ ക്ഷേമത്തിനായി വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചു. ഹപ്പൂർ മേഖലയിൽ നടത്തിയ സുവിശേഷീകരണ പ്ര വർത്തനങ്ങളിലൂടെ അനേകർ സുവി ശേഷം ശ്രവിച്ചു. കൗമാരക്കാരുടെയും യുവജനങ്ങളുടെയും ആത്മീക യോഗ ത്തിൽ പങ്കെടുത്തവർക്ക് അത് അനു ഗ്രഹകരമായിരുന്നു. ബഹ, കാഞ്ചൻ എന്നിവർക്കു സുഖ പ്രസവം ലഭി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാമവതി, അവളുടെ മകൻ ആമോസ്, ദയനന്ദിന്റെ കുടുംബം എന്നിവർ സൗഖ്യം പ്രാപിച്ചു.

പുതിയ വിശ്വാസികൾക്കും പ്രാ ദേശിക സുവിശേഷകർക്കും വേണ്ടി പരിശീലന പ്രോഗ്രാം അനു ഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ത്രിലോകപുരി, കല്യാൺപുരി, സജ്വാൻ നഗർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അൻമോൾ, ലാലു അരുൺ, മോനിക്ക, റിങ്കിസ ധർമ്മലിംഗം എന്നിവർ കുടുംബ മായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ മൂന്നു വർഷമായി ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന ചിത്ര രാജേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ ആത്മീയ പക്വതയിലേക്കു വളരേണ്ടതിനും വിശ്വസ്തതയോടെ തങ്ങളുടെ വേല നിർവഹിക്കേണ്ടതിനുമായി പ്രാർത്ഥി ക്കുക.

# 7 ഒക്ടോബർ
ചൊവ്വ

## ജന്മദിനാശംസകൾ

വിജയ് പി ഐസക്ക്
സരോജിനി നർസാരി

## ഉത്തർപ്രദേശ്

### ജാലൗൻ

**ഗവിത് രാകേഷ് & ഇർഗർ രേശ്മ**

കാദിയ ഗ്രാമത്തിൽ നടത്തിയ മുഴുരാത്രി ഉപവാസ പ്രാർത്ഥനയിൽ അനേകർ താൽപര്യപൂർവ്വം പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. രാജിനി ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നു സൗഖ്യം പ്രാപിച്ചു. ആശിക് പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

വിവാഹം കഴിഞ്ഞു അനേക വർഷങ്ങളായി മക്കളില്ലാതെ ഭാരപ്പെട്ട ഹേമലത, ദിനേശ് എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നു റാംബഹദൂർ, കരളിൽ നീർവീക്കമുണ്ടായ ഗുഡി, കാൻസർ രോഗത്താൽ ഭാരപ്പെട്ട പ്രീതി, കുൽദീപ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുനിയപുര, തുസൈപുര, ജഗംപൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷ വേല ചെയ്യുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സിക്കന്ദ്ര

**വസാവ പാച്ചിയ ഭായ് &**
**സവിത കാദിയബൻ**

മസിൽ സംബന്ധമായ പ്രയാസത്താൽ ഭാരപ്പെടുന്ന നമ്മുടെ പുതിയ സ്നേഹിതയായ ശിവാനി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. രാംവീർ, റാമ്പാൽ, ജിത്തേന്ദ്ര എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നാലു ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ വേദപഠനക്ലാസ്സുകൾ നടക്കുന്നു. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഉർമ്മിളയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

പൽഹരമൗ ദൈവാലയത്തിന്റെ വസ്തു സംബന്ധമായ തർക്കം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളും യൗവ്വനക്കാരും ക്രിസ്തുവിനു വേണ്ടി സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവാരിയ ഇടത്താവള മിഷൻ വയലിലും ചുറ്റുപാടും പാർക്കുന്ന വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരോജിന്റെ കുടുംബത്തിൽ തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### യഹോവ യിരെ

ഗുജറാത്തിൽ സൂറത്ത് മിഷൻ വയലിലുള്ള വിശ്വാസിയായ വിനോദ് ഭായ് ദൈവാലയ സമർപ്പണ ശുശ്രൂഷയിൽ ഏഴു ലിറ്റർ എണ്ണ നൽകാമെന്നു വാഗ്ദത്തം ചെയ്തു. സാമ്പത്തീക ബുദ്ധിമുട്ടനുഭവിച്ച അവർ ദൈവം സഹായിക്കേണതിനായി പ്രാർത്ഥിച്ചു. അതിശയകരം ഒരു മനുഷ്യൻ അവരുടെ ഭവനത്തിൽ വന്നു 2000 രൂപ നൽകിയിട്ടു ഇതു ആഘോഷത്തിനായി ഉപയോഗിക്കുവാൻ പറഞ്ഞു. അവർ ആനന്ദത്തോടെ എണ്ണ വാങ്ങി നൽകി തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

# 8 ഒക്ടോബർ

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

അരവിന്ദ് കുജുർ

### പൊക്കറായൻ

**ശാന്ത കുമാർ & ജിൻസി**

കഴിഞ്ഞ മാസം സഭാ ആരാധനയും ഉപവാസ പ്രാർത്ഥനകളും തടസ്സങ്ങളില്ലാതെ നടത്തുവാൻ ദൈവം കൃപ നൽകി. രണ്ടു വർഷത്തിനു ശേഷം ലാൽ മസി ശുശ്രൂഷയിൽ വിണ്ടും ചേർന്നു വന്നു. ഈ മിഷൻ വയലിലെ പ്രവർത്തനത്തിനു സഹായം നൽകിയ അമിതും ഭാര്യയും മിഷനറിമാരായി നമ്മോടു ചേർന്നു. തൂത്തുക്കുടി ജില്ലയിലെ നസറേത്ത് എഞ്ചിനിയറിംഗ് കോളജിൽ നമ്മുടെ മിഷനറിയുടെ മകനു പ്രവേശനം ലഭിച്ചു. ദൈവത്തിന്റെ കൃപയാൽ മൂസനഗറിലെ ദിനപരിപാലന കേന്ദ്രം നല്ലവണ്ണം നടക്കുന്നു.

സന്നദ്ധ സുവിശേഷകരായ രാജ്കുമാർ, ലാലമസിഹ് എന്നിവരെ കർത്താവ് ശക്തമായി എടുത്തുപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ മിഷനറിമാരായി തിരഞ്ഞെടുക്കപ്പെട്ട പിയാപാൽ ബാഗ്, ഷോരബോനി എന്നീ കുടുംബങ്ങൾ പ്രായോഗിക പരിശീലനത്തിനായി ഈ മിഷൻ വയലിൽ എത്തിയിരിക്കുന്നു. ദൈവം ഇവരെ രൂപപ്പെടുത്തി ഉത്തമ മിഷനറിമാരാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സഭാമൂപ്പൻ രാം ലക്കന്റെ ഭാര്യ, സഭാമൂപ്പൻ രാജകുമാരിയുടെ മകൾ ഗായത്രി എന്നിവർക്കു ജന്മന സംസാര ശേഷിയില്ല. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാച്ച ദൈവാലയത്തിന്റെ ചുറ്റു മതിൽ നിർമ്മാണം, പൊക്കറായൻ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം എന്നിവ തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്താൽ വലയുന്ന ഭാഗ്യവതിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വെള്ളപ്പൊക്കത്തിൽ നമ്മുടെ വിശ്വാസിയായ നീരജിന്റെ വീട് നഷ്ടപ്പെട്ടു. താമസമില്ലാതെ സർക്കാരിൽ നിന്നും നഷ്ടപരിഹാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗാട്ടംപൂർ: ജാങ്ഘോലുൻ തൗതാങ് & നഗൈ തിയാൻചിങ്

സാജൻ, അനിഷ, സുനിത, പുഷ്പ, രാംസാക്തി, എന്നിവർ താൽപര്യപൂർവ്വം നമ്മുടെ ആരാധനയോഗത്തിൽ സംബന്ധിക്കുകയും വിശ്വാസ ജീവിതത്തിൽ വളരുകയും ചെയ്യുന്നു. സുനിത, സോണിയ എന്നിവരെ കുടുംബ പ്രശ്നങ്ങളിൽ നിന്നു ദൈവം വിടുവിച്ചു അവർക്കു സമാധാനം നൽകി. വർദ്ധിച്ചുവരുന്ന പീഡനത്തിന്റെ മധ്യേ നമ്മുടെ മിഷനറിമാരെയും വിശ്വാസികളെയും ദൈവം സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

അങ്കിത, രോഷിനി, കൽപന, പൂജ, ഗംഗ എന്നിവർ പൂർണ്ണ ഹൃദയത്തോടെ യേശുവിൽ വിശ്വാസം അർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഹാനാബാദ്, പാവൻ എന്നീ ഗ്രാമങ്ങളിലെ ദൈവാലയങ്ങൾ ആരാധന നടത്തുന്നതിനായി തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ ഭാരപ്പെടുന്ന ശിവാനി, അനിഷ, സന്ധ്യ നേഹ, ദിയാൻ സിങ്, മാൽക്കൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യുവ തലമുറ ആവേശത്തോടെ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു മിഷനറിമാർ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**9**

**ഒക്ടോബർ**

**വ്യാഴം**

## മദ്ധ്യപ്രദേശ്

### ഉദൈനഗർ

**വിൽസൺ ഡി & രാസ്മിത**

ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു ജയിലിൽ ആയിരുന്ന നമ്മുടെ വിശ്വാസികളായ ജക്കറാം ബാബ മഞ്ജു, കിരൺ എന്നിവർക്കു ജാമ്യം നൽകി. എല്ലാ ബുധനാഴ്ചയും നടത്തുന്ന ഓൺലൈൻ ഉപവാസ പ്രാർത്ഥനയിലും ഞായറാഴ്ച ആരാധന യോഗത്തിലും ധാരാളം ആളുകൾ താല്പര്യപൂർവ്വം പങ്കെടുക്കുന്നതിനാൽ ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ സഹോദരന്മാർക്കെതിരെ കോടതിയിൽ ഫയൽ ചെയ്ത കേസുകൾ വാദിക്കുന്ന മൂന്നു വക്കീലന്മാർക്കു ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അങ്ങനെ വേഗത്തിൽ പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വലിയ നിരാശയിലായ ദീപക്, ദിനേശ് എന്നിവർ കർത്താവിൽ ബലപ്പെടേണ്ടതിനു അവർക്കു വേണ്ടി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകനായ മൃത്തുവിനെ ദൈവം സംരക്ഷണം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ കുഴയ്ക്കുന്ന സംശയങ്ങൾക്കു ജ്ഞാനത്തോടും ക്ഷമയോടും കൂടെ ഉത്തരം നൽകുവാൻ മിഷനറിമാരെ ദൈവം പ്രാപ്തരാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വർദ്ധിച്ചു വരുന്ന ഉപദ്രവത്തിന്റെ മധ്യത്തിൽ നമ്മുടെ എല്ലാ മിഷനറിമാർക്കും വിശ്വാസികൾക്കും ധൈര്യവും സുരക്ഷതത്വവും ശാരീരിക ആരോഗ്യവും ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

### ചിറിയ

**മഹേന്ദ്രൻ എ & പുഷ്പം**

മുണ്ടിയ ഗ്രാമത്തിലെ സ്വപ്ന, പോചമ്പ ഗ്രാമത്തിലെ മീര എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. കാർഷീക ആവശ്യത്തിനായി സിരിഭായിയുടെ കിണർ വെള്ളം അപര്യാപ്തമാകുന്നു. അവൾ ഒരു ക്ലാസ്സ് വെള്ളം എടുത്തു പ്രാർത്ഥിച്ചു കിണറ്റിൽ ഒഴിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ചു കിണറ്റിലെ ജലത്തെ വർദ്ധിപ്പിച്ചു. അവരുടെ സകല ആവശ്യത്തിനുമുള്ള വെള്ളം അതിൽ നിന്നു ലഭിക്കുന്നു. തലകറക്കം മൂലം അടിക്കടി ബോധം നഷ്ടപ്പെടുന്ന ജ്യോതി ഗ്രാമത്തിലെ പിങ്കിയെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും പരിമള വിടുതൽ പ്രാപിച്ചു. പിന്മാറ്റത്തിൽ നിന്നും മധു വിശ്വാസത്തിലേക്കു തിരികെ വന്നു. ഞരമ്പു സംബന്ധമായ രോഗത്താൽ വലഞ്ഞ അമർസിങ്ങിനെ കർത്താവ് സൗഖ്യമാക്കി.

നാലു വർഷമായി അപസ്മാര രോഗത്താൽ വലയുന്ന ചന്ദ്രസിങ്ങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ത്വക്കിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന ബാർഗിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം നാലു വർഷമായി നിർത്തിവെച്ച ജഗദി ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാന്ദിയ ഗ്രാമത്തിലെ ശുശ്രൂഷയെ എതിർക്കുന്നവർ ദൈവസ്നേഹം അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. കാലവസ്ഥ വ്യതിയാനം നിമിത്തമുള്ള രോഗത്താൽ കഷ്ടപ്പെടുന്ന മിഷനറിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**10**

## ഒക്ടോബർ

**വെള്ളി**

### ജന്മദിനാശംസകൾ

ചിത്ര പൊന്നു സ്വാമി
ഹരി ബാബു ഗുഗ്ലേ
സന്തു മാറാണ്ടി

### ദാബ്രേ: സതികാന്ത പരിച്ച & സാഗരിക പ്രധാൻ

ദൈവത്തിന്റെ വലിയ കൃപയാൽ എതിർപ്പുകളുടെ മധ്യത്തിലും ഞായറാഴ്ച ആരാധന നടക്കുന്നു. നമ്മുടെ വിശ്വാസികളുടെ മക്കളിൽ രണ്ടു പേർക്കു പഠനം തുടരുന്നതിനു ഝാൻസി ബാലഭവനത്തിൽ പ്രവേശനം ലഭിച്ചു. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്ന് നമ്മുടെ ജീപ്പ് ടീം അംഗങ്ങളെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. രണ്ടു സ്ഥലത്തു സഭാമൂപ്പന്മാരുടെ പ്രോഗ്രാം വിജയകരമായി നടത്തി.

ദാബ്രേ മിഷൻ വയലിൽ വർദ്ധിച്ചു വരുന്ന ഉപദ്രവം ശമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷൻ സ്കൂളുകളിൽ മതം മാറ്റം നടത്തുന്നു എന്ന കുറ്റാരോപണം നടത്തി അടിക്കടി പരിശോധനകൾ നടത്തുന്നു. പാസ്റ്ററന്മാരെ മർദ്ദിക്കുന്നതും ഞായറാഴ്ച ആരാധന, സുവിശേഷ യോഗങ്ങൾ എന്നിവയെ തടസ്സപ്പെടുത്തുന്നതും വർദ്ധിച്ചു വരുന്നു. ഈ സാഹചര്യങ്ങളെ കർത്താവ് നീയന്ത്രിച്ചു നമുക്കനുകൂലമായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള മിഷനറിമാരുടെയും പ്രാദേശിക സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

### ഗുണ
### സതീഷ് ടി & ശർമിള എ

പാമ്പു കടിയേറ്റ റീക്കാമിക്കു വേണ്ടി വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു സൗഖ്യം നൽകി. സങ്കാരാപൂർ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. കണ്ണുനീറഞ്ഞ കണ്ണുകളും മങ്ങിയ കാഴ്ചശക്തിയും ഉണ്ടായിട്ടും വേദപഠന ക്ലാസ്സിൽ പതിവായി പങ്കെടുത്തു വചനം പഠിക്കുവാനുള്ള നോവൽസിങിന്റെ ആവേശം കണ്ടു അവന്റെ പ്രാർത്ഥന കേട്ടു ദൈവം അവനെ സൗഖ്യമാക്കി.

സുവിശേഷ വിരോധികൾ എല്ലാ ഗ്രാമങ്ങളിലും നമ്മെ ഉപദ്രവിക്കുന്നതിനും നമ്മുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതിനും സന്നദ്ധ പ്രവർത്തകരെ നിയോഗിച്ചു. ഇവരുടെ പദ്ധതി പരാജയപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്തിൽ നിന്നും രാധാ ഭായിയും ഉദരത്തിലും കാലിലും നീർവീക്കത്താൽ കഷ്ടപ്പെടുന്ന കിറിഷും കാലിൽ പൊട്ടലുണ്ടായതിനെ തുടർന്നു നടക്കുവാൻ കഴിയാത്ത അനിൽ ബരേലയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന നിർത്തിക്കുകയും മിഷനറിയെ ഓടിച്ചു വിടുകയും ചെയ്ത ലക്ഷ്മൺ, ജിൻലാൽ, പുര എന്നിവർ കർത്താവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ബരേല ഗ്രാമത്തിൽ നിർത്തിവെച്ച ആരാധന യോഗം പുനരാരംഭിക്കുന്നതിനു ബരേല ഗ്രാമത്തലവന്റെ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 11 ഒക്ടോബർ
## ശനി

### ജന്മദിനാശംസകൾ

മേരി പുഷ്പം ദാനിയേൽ
ഗജൻ ചന്ദ്രമേരി

### ദുൽക്കോത്/ നേപ നഗർ

**ഗോപികൃഷ്ണൻ & മേനക എൽ**

അനേകർ സുവിശേഷം ശ്രവിച്ചു. പൈശാചിക ബന്ധനത്തിൽ 20 വർഷത്തിലധികം നടക്കുവാൻ കഴിയാതിരുന്ന ബയ്‌ലിയെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. ബസാലി ഗ്രാമത്തിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 40 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ബാലി ഗ്രാമത്തിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു ദേശത്തിന്റെ വിടുതലിനായി ആത്മഭാരത്തോടെ പ്രാർത്ഥിച്ചു.

യുവജനങ്ങളുടെ യോഗം, സഭാ മൂപ്പന്മാരുടെ യോഗം, സ്ത്രീകളുടെ യോഗം കുട്ടികളുടെ യോഗം എന്നിവ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞവർ ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞവർ ജീവിതകാലം മുഴുവൻ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അസം

### ഗോഹ്പൂർ:

**നാഥൻ കുമാർ & നിരുപമ**

തിലകപാറ സഭാ മൂപ്പന്റെ മകൾക്കു നേഴ്സിംങ് പഠനത്തിനു പ്രവേശനം ലഭിച്ചു. മൂന്നു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ അനേകർ കർത്താവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞു. നാലു ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു.

നമ്മുടെ സ്വദേശ സുവിശേഷകൻ മഗേഷ് ബട്ടാരിയും അദ്ദേഹത്തിന്റെ ഭാര്യയും സൗഖ്യം പ്രാപിച്ചു കർത്താവിന്റെ വേല തുടർന്നും ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ പരിശീലന പ്രോഗ്രാമിൽ എല്ലാ സുവിശേഷകരും പങ്കെടുക്കേണ്ടതിനും അവർ തങ്ങളുടെ ഗ്രാമങ്ങളിൽ ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക. വരും നാളുകളിൽ നടത്തുവാനുദ്ദേശിക്കുന്ന ഫിലിം പ്രദർശനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. അനേകർ കുടിവന്നു സുവിശേഷം ശ്രവിക്കേണതിനായി പ്രാർത്ഥിക്കുക.

### നമ്മുടെ വിശ്വസ്തനായ ദാതാവ്!

മഹാരാഷ്ട്രയിൽ ശിവാലി ഗ്രാമത്തിലുള്ള ലളിത ഒമ്പതു മാസമായി മഞ്ഞപിത്തത്താൽ കഷ്ടപ്പെടുന്നു. വിവിധ പൂജാരികളെ കണ്ടു 70,000 രൂപയിലധികം ചികിത്സക്കായി ചിലവഴിച്ചു. അവളുടെ ആരോഗ്യസ്ഥിതിക്കു പുരോഗമനം ഉണ്ടായില്ലെന്നു മാത്രമല്ല ഭർത്താവ് അവളെ ഉപേക്ഷിക്കുകയും ചെയ്തു. ഒടുവിൽ വിശ്വാസികൾ അവളെ ഗ്രാമത്തിൽ നടക്കുന്ന ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നതിനായി ക്ഷണിച്ചു. സ്വദേശ സുവിശേഷകൻ അവളോടു സുവിശേഷം പങ്കുവെച്ചു. അവളുടെമേൽ എണ്ണ പൂശി പ്രാർത്ഥിച്ചു. വ്യത്യാസം അനുഭവിച്ച അവൾ അടുത്ത ആഴ്ചയിലും കടന്നുവന്നു വിശ്വാസത്തോടെ പ്രാർത്ഥിച്ചു. ദൈവം അവൾക്കു പരിപൂർണ്ണ സൗഖ്യം നൽകി. അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇപ്പോൾ സന്തോഷത്തോടെ സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു. ഹല്ലെലുയ്യ!

## 12 ഒക്ടോബർ
**ഞായർ**

### ജന്മദിനാശംസകൾ

സോമ്പു സിങ്സൺ ജി

### ലക്കിപൂർ

**ആരോൺസിങ് നർസാരി & റീന ബസുമതാരി**

കുറച്ചു ആളുകൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ സമൂഹത്തോടു ചേർന്നു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രാത്രി യോഗങ്ങളിലൂടെ വിശ്വാസികൾ ഉത്സാഹിതരായി. കോനക്കുലിയുടെ കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ശുശ്രൂഷയുടെ സമസ്ത മേഖലയിലും ദൈവകൃപ അനുഭവിക്കുന്നു.

ദൈവാലയ സമർപ്പണ ശുശ്രൂഷ, ജീസസ് ഫിലിം പ്രദർശനം, വിശ്വാസികളുടെ യോഗം എന്നിവ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന കോനായ്ക്കുഴിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിച്ച ബിപുൽസൺറാങ് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. അസമിലെ അഞ്ചു ജില്ലകളിൽ വസിക്കുന്ന മിസിങ് ജനസമൂഹത്തിന്റെ മധ്യെ ആത്മീയ ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ചേർന്ന സന്നദ്ധ സുവിശേഷകർക്കും ഈ മിഷൻ വയലിലുള്ള വിശ്വാസികൾക്കും ആത്മാക്കളെ കുറിച്ച് ഭാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### തീൻപഹാട്

**നെഹമ്യാവ് & അനാമിക പെഗു**

നമ്മുടെ വിശ്വാസി മേരി ലക്ക്റക്കു കർണാടക സെന്റർ യൂണിവേഴ്സിറ്റിയിൽ ഉന്നത പഠനത്തിനു പ്രവേശനം ലഭിച്ചു. നമ്മുടെ പ്രാദേശിക സുവിശേഷകന്റെ സഹോദരി രൂബീനക്കു ഒരു പെൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. അനേക വർഷങ്ങളായി കോടതിയിലുണ്ടായിരുന്ന നമ്മുടെ വിശ്വാസിയായ സരുവ മുണ്ടയുടെ വസ്തു സംബന്ധമായ കേസിനു അനുകൂല വിധിയുണ്ടായി. ദൈവത്തോടുള്ള നന്ദി സൂചകമായി തന്റെ വസ്തുവിന്റെ ഒരു ഭാഗം ദൈവാലയം നിർമ്മിക്കുവാൻ ദാനമായി നൽകി. അതിരാവിലെയുള്ള സ്ത്രീകളുടെ പ്രാർത്ഥന വിഘ്നമില്ലാതെ തുടർച്ചയായി നടക്കുന്നു.

ബിലോ ഒറാവന്റെ ഗർഭപാത്ര ശസ്ത്രക്രീയ വിജയകരമായി പൂർത്തീകരിച്ചു. അവളുടെ ആവശ്യങ്ങൾ സന്ധിക്കേണ്ടതിനും പൂർണ്ണ സൗഖ്യത്തിനുമായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ രോഗത്താൽ വലയുന്ന സൻസാരയ ലക്കറയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി കൃഷ്ണ സിങിന്റെ മകൻ ചോട്ടു സിങ് പഠനത്തിൽ താൽപര്യം കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിളർച്ച രോഗത്തിൽ നിന്നും മീന കുമാരി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ സജ്ജീബ്, ബദാസ എന്നിവവർ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണതിനായി പ്രാർത്ഥിക്കുക.

# 13 ഒക്ടോബർ
### തിങ്കൾ

## ജന്മദിനാശംസകൾ

അനുഷ് പീറ്റർ ജപരാജ്
ദെബോര വിജയ റാണി എഡ്വേർഡ്

## മാൾട്ടോ യൂത്ത് മിനിസ്ട്രി
**ഗോഡ്‌വിൻ കൃപാകരൻ & പ്രഭ കമാലി**



യുവജനങ്ങളുടെ മധ്യേയുള്ള ശുശ്രൂഷക്കായി ആറു സഹപ്രവർത്തകരെ ദൈവം നൽകി. ദൈവസഹായത്തോടെ പത്തു ഗ്രാമങ്ങളിൽ ബോധവത്കരണ ഫിലിം പ്രദർശിപ്പിച്ചു. പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിച്ച മൂന്നു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം ഫലപ്രദമായി നടത്തി. നമ്മുടെ സന്നദ്ധ സുവിശേഷകനായ ജക്കി മാൾട്ടോയുടെ ഭാര്യയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ജോലിക്കായി മറ്റൊരു സംസ്ഥാനത്തേക്കു കുടിയേറി പോയ രജിത് മാൾട്ടോ രോഗിയായപ്പോൾ കുടുംബാംഗങ്ങളുടെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. വിശ്വാസികളുടെ വയലിൽ കൃഷി ചെയ്യുന്നതിനാവശ്യമായ മഴ ലഭിച്ചു.



കർത്താവിന്റെ അനുഗ്രഹം ജീവിതത്തിൽ അനുഭവിച്ച ബാമ്ദ യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം താൽപര്യപൂർവ്വം ശ്രവിക്കുന്ന ഗോഗുഡിയ ഗ്രാമത്തിലെ മാന്ത്രികൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒമ്പതു റീജയനുകളിലുള്ള യുവജനങ്ങളുടെ മധ്യേ പ്രവർത്തിക്കുന്നതിനായി സന്നദ്ധ സുവിശേഷകരെ കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾക്കും കൗമാരക്കാർക്കും യുവജനങ്ങൾക്കുമായി നടത്തുവാൻ ഉദ്ദേശിക്കുന്ന ആത്മീയ മേള വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോട്ടർ സൈക്കിൾ അപകടത്തിൽ പരുക്കു പറ്റിയ മിഷനറി ഗോഡ്‌വിൻ ആരോഗ്യം വീണ്ടെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അടിയന്തര പ്രാർത്ഥന വിഷയം

ഈ നാളുകളിൽ ഉത്തരേന്ത്യൻ പ്രവർത്തനത്തിനും മിഷനറിമാർക്കും എതിരെ ശക്തമായ എതിർപ്പുകൾ വർദ്ധിച്ചു വരുന്നു. ഉത്തർ പ്രദേശ്, ഛത്തീസ്ഗഡ്, ഹരിയാന, രാജസ്ഥാൻ എന്നിവിടങ്ങളിലെ എതിർപ്പുകൾ ദിനം പ്രതി വർദ്ധിക്കുന്നു. ദക്ഷിണ രാജസ്ഥാനിലെ ദുംകർ ജില്ലയിൽ വിദേശികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു ഫോമുകൾ വിതരണം ചെയ്തിരിക്കുന്നു. അവരുടെ പ്രത്യേക ശ്രദ്ധ നമ്മുടെ സംഘടനയിലെ പ്രവർത്തകരിലേക്കാണ്. സുവിശേഷ വിരോധികൾ ഞായറാഴ്ച ആരാധനയെ ശരിയായി വീക്ഷിക്കുന്നുണ്ട്. നമ്മുടെ മിഷനറിമാരെയും സുവിശേകരെയും സന്നദ്ധ സേവകരെയും വിശ്വാസികളെയും സഭയെയും കർത്താവ് സുരക്ഷിതത്വം നൽകി പാലിക്കേണ്ടതിനായി നമുക്കു കണ്ണുനീരോടെ ആത്മഭാരത്തോടെ പ്രാർത്ഥിക്കാം. വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ ദൈവം തന്റെ മക്കൾക്കു ധൈര്യവും ശക്തിയും നൽകേണ്ടതിനായി പ്രാർത്ഥിക്കാം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

**14** **ഒക്ടോബർ**
**ചൊവ്വ**

### പതർഗാമ
**കൃഷൻ കുമാർ & ശാന്തി ലാൽ**

അഞ്ചു വ്യക്തികൾ യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാദർക്കഞ്ച്, സിൽക്കാര എന്നീ ഗ്രാമങ്ങളിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥന. സംബന്ധിച്ചവർക്കു വലിയ അനുഗ്രഹമായിരുന്നു. പുറം വേദനയിൽ നിന്നും കൈകാലുകളിലെ ഒടിവിൽ നിന്നും അഞ്ജലിക്കു സൗഖ്യം ലഭിച്ചു. ടൈഫോയ്ഡിന്റെ കാഠിന്യത്തിൽ വലഞ്ഞ രോഹിത് രവിദാസിനെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നും പ്രേം ബട്ട വിടുതൽ പ്രാപിച്ചു. ബൽബട്ട് ഗ്രാമത്തിലെ ആരാധന യോഗത്തിൽ 14 പുതിയ ആളുകൾ സംബന്ധിക്കുന്നു.

സുഷ്മ ദേവി, ലക്ഷ്മ ദേവി എന്നിവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ശങ്കർ രവിദാസ് വിടുതൽ പ്രാപിക്കേണ്ടതിനായും ഭാര്യയെ ചീത്ത വിളിക്കുന്ന സ്വഭാവത്തിൽ നിന്നും മാനസാന്തരപ്പെടേണ്ടതിനായും പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് പത്തു വർഷമായിട്ടും തലമുറകളില്ലാതെ ഭാരപ്പെടുന്ന ഉജല ദേവിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ പിതാവ് പ്രമേഹ രോഗത്താലും ഹൃദയ സംബന്ധമായ രോഗത്താലും വലയുന്നു. ഇദ്ദേഹത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൂന്നു വയസ്സുള്ള ബിഷാൻ ദാസ് എന്ന പൈതലിന്റെ ഹൃദയത്തിൽ സുഷിരമുണ്ട് സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസത്തോടെ പ്രാർത്ഥിക്കുന്ന വൃഷണത്തിൽ വീക്കമുള്ള മോത്താലാലിന്റെയും വിളർച്ച രോഗത്താൽ വലയുന്ന അഭിഷേക്, സുരേന്ദ്ര എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ബർഹർവ
**മല്ല വിദ്യാസാഗർ & ദീപിക റാണി**

മാൽ സമുദായത്തിലുള്ള രണ്ടു കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. ജിക്കിദിയായിലെ പുതിയ ദൈവാലയത്തിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ 45 വ്യക്തികൾ പങ്കെടുത്തു ആത്മഭാരത്തോടെ പ്രാർത്ഥിച്ചു. വിഷ പാമ്പിന്റെ ദംശനമേൽക്കാതെ മാൽതി, മാനിഷ എന്നിവരെ കർത്താവ് അത്ഭുതകരമായി പരിപാലിച്ചു. കഴിഞ്ഞ നാളുകളിലെ ശുശ്രൂഷയിലുണ്ടായ നഷ്ടം, പരാജയം, രോഗം എന്നിവയുടെ മധ്യത്തിൽ ദൈവകൃപ നൽകി ദൈവം സഹായിച്ചു.

ക്രിസ്തീയ വിശ്വാസത്തിനെതിരെ എതിർപ്പുകളുള്ള 17 ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനുള്ള വാതിലുകൾ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ശാന്തി ദേവിയുടെയും മകന്റെ വേർപാടിൻ വേദനയിലായിരിക്കുന്ന പാർവ്വതി ദേവിയുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മെയിൻ കുമാർ, ഗിരിഷൻ മാൽ എന്നിവരുടെ വസ്തു സംബന്ധമായ തർക്കം പരിഹരിക്കുവാൻ ദൈവം കൃപ നൽകി.

## 15 ഒക്ടോബർ
### ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ബാഗി സതീഷ്

### നഗർ ഉത്താരി

**ബിപിൻ ബീഹാരി & ജാരണ പരിച്ച**

അൽക്കാർ, തുളസിത്തമാർ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനുള്ള കരാർ ഒപ്പു വെച്ചു. എല്ലാ വിശ്വാസികളും ആനന്ദത്തോടെ പങ്കെടുത്തു. മസ്തിഷ്ക ജ്വരം ബാധിച്ച അരിയൻ കാസി പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. സ്ത്രീകളുടെ യോഗം, സഭാമൂപ്പന്മാരുടെ യോഗം, രാത്രി യോഗം എന്നിവ തടസ്സങ്ങളില്ലാതെ നടത്തുവാൻ ദൈവം കൃപ നൽകി. അഞ്ജലി കശിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

തുളസിത്താമർ ഗ്രാമത്തിൽ സംഘടിപ്പിച്ച കുട്ടികളുടെ യോഗത്തിൽ ധാരാളം വിശ്വാസികളും അവരുടെ കുട്ടികളും സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരിദ ഗ്രാമത്തിലെ പുതിയ വിശ്വാസികൾ അവരുടെ വിശ്വാസത്തിൽ സ്ഥിരമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തെ തുടർന്നു രണ്ടു വർഷത്തോളം ശയ്യാവലംബനായിരിക്കുന്ന വിശ്വാസി വല്ലു കാസിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതുതായി നമ്മോടു ചേർന്നു പ്രവർത്തിക്കുന്ന സന്നദ്ധ സുവിശേഷകരായ റീന ദേവി, ജീവൻ കാശി എന്നിവരെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേദപഠനക്കൂട്ടവും ചെറു പ്രാർത്ഥന സെല്ലുകളും സജീവമായി പ്രവർത്തിക്കുന്നു. വിശ്വാസികൾ നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചു ഭാരമുള്ളവരായി സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### ലാഷ്കർ

**രഞ്ചൻ ഖാശ്‌ല & റിസ്മ റാണി**

ഡെങ്കി പനിയാൽ കഷ്ടപ്പെടുന്ന അനിർമായ് മുർമ്മു എന്ന പൈതലിനെ ദൈവം സൗഖ്യമാക്കി. സരസ്വതി സൊറൻ, അഗസ്തീന ടുഡു എന്നിവർ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചു. നമ്മുടെ മിഷനറിയുടെ വീട്ടിനുള്ളിൽ കയറിയ വിഷപാമ്പ് ആരെയും ഉപദ്രവിക്കാതെ സ്വയമേ ഇറങ്ങിപ്പോയി. നമ്മുടെ മിഷനറിയുടെ മകൾ റെയ്സാൾ റാണിയെ പനിയിൽ നിന്നും കർത്താവ് സൗഖ്യമാക്കി.

പൂർണ്ണസമയ സുവിശേഷ വേലക്കായി സമർപ്പിച്ച നമ്മുടെ സ്വദേശ സുവിശേഷകൻ വിശ്വജിത്ത് മുർമ്മുവിനെ വരും നാളുകളിൽ കർത്താവ് എടുത്തു ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലസ്കർ മിഷൻ വയലിൽ സുവിശേഷ പ്രവർത്തനം വിപുലമാക്കുന്നതിനായി എടുക്കുന്ന ഉദ്യമം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷ് മുർമ്മു, റിമോൾ കിസ്കു, ജിത്തോൺ സൊറൻ എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകൾ വർദ്ധിച്ചു വരുന്ന കാലഘട്ടത്തിൽ മിഷനറിമാരെയും വിശ്വാസികളെയും സഭാമൂപ്പന്മാരെയും സ്വദേശ സുവിശേഷകരെയും ദൈവം സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**16** ഒക്ടോബർ
വ്യാഴം

## ജന്മദിനാശംസകൾ

വിജയ റാണി രൂബൻ
ചുച്ചാവോ എസ്

## ഛത്തിസ്ഘഡ്

### സീതാപൂർ

**മുത്തു കുമാർ & നേത്രാവതി**

പത്തു വർഷത്തെ പ്രാർത്ഥനയോടു കൂടിയ കാത്തിരിപ്പിനു ഒടുവിൽ തെൻത്തുമ്പാര സഭയുടെ മൂപ്പൻ മുന്ന കൊർഗട്ടക്കു ഇരട്ട കുട്ടികളെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസി അജയിയുടെ മകൻ വിബയ് ലക്തയുടെ ഉദരവേദന പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. മൻസിന്ത്, ദിലീപ്, ബല്ലു, അമൃത് എന്നിവർ സന്നദ്ധ സുവിശേകരായി നമ്മെ സഹായിക്കുന്നു. സർക്കാർ നേതാവായ സഭയിലെ വിശ്വാസി നരേശ് മസി കർത്താവിന്റെ വേല ചെയ്യുന്നതിനുള്ള താൽപര്യം പ്രകടിപ്പിച്ചു.

സുക്മണി, നിർമ്മല, സുനിത, അഞ്ചലി, ബസ്മതി, താര, അർച്ചന, ബിമല, റീത്ത, ഉർപശി, പുഷ്പ, പുൽസിത എന്നിവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനത്തിന്റെ ബന്ധനത്തിലായ സുർജൻ, എക്ക, മഹാവീർ, ഗുജെർ, സുനിൽ മനോജ്, വല്ലു, സുകാശി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഡെജുഗ, സർബു, പൊകസാരി, ഒദംകേല, അസ്കര, ജാജഗ എന്നീ ദൈവാലങ്ങളുടെ അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയ നിർമ്മാണത്തിനായി തങ്ങളുടെ വസ്തു ദാനമായി നൽകിയ വിശ്വാസികളെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിശാചിന്റെ ദുഷിച്ച തന്ത്രങ്ങളിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണതിനായി പ്രാർത്ഥിക്കുക.

### രഘുനാഥ് ബാല ഭവനം

**താങ് ചിൻ ലിയാൻ &**
**വുങ് തിയാൻ ചിങ്**

കഴിഞ്ഞ മാസത്തെ ശുശ്രൂഷക്കായി യാത്ര ചെയ്ത വേളയിൽ കർത്താവ് ചൊരിഞ്ഞു നൽകിയ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ചെന്നൈ പ്രാർത്ഥനക്കൂട്ട അംഗങ്ങൾ ബാലഭവനത്തിനു ഒരു വാട്ടർ ഫിൽറ്റർ സംഭാവനയായി നൽകി. ദൈവം പ്രാർത്ഥന കേട്ടു നല്ലൊരു പാചകക്കാരനെ നൽകിത്തന്നു. അനവധി പ്രാവശ്യം രോഗികളായ കുട്ടികളെ ദൈവം അത്ഭുതകരമാം വിധം സൗഖ്യമാക്കി.

ബാല ഭവനത്തിനു സമർപ്പണമുള്ള വാർഡനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി ബാലഭവനത്തിൽ ചേർന്നു കുട്ടികൾ ഇവിടുത്തെ ആത്മീക അന്തരീഷവുമായി യോജിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോളജിൽ പോകുന്ന കുട്ടികളായ അവിനാശ്, പ്രവീൺ ഗുജാർ എന്നിവർ പഠനത്തിൽ മികവ് പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികൾക്കു മെച്ചമായ പാർപ്പിടം ഒരുക്കുന്നതിനു പാർപ്പിടം വിപുലപ്പെടുത്തണം. അതിനു അനയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**17**

**ഒക്ടോബർ**

**വെള്ളി**

## ഒഡിഷ

### ജഗന്നാഥപൂർ

**വാസുദേവ മാൾട്ടോ & ബാസന്തി മാൾട്ടോ; സുരേഷ് മാൾട്ടോ**

നമ്മുടെ വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ സന്തോഷപൂർവ്വം പങ്കെടുക്കുന്നു. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, മുഴു രാത്രി ഉപവാസ പ്രാർത്ഥന, ദ്വിദിന ഉപവാസ പ്രാർത്ഥന എന്നിവ വിജയകരമായി സംഘടിപ്പിച്ചു. നമ്മുടെ വിശ്വാസിയായ ഉമേഷ് ബിങ്കുവ പൂർണ്ണ സമയ മിഷനറിയായി നമ്മോടു ചേർന്നു പ്രവർത്തിക്കുവാൻ തുടങ്ങി. നമ്മുടെ സ്വദേശ സുവിശേഷകൻ മോട്ടർ സൈക്കിളുമായി കുഴിയിൽ വീണു, ദൈവം അത്ഭുതകരമായി പരിപാലിച്ചു. അജ്ഞാത രോഗത്താൽ വലഞ്ഞ വിശ്വാസിയായ കരംസിങിനായി വിശ്വാസികൾ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ഡോക്ടറന്മാർ പ്രതീക്ഷ കൈവിട്ടു എങ്കിലും ദൈവം അത്ഭുത സൗഖ്യം നൽകി.

ബിജയ് തിരിയ, സുക്രാം ബോബോങ്ക, ഡേവിഡ് ബോബോങ്ക, സന്നി ബോബോങ്ക, കാനു ലഗുരി, മറ്റു മൂന്നു വിശ്വാസികൾ എന്നിവർക്കെതിരെയുള്ള കള്ളക്കേസുകൾ പൂർണ്ണമായി ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. തിന്മ പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നെക്സലൈറ്റ് സ്വാധീനമുള്ള വന മേഖലയിലൂടെ സഞ്ചരിച്ച് സന്താൾ, വേഹ, ഗോപെ, വോഹാർ, ഒടിയ എന്നീ ജാതിക്കൂട്ടങ്ങളിൽ സുവിശേഷം എത്തിക്കുന്ന മിഷനറിമാരുടെ യാത്ര സുരക്ഷിതത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന സുഖ്ലാൽ ലാഹോറിയുടെയും പക്ഷാഘാതത്താൽ കഴിഞ്ഞ അഞ്ചു വർഷമായി കഷ്ടപ്പെടുന്ന ഗുരുവായ് ലാഹോറിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദെക്കനാൽ

**അശോക് നായക് & സുരഭി ബീരോ**

പുതിയ ചില ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കുറച്ചു ജനങ്ങൾ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു കുടുംബങ്ങൾ സുവിശേഷം ശ്രവിക്കുന്നതിനു താൽപര്യം കാണിക്കുന്നു. അൾസർ രോഗത്തിൽ നിന്ന് ഡോറിബർദയും മാനസിക രോഗത്തിൽ നിന്ന് സന്ദുരെ പൂർത്തീയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

വിവിധ ദൈവാലയങ്ങളിൽ സംഘടിപ്പിക്കുന്ന വിശ്വാസികളുടെ സംഗമം ഫലകരമാകേണ്ടതിനും അതിൽ പങ്കെടുക്കുന്ന വിശ്വാസികളുടെ ജീവിതം അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനം വിപുലമാക്കുവാൻ ശ്രമിക്കുന്ന നമ്മുടെ മിഷനറിമാരെയും സ്വദേശ സുവിശേഷകരെയും സന്നദ്ധ സുവിശേഷകരെയും ദൈവം ശക്തമായി എടുത്തു ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

## 18 ഒക്ടോബർ ശനി

### ജന്മദിനാശംസകൾ

സുമിത ദാസ് മുന്ന മൊഹിന്ദിയാർ
ശ്രീധർ മോഷിദേനി

**ജാഷിപൂർ**

**പ്രത്യൂഷ് നായക് & മാറിത്തായ് ലീയോന**

കോന്ദഗർ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. പസുഗുതു ഗ്രാമത്തിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു മീനാക്കി ഹസ്തയെ കർത്താവ് പ്രാർത്ഥന യാൽ വിടുവിച്ചു. ശ്രുതി കൂർത്തിയുടെ കാതിലുണ്ടായ ട്യൂമർ കർത്താവ് സൗഖ്യമാക്കി. വീഴ്ചയെ തുടർന്നു കാലിൽ നീരുവന്ന മുസുലിബൽ മുച്ചുവിനെ വിശ്വാസികളുടെ പ്രാർത്ഥന യെ തുടർന്നു ദൈവം സൗഖ്യമാക്കി. കാട്ടാനയിൽ നിന്നും പുത്തറാം പിങ്കു വിനെ ദൈവം സംരക്ഷിച്ചു. ജമുന ഗാർവ യെ വിഷപാമ്പിന്റെ മുമ്പിൽ നിന്നു വിടുവിച്ചു.

കരൾ സംബന്ധമായ രോഗത്താൽ വലയുന്ന ഇന്ദ്രജിത് ഹൻസിത, ക്ഷയരോഗത്താൽ കഷ്ടപ്പെടുന്ന സരിമ, നൽസിങ് ബോർത്തി, കാലിൽ ട്യൂമർ ബാധിച്ച നബസിറഗാവ്, പക്ഷാ ഘാതത്തിൽ വലയുന്ന ബലറാവ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥി ക്കുക. ഭവനത്തിൽ ഏറെ പ്രശ്ന മുണ്ടാക്കുകയും ഭാര്യയെ അസഭ്യം പറയുകയും ചെയ്യുന്ന ദുക്കു ബോർത്തയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു പത്തു വർഷത്തിലധികം മക്കളില്ലാതെ ഭാര പ്പെടുന്ന മജിക്കാരയുടെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥി ക്കുക. മൂന്നു വയസ്സുള്ള അബ്രാം ഹോ കാഴ്ച ശക്തിയും സംസാര ശേഷിയുമില്ലാതെ കഴിഞ്ഞ ആറു മാസമായി കഷ്ടപ്പെടുന്നു. ദൈവം അവനെ തൊട്ടു സൗഖ്യമാക്കേണ്ടതി നായി പ്രാർത്ഥിക്കുക.

### ദൈവത്താൽ സകലതും സാധ്യം

മദ്ധ്യപ്രദേശിൽ കർസോങ് മിഷൻ വയലിൽ നിബാനി ഗ്രാമത്തിൽ വിശ്വാ സിയായ മമത ദൈവത്തിന്റെ അത്ഭുത ശക്തി തന്റെ ഭവനത്തിൽ അനു ഭവിച്ചറിഞ്ഞു. അവളുടെ സഹോദരി ഒരു മാസത്തോളമായി കഠിനമായ ഉദര വേദനയാൽ കഷ്ടപ്പെടുകയായിരുന്നു. പ്രാദേശിക ആശുപത്രിയിലെ ചികിത്സ ഫലിക്കാതെ വന്നപ്പോൾ അവളെ വലിയൊരു ആശുപത്രിയിലേക്കു കൊണ്ടുപോയി. അവളുടെ ഗർഭപാത്ര ത്തിനു സമീപത്തു രക്തം കട്ടപിടിച്ചു കിടക്കുന്നതായി ഡോക്ടറന്മാർ കണ്ടെ ത്തി. അതു നീക്കം ചെയ്യുവാൻ അടിയന്തിര ശസ്ത്രക്രീയ ചെയ്യണ മെന്നു ഡോക്ടറന്മാർ ഉപദേശിച്ചു. ഭയത്തിനു കീഴടങ്ങുന്നതിനു പകരം മമത വിശ്വാസികളോടു പ്രാർത്ഥി ക്കുന്നതിനു അപേക്ഷിക്കുകയും ആ ത്മാർത്ഥമായി സഹോദരിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വീണ്ടും ആശുപത്രിയിൽ എത്തി പരിശോധിച്ച പ്പോൾ ഡോക്ടറന്മമാർ ആശ്ചര്യപ്പെട്ടു ആ കട്ടപിടിച്ച രക്തം അപ്രത്യക്ഷമായി! ശസ്ത്രക്രീയ ഇല്ലാതെ അവൾക്കു പരി പൂർണ്ണ സൗഖ്യം ലഭിച്ചു. അത്ഭുത സൗഖ്യം നൽകിയ ദൈവത്തെ മമതയും കുടുംബവും മഹത്വപ്പെടുത്തുന്നു!

## 19 ഒക്ടോബർ
**ഞായർ**

## ഗുജറാത്ത്
### ജാലോദ്
**കുമാർ പോൾ & അമുധ എം**

സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, ദേശീയ ഉപവാസ പ്രാർത്ഥന, മറ്റു ശുശ്രൂഷകൾ എല്ലാം തടസ്സങ്ങളില്ലാതെ നടത്തുവാൻ ദൈവം കൃപ നൽകി. ഡങ്കി പനിയാൽ ഭാരപ്പെടുന്ന മുവാല ഗ്രാമത്തിലെ പ്രതീപ് ഭായ്, അരുണ എന്നിവരുടെ കുടുംബത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മനിഷ് ഭായിയുടെ ബന്ധനം മൂലം കുടുംബത്തിന്റെ സമാധാനം നഷ്ടപ്പെടുന്നു. ദൈവത്തിന്റെ കൃപയാൽ അയാൾ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനായി ദൈവീക സമാധാനം അനുഭവിക്കുന്നു.

കാൻസർ രോഗത്താൽ ഭാരപ്പെടുന്ന ഭോജല ഗ്രാമത്തിലെ മജ്ജുള ബൻ, വകേല ഗ്രാമത്തിലെ ആശ ബൻ എന്നിവരെ ദൈവം അത്ഭുതകരമായി സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ ഭാരപ്പെടുന്ന പൂന ഭായ്, കൽപേശ് ഭായ്, ചിക്മാൽ ഭായ് എന്നിവരോടു ദൈവം കരുണ കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ ദുഷിച്ച സ്വപ്നങ്ങൾ കാണുകയും ശരീരത്തിൽ വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുകയും ചെയ്യുന്ന ദേവ്ജി ഭായ്, അയാളുടെ ഭാര്യ സജി ബൻ, ബാൽവ ഗ്രാമത്തിലെ ഒരു പുതിയ വിശ്വാസി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ലക്കൻപൂർ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ ആരംഭിക്കേണ്ടതിനായും വിശ്വാസികൾ ഒരുമയോടെ പ്രവർത്തിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### നിസാർ/ സെളമ്പ
**യുവനേശ് ടീ & ഝാൻസി റാണി**

രാത്രി യോഗങ്ങൾ, ഉപവാസ പ്രാർത്ഥനകൾ, സഭാമൂപ്പന്മാരുടെയും സ്ത്രീകളുടെയും പരിശീലന പ്രോഗ്രാമുകൾ തുടങ്ങിയവ തടസ്സങ്ങളില്ലാതെ നടത്തി. നമ്മുടെ വിശ്വാസികളുടെ നല്ല ആരോഗ്യവും അവർക്കു ആവശ്യമായ മഴയും നൽകി ദൈവം അനുഗ്രഹിച്ചു. നാനിമാൾ, ജാമ്നി എന്നീ ദൈവാലയങ്ങളിൽ നിന്നും പിന്മാറിപ്പോയവർ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി വിശ്വാസത്തിലേക്കു തിരികെ വന്നു.

യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുവാൻ തയ്യാറെടുക്കുന്നവരുടെ ആത്മീയ വളർച്ചക്കായി പ്രാർത്ഥിക്കുക. ആറു മാസമായി ശയ്യാവലംബമായി കിടക്കുന്ന രേശ്മിത ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മറ്റു സ്ഥലങ്ങളിലേക്കു ജോലിക്കായി കുടിയേറിപ്പോയവർ ദൈവത്തോടുള്ള ഭക്തിയിൽ ക്രിസ്തീയ സാക്ഷ്യമുള്ളവരായി ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം നിർത്തിവെച്ച ലക്ഷ്മിക്കേദ ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കുന്നതിനും ദൈവം അവസരം ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാൻ പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**20 ഒക്ടോബർ**

**തിങ്കൾ**

## ജന്മദിനാശംസകൾ

മാർത്ത സൊറൻ
വിജിത

### സൂറത്ത്

**മാധവറായ് (റിട്ട) & ജപതങ്കം**

പനിയാൽ കഷ്ടപ്പെട്ട രാജ്കുമാരി സ്ത്രീകളോടു ചേർന്നു ദൈവാലയം വൃത്തിയാക്കുന്നതിൽ പങ്കാളിയായതിനെ തുടർന്നു ദൈവം അവളെ സൗഖ്യമാക്കി. ബിസിനസ്സിൽ മന്ദത അനുഭവിച്ചപ്പോൾ രാധാബന്നിന്റെ മക്കൾക്കു നല്ല വരുമാനം നൽകി അനുഗ്രഹിച്ചു. മൂന്നു സ്ഥലത്തു ദേശിയ പ്രാർത്ഥന യോഗം സംഘടിപ്പിച്ചു. ജമുന നഗറിൽ പണി പൂർത്തീകരിച്ച ദൈവാലത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷ ദൈവനാമ മഹത്വത്തിനായി നടത്തി.

സുജിത് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം അയൽക്കാരിൽ നിന്നും ബന്ധുക്കളിൽ നിന്നും ഉപദ്രവം സഹിക്കുന്ന ഹേമുബന്നിനു വേണ്ടി പ്രാർത്ഥിക്കുക. അവളെ ഉപദ്രവിക്കുന്നവരെ ദൈവം തൊടേണ്ടതിനായി പ്രാർത്ഥിക്കുക. 15 വയസ്സുള്ള മകന്റെ വേർപാടിൻ ദുഃഖത്തിലായിരുന്ന കുശാൽ ഭായിയുടെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരുടെ ആരോഗ്യത്തിനും സംരക്ഷണത്തിനുമായി പ്രാർത്ഥിക്കുക.

### അഹവ: **വിഘ്നേശ്വരൻ എൻ & എയ്ഞ്ചലിൻ എം**

ഏഴു സ്ഥലത്തു സുവിശേഷീകരണ പ്രവർത്തനം നടത്തി. 32 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഏഴു സ്ഥലത്തു നടത്തിയ പ്രാദേശിക സുവിശേഷകരുടെ യോഗം ദൈവകൃപയാൽ അനുഗ്രഹകരമായിരുന്നു. വിവാഹം കഴിഞ്ഞ് 12 വർഷമായ പ്രമീള - ജയറാം ദമ്പതികൾക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിച്ചു. വിഷപാമ്പിന്റെ മുമ്പിൽ പെട്ട അനുബന്നിനെ ദംശനമേൽക്കാതെ ദൈവം വിടുവിച്ചു. കമലേശ് ഭായി അബദ്ധത്തിൽ മോട്ടർ സൈക്കിളുമായി ഒരു കുഴിയിൽ വീണു. ദൈവകൃപയാൽ നിസ്സാര പരുക്കുകളോടെ രക്ഷ പ്രാപിച്ചു.

വീഴ്ചയെ തുടർന്നു പരുക്കു പറ്റി നടക്കുവാൻ കഴിയാതെ ആശുപത്രിയിൽ കഴിയുന്ന പ്രീതി ബന്നിനോടു ദൈവം കരുണ തോന്നി സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു കാലു ബൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോണി, വിനേശ് എന്നിവർ മാതാപിതാക്കളോടു അനുസരണമുള്ളവരായി ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ തൊഴിൽ തേടി രാജസ്ഥാൻ, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിലേക്കു കുടിയേറി പോകുന്നു. അവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസറിന്റെ ഗുരുതരാവസ്ഥയിൽ കഷ്ടപ്പെടുന്ന കാന്തിലാലിനു കർത്താവ് അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

## 21 ഒക്ടോബർ
### ചൊവ്വ

**ബോഡേലി/ ദബോയ്**

**യേശു ബാബു & ഉഷ എസ്**

മൂന്നു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തുന്നതിനും ബോപ്പദിയ ഗ്രാമത്തിൽ സ്ത്രീകളുടെ യോഗം നടത്തുന്നതിനും ദൈവം കൃപ നൽകി. രണ്ടു മിഷൻ വയലിലുള്ള പ്രാദേശിക സുവിശേഷകർക്കു പരിശീലനം നൽകി. മിഷനറിമാരും പ്രാദേശിക സുവിശേഷകരും ചേർന്നു ദേശത്തിന്റെ വിടുതലിനായി മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ദുവാവി ദർജ മാനസിക സ്ഥിരതയില്ലാത്ത സ്ത്രീയാകുന്നു. അവൾ അവിടെയിവിടെയായി അലഞ്ഞു നടക്കുന്നു. വിശ്വാസികൾ ഒരുമിച്ചു കൂടി അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവളെ പൂർണ്ണമായി സൗഖ്യമാക്കി. ഇപ്പോൾ അവൾ സഭ ആരാധനയിൽ സംബന്ധിക്കുന്നു.

നമ്മുടെ വിശ്വാസികളിൽ ഭൂരിപക്ഷവും കൃഷിപ്പണി ചെയ്യുന്നവരാണ്. വയലിൽ ജോലി ചെയ്യുമ്പോൾ വിഷ പാമ്പിൽ നിന്നു വിശ്വാസികളെ ദൈവം അത്ഭുതകരമായി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരുടെ കൃഷിഭൂമിയിൽ നിന്നു നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പനായ ഹാരീസ് അരിവാൾ രോഗത്താൽ ഏറെ കഷ്ടപ്പെട്ടു. അയാളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആഭിചാര ദോഷത്തിന്റെ കെടുതികളാൽ വലയുന്ന സർദാർ ഭായിയുടെ സൗഖ്യത്തിനും വിടുതലിനുമായി പ്രാർത്ഥിക്കുക.

**കവന്ത്**

**അഖിലേശ് കുമാർ & കിരൺ ദേവി**

ഉൽവ ഗ്രാമത്തിൽ സംഘടിപ്പിച്ച സ്ത്രീകളുടെ യോഗത്തിൽ 100 പേർ പങ്കെടുപ്പിച്ചു. മഗുദബാരിയിൽ സ്വദേശ സുവിശേഷകരുടെ യോഗം സംഘടിപ്പിച്ചു 30 പേർ അതിൽ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. ജാമനിയ ഗ്രാമത്തിൽ സംഘടിപ്പിച്ച യുവജന യോഗത്തിൽ 20 യൗവ്വനക്കാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനേകർ യേശുവിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ശങ്കർ ഭായ്, ഗോവിന്ദ്, ദാമദിയ, സുരേഷ്, സുമോബൻ, നിവബൻ, ഉഷിബൻ, കനാജിബൻ എന്നിവരെ ദൈവം സംരക്ഷിച്ചു.

ഉലുവ ഗ്രാമത്തിൽ സാക്ഷരത പ്രവർത്തനത്തിന്റെ പ്രാഥമിക കേന്ദ്രം ആരംഭിച്ചു. അനേകർ അതിൽ പങ്കെടുത്ത അനേകരുടെ ജീവിതം പ്രകാശിക്കപ്പെട്ടു. ഈ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനത്തിൽ വിശ്വാസികൾ ആത്മാർത്ഥമായി പങ്കെടുത്തു. വിവാഹ ജീവിതത്തിൽ അനേക വർഷത്തെ കാത്തിരിപ്പിനൊടുവിൽ ദൈവം ശിക്കാലി ബന്നിനു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. ഒരു മാസത്തിലധികമായി ടൈഫോയ്ഡിനാൽ കഷ്ടപ്പെടുന്ന കവിത ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അടിക്കടി രോഗികളായ ഇരട്ട കുഞ്ഞുങ്ങളായ ആയൂബ്, യാക്കൂബ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**22** **ഒക്ടോബർ**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജപറാണി അസറിയ രാജ്കുമാർ
മാരിത്താൾ ലീയോന

### ഉമർഗാം

**ആശീർ മോസസ് & അമൃത**

സമൃദ്ധമായ മഴ നൽകി അനുഗ്രഹിച്ചു. ഹസന ബന്നിന്റെ പൈതലിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്ത എല്ലാവരും സുവിശേഷം ശ്രവിച്ചു. നാലു ദിവസമായി രക്തം ശർദ്ദിക്കുന്ന നൈന ബന്നിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. വിഷ പാമ്പിന്റെ ദംശനമേറ്റ മാന്ദെ ഗ്രാമത്തിലെ വിശ്വാസിയായ ദിവ്യക്കു വേണ്ടി വിശ്വാസികൾ ഒത്തുചേർന്നു പ്രാർത്ഥിച്ചു. ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി.

ശരീരം മുഴുവൻ നീരു വന്നു കഷ്ടപ്പെട്ട കാന്തവായ് ഗ്രാമത്തിലെ വിശ്വാസി രമേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വാപി ഗ്രാമത്തിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന പുതിയ വിശ്വാസികളായ മക്തിബൻ, സുമിത്ര ബൻ എന്നിവർ യേശു ക്രിസ്തുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വസാവ പരിഭാഷ

**ദെബോര വിജയ റാണി**

1 ദിനവൃത്താന്തം 10-23 ആദ്ധ്യായങ്ങൾ പരിഭാഷപ്പെടുത്തി. പരിഭാഷപ്പെടുത്തിയ 2 രാജാക്കന്മാർ തെറ്റു തിരുത്തുന്നു. സത്പുര, അരവല്ലി എന്നീ മിഷൻ വയലിലുള്ള സ്വദേശ സുവിശേഷകർക്കു പരിശീലനം നൽകി. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും നമ്മുടെ വിശ്വാസി റോസലിനെ കർത്താവ് സൗഖ്യമാക്കി. കഴിഞ്ഞ ഒരു മാസമായി മിഷനറി കഷ്ടപ്പെട്ട വയറുവേദനയിൽ നിന്നും സൗഖ്യം ലഭിച്ചു.

2 ദിനവൃത്താന്ത പുസ്തകത്തിന്റെ പരിഭാഷ വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പിരഭാഷപ്പെടുത്തിയ 1,2 ശമുവേൽ പ്രവാചകന്റെ പുസ്തകത്തിന്റെ തെറ്റുത്തിരുത്തുന്ന ദേവ്ഗിബായിക്കു ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വസാവ സഭയുടെ ഉണർവ്വിനായി പ്രാർത്ഥിക്കുക. കമ്പോടിയ ഗ്രാമത്തിലെ സഭയിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വസാവി മിഷൻ വയലിലെ ബാലഭവനത്തിൽ സമർപ്പണമുള്ള വാർഡനെയും പാചകക്കാരനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 23 ഒക്‌ടോബർ
**വ്യാഴം**

### ജന്മദിനാശംസകൾ

ജയന്തി ഗ്രേസ്

### കീലിപാനി/ ധരംപൂർ/ കെർഗാം

**കുമാരൻ ജി & ജലീൻ ജയ**

കുറച്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു സ്ഥലത്തു നടത്തിയ സ്ത്രീകളുടെ യോഗത്തിൽ സംബന്ധിച്ച സഹോദരിമാർ അനുഗ്രഹം പ്രാപിച്ചു. ഏഴു വർഷത്തെ വിവാഹ ജീവിതത്തിനു ശേഷം സുമിത്ര ബന്നിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. കുറച്ചു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു.

വൃക്കയുടെ പ്രവർത്തനം മന്ദഗതിയിലായതിനാൽ ശരീരം മുഴുവൻ നീരു വന്നു ലക്ഷ്മണൻ കഷ്ടപ്പെടുന്നു. രാംജി വിളർച്ച രോഗത്താൽ വലയുന്നു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സൗറ, പന്ദവഗോവദ, കുന്തിയ എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗത്തിൽ വിശ്വാസികൾ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിൽ നീരുവന്നതിനാൽ വികിൻബായ് കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗവും സഭാമൂപ്പന്മാരുടെ യോഗവും ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

**സിൽവാസ: ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം**

കാലവസ്ഥ വ്യതിയാനത്താലുണ്ടാകുന്ന രോഗങ്ങളിൽ നിന്നു നമ്മുടെ കുട്ടികളെ ദൈവം പരിപാലിച്ചു. സ്വാതന്ത്ര്യ ദിന ആഘോഷത്തിൽ പഞ്ചായത്ത് അംഗങ്ങൾ ലക്കിഭായ് പങ്കെടുത്തു കുട്ടികളെ ഉത്സാഹിപ്പിച്ചു. നമ്മുടെ ബാലഭവനത്തിലെ കുട്ടികൾക്കായി മൂന്നു ദിവസത്തെ കായിക മത്സരം നടത്തി. നമ്മുടെ ബാലഭവനത്തിന്റെ സകല ആവശ്യങ്ങളും അത്ഭുതകരമാം വിധം ദൈവം നൽകിത്തന്നു.

വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന നമ്മുടെ ബാലഭവനത്തിലെ കുട്ടികളായ ആനന്ദ്, ആദിത്യ, ആയുഷ്ബോയ. ആയുഷ്. അലീഷ്, വിരൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്കു ദൈവീക പരിജ്ഞാനം ലഭിക്കേണതിനായി പ്രാർത്ഥിക്കുക. പഠനത്തിൽ താൽപര്യമില്ലാത്ത കുട്ടികൾക്കു പഠനത്തിൽ താൽപര്യമുണ്ടാകേണതിനും അവരുടെ ഓർമ്മശക്തി വർദ്ധിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### ഭഗത് യേശുവിന്റെ ഭക്തനായി

മഹാരാഷ്ട്രയിൽ വണ്ണിയപാട ഗ്രാമത്തിൽ ബിക്കിയ 18 വയസ്സു മുതൽ മദ്യപാനിയായി ദുഷിച്ച സ്വഭാവത്തിനടിമയായി. അതിൽ നിന്നുള്ള വിടുതലിനായി 14 വർഷം വിവിധ ആശ്രമങ്ങളിൽ ജീവിച്ചു. എന്നാൽ ഒരു വ്യത്യാസവും ഉണ്ടായില്ല. അവന്റെ സമധാനവും നഷ്ടപ്പെട്ടു. ഭവനത്തിൽ തിരികെ വന്ന അവൻ സ്വയ പ്രഖ്യാപിത ഗുരുവായി. ഈ അവസരത്തിൽ അവന്റെ ഭാര്യ പൈശാചിക ബന്ധനത്തിൽ രോഗിയായി തീർന്നു. ഒരു ബന്ധുവിന്റെ ഭവനത്തിൽ നടന്ന പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ച അവളെ യേശു സ്വതന്ത്രയാക്കി. ബിക്കിയ യേശുവിൽ വിശ്വസിച്ചു. ആശ്രമത്തിൽ ലഭിക്കാത്ത ശാന്തിയും സമാധാനവും അവനു ദൈവാലയത്തിൽ ലഭിച്ചു. ഇപ്പോൾ അവന്റെ ഭവനം ഒരു ആരാധന സ്ഥലമായി തീർന്നു. ഒരു കാലത്ത് പൂജാരിയായി ജീവിച്ചവൻ യേശുവിന്റെ തികഞ്ഞ ഭക്തനായി. ദൈവത്തിനു മഹത്വം!

## 24 ഒക്ടോബർ
## വെള്ളി

### ജന്മദിനാശംസകൾ

ബ്യൂല ജപകുമാരി
ചിന്ത മാണി കിസ്കു

### മഹാരാഷ്ട്ര

#### പെയിന്റ്

**അലക്സ് പ്രഭു & പ്രീയ ഹെതസി**

സ്വന്തമായി ഒരു ഭവനത്തിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന കൃഷ്ണക്കു സർക്കാർ സഹായത്താൽ ഒരു വീടു പണിയുന്നതിനു സാധിച്ചു. കഠിനമായ തലവേദനയാലും മൂക്കിലൂടെ രക്തം വരുന്നതിനാലും ഭാരപ്പെട്ട രാധെഭായിക്കായി വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവം പൂർണ്ണ സൗഖ്യം നൽകി. നാലു സ്ഥലത്തു സംഘടിപ്പിച്ച മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ ധാരാളം വിശ്വാസികൾ പങ്കെടുത്തു സുവിശേഷം നിമിത്തം ഉപദ്രവിക്കപ്പെടുന്നവർക്കായി പ്രാർത്ഥിച്ചു.

സ്വർണ്ണ, പരബദ എന്നീ ഗ്രാമങ്ങളിൽ പുതുതായി ആരംഭിച്ച ആരാധനക്കൂട്ടങ്ങൾ തടസ്സങ്ങളില്ലാതെ മുന്നേറണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു വയസ്സുള്ള പ്രസിത് എന്ന പൈതലിന്റെ കാലുകൾക്കു ബലം നൽകി ദൈവം അവനു നടക്കുവാൻ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സജ്ജന, കൽപന, മീര എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പെയിന്റ് ബാലഭവനത്തിനു സർക്കാർ അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തിനെതിരായുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

**ദാദഗൗൺ: എബിനേസർ ശമുവേൽ & ജോസ്ന ജയറാണി**

സപ്റി റീജിയനിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. പ്രാർത്ഥനയുടെ ഫലമായി നമ്മുടെ വിശ്വാസികളിൽ അനേകർക്കു പൈശാചിക ബന്ധനത്തിൽ നിന്നും രോഗങ്ങളിൽ നിന്നും പൂർണ്ണ സൗഖ്യം ലഭിച്ചു. വയലിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഗീത വിഷപാമ്പിന്റെ മുമ്പിൽ പെട്ടെങ്കിലും ദൈവം അത്ഭുതകരമായി പരിപാലിച്ചു. പിന്മാറ്റത്തിലായിരുന്ന മൂന്നു വ്യക്തികൾ വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പുതിയ വിശ്വാസികൾ കർക്കോൻ, ദുദാൽ, സെൽബാ, ജിഗുലി എന്നീ മേഖലകളിലുള്ള ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്നു.

അടിവയറ്റിൽ നീരു വന്നു കഷ്ടപ്പെടുന്ന ഉമ്തി ഗ്രാമത്തിലെ പ്രഗാനിയ ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയുടെ നവജാത ശിശു വിർത്ത തല നിമിത്തം കഷ്ടപ്പെടുന്നു. ദൈവീക സ്പർശനത്താൽ പൈതലിനു സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കേധ, കുവർക്കെത്, സിൽബാര, സിസ്കേദി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അന്ധത ബാധിച്ച ആശിനയെ ദൈവം അത്ഭുതകരമായി സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തു യേശുവിലുള്ള വിശ്വാസം നിമിത്തം എതിർപ്പു നേരിടുന്ന ജിഗുനു, കേധ, തെൽക്കടി എന്നീ ഗ്രാമങ്ങളിലുള്ള നമ്മുടെ വിശ്വാസികൾക്കായി പ്രാർത്ഥിക്കുക.

## 25 ഒക്ടോബർ
**ശനി**

### ജന്മദിനാശംസകൾ

പ്രേമ രാജദുരൈ

**തലോട**

**ഭരണീധരൻ എസ് & സെൽവറാണി**

വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട സാദത്ത് തേജിസ വാൽവി മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനെ തുടർന്നു കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്താൽ വലഞ്ഞ 16 വയസ്സുള്ള മനീഷ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തതിനെ തുടർന്നു സൗഖ്യം പ്രാപിച്ചു. നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന ഗണേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കേവടി ഗ്രാമത്തിലെ ആരാധനക്കെതിരെയുള്ള എല്ലാ തടസ്സങ്ങളും നീങ്ങി.

അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന ധാമിനി വസാവെയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സൈക്കിബ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹ ജീവിതത്തിൽ അനേക വർഷങ്ങളായി തലമുറകൾക്കായി കാത്തിരുന്ന ദുർഗ്ഗ, സെവന്തി എന്നിവർക്കു മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്ന ജിങ്കിത വിഷാദ രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സാദത്ത് ഡെജില സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഘോഡ്**

**വിക്ടർ പോൾരാജി വി & ഷീല**

വിഷപൂർ ഗ്രാമത്തിൽ ചില വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പുതിയ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. ആറു മാസം നിർത്തിവെച്ച സിതെകനോർ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പുനരാരംഭിച്ചു. മഴയില്ലാതെ വരൾച്ച നേരിട്ട വേളയിൽ നമ്മുടെ വിശ്വാസികൾ ഒത്തുചേർന്ന് പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു സമൃദ്ധമായ മഴ നൽകി അനുഗ്രഹിച്ചു. അപകടത്തെ തുടർന്നു ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച നമ്മുടെ വിശ്വാസിയുടെ സഹോദരൻ അശോത് മാധവിനു വേണ്ടി വിശ്വാസികൾ ഒരുമനപ്പെട്ടു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു ഇപ്പോൾ അവനു ശ്വസിക്കുന്നതിനും നടക്കുന്നതിനും സാധിക്കുന്നു.

അനേക നാളുകളായി ഉദരവേദനയാൽ കഷ്ടപ്പെടുന്ന നരേശ് ഉസാന്തിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രക്തം കട്ടപിടിച്ച നന്ദ നരോട്ടിയുടെ കരങ്ങളുടെ ചലനശേഷി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മകേഷ് ഉസാണ്ടി, മർക്കന്ദെ ഹജെറ എന്നിവർ രാത്രി ദുസ്വപ്നങ്ങൾ കാണുന്നു. ദൈവം അവരെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗികളായ സുനിത ജജറെ, ജമുന ഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതുതായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

# 26 ഒക്ടോബർ
**ഞായർ**

### മോൾഗി
**രൂബൻ ടുഡു & രുക്മണി ഹെബ്രം**

മൂന്നു മാസമായി എഴുന്നേൽക്കുന്നതിനോ നടക്കുന്നതിനോ കഴിയാതിരുന്ന മക്കർഗുണ്ട് ഗ്രാമത്തിലെ സിങ്കക്കുവേണ്ടി പ്രാദേശിക സുവിശേഷകൻ പ്രാർത്ഥിച്ച വേളയിൽ ദൈവം സൗഖ്യം നൽകി. ലീലയുടെ ഗർഭപാത്ര സംബന്ധമായ രോഗം പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. പിന്മാറ്റ ജീവിതം നയിച്ച സിങ്കക്കായി നമ്മുടെ വിശ്വാസികൾ പ്രാർത്ഥിച്ചതിന്റെ ഫലമായി അവൻ വിശ്വാസത്തിലേക്കു തിരികെ വരികയും ഞായറാഴ്ച ആരാധന യോഗത്തിൽ സംബന്ധിക്കുകയും ചെയ്യുന്നു.

അരിവാൾ രോഗത്തിൽ നിന്നും ഗീതാഭായിയെയും മൂത്രാശയ സംബന്ധമായ രോഗത്തിൽ നിന്നും റോമിലയെയും നേത്രസംബന്ധമായ പ്രയാസത്തിൽ നിന്നു ലീലയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഊർമ്മിള, ഉദിയ, ഗൗരി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തള്ളവിരലിൽ അണുബാധയുണ്ടായ ചെറു ബാലൻ യോദവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണാടക

### മുന്ദഗോഡ്
**കൊങ്ക ഗിരി ബാബു & ലൂർദു മേരി**

വിഷപാമ്പിന്റെ ദംശനമേൽക്കാതെ നമ്മുടെ വിശ്വാസി ദാരപ്പയെ കർത്താവ് സംരക്ഷിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഇന്ദിര നഗറിൽ സംഘടിപ്പിച്ച വേദപഠന ക്ലാസ്സിൽ അനേകർ പങ്കെടുത്തു. പൈശാചിക ബന്ധനത്തിൽ നിന്നും സ്വപ്നയെ ദൈവം വിടുവിച്ചു. മദ്യസക്തനായിരുന്ന ഹനുമപ്പ പ്രാർത്ഥനയാലും കൗൺസിലിങ്ങിനാലും മദ്യപാന സ്വഭാവം ഉപേക്ഷിച്ചു. പ്രായമായ മകകിഗ്രി വീണു കൈയിൽ പൊട്ടലുണ്ടായി. ദൈവകൃപയാൽ അവർ പൂർണ്ണ സൗഖ്യം പ്രാപിച്ചു.

തുടർമാനമായി ആരാധന യോഗത്തിൽ പങ്കെടുക്കുന്നവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ ആത്മാക്കളെ ആദായപ്പെടുത്തുന്ന ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗത്തിന്റെ ആത്മീക അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മഴക്കാലത്തുണ്ടാകുന്ന രോഗങ്ങളിൽ നിന്നും പ്രാണി ശല്യങ്ങളിൽ നിന്നും വിശ്വാസികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മലൂർ: കൃഷന്ത ലിമ്മ & പ്രമീള സിങ്**

പൈശാചിക ബന്ധനത്തിൽ നിന്നും യാമലമ്മ വിടുതൽ പ്രാപിച്ചു. നമ്മുടെ മിഷനറി ശമുവേലിന്റെ വിവാഹ നിശ്ചയ ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചു. അദ്ദേഹം നവംബർ 26 ന് വിവാഹിതനാകുവാൻ പോകുന്നു. കഴിഞ്ഞ മാസം ക്രമീകരിച്ച എല്ലാ പ്രോഗ്രാമുകളും വിജയകരമായി നടത്തുവാൻ ദൈവം കൃപ നൽകി.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നു പിന്മാറിപ്പോയവർ കർത്താവായ യേശുവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കടഭാരത്താൽ വലയുന്നവർ അതിൽ നിന്നു മുക്തരാകുന്നതിനു ദൈവം അവർക്കു വഴി ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസം നിമിത്തം സ്വന്തക്കാരിൽ നിന്നും അയൽക്കാരിൽ നിന്നും എതിർപ്പു നേരിടുന്ന വിശ്വാസികൾ വിശ്വാസസ്ഥിരതയും ധൈര്യവുമുള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 27 ഒക്ടോബർ
**തിങ്കൾ**

### നിദഗുണ്ടി
**മൻജയ നായക് & ലാമനി രത്ന**

രണ്ടു വർഷത്തിലധികമായി പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന ശാന്തന ദൈവീക വിടുതൽ പ്രാപിച്ചു. ആറു മാസത്തിലധികമായി കാലു വേദനയാൽ ഭാരപ്പെട്ട മീനാക്ഷിയെ കർത്താവ് സൗഖ്യമാക്കി. തുടർച്ചയായ ചുമയാൽ വലയുന്ന ഹഷനെയെ യേശുകർത്താവ് സൗഖ്യമാക്കി.

കാൻസർ രോഗത്താൽ കഷ്ടപ്പെടുന്ന സുശീലഭായ്, കരൾ സംബന്ധമായ രോഗത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച എൽക്കുറുഷ്, അപസ്മാര രോഗത്താൽ വലയുന്ന ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന സമർത്ഥ് (കഴിഞ്ഞ ആറുമാസം അവനു അപ്സമാരം ഉണ്ടായിട്ടില്ല) എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യപാനിയായ മഗൻദേശ് തന്റെ ദുഷിച്ച സ്വഭാവം നിമിത്തം വലിയ കടക്കാരൻ ആയി. അവന്റെ മാനസാന്തരത്തിനും കടഭാരത്തിൽ നിന്നു മുക്തനാകേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികൾ സഭാ ആരാധനയിൽ മുടക്കം കൂടാതെ പങ്കെടുക്കേണ്ടതിനും സാക്ഷ്യമുള്ള ജീവിതം നയിച്ച് മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഷിഗ്ഗൗൺ
**നരേന്ദ്രകുമാർ & കാജൽ**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പാർവ്വതിയുടെ കാതിലുണ്ടാകുന്ന മൂളൽ ശബ്ദം നിമിത്തം ഉറങ്ങുവാൻ കഴിയുന്നില്ല അവർ മാനസികമായി അസ്വസ്ഥമായിരുന്നു. അവർക്കു പ്രാർത്ഥനയാൽ സൗഖ്യം ലഭിച്ചു. ഉദരത്തിൽ ഉണ്ടായിരുന്ന ട്യൂമറിൽ നിന്നു അർപിത സൗഖ്യം പ്രാപിച്ചു. ശോഭയുടെ ഗർഭപാത്ര രോഗത്തിനു നാലു പ്രാവശ്യം ശസ്ത്രക്രീയ നടത്തുവാൻ ശ്രമിച്ചെങ്കിലും ഫലകരമായില്ല. ഒടുവിൽ ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചു തുടർന്നു ശസ്ത്രക്രീയ വിജയകരമായി നടത്തി. ഉണർവ്വ് യോഗത്തിൽ സംബന്ധിച്ചവർ വിവിധ രോഗങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചു.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച സുമ, പുഷ്പ, കവിത, പവിത്ര, ലക്ഷ്മി എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേലക്കായി സമർപ്പിക്കപ്പെട്ട വിനായക്, സോനി, സുവർണ, മഹേഷ്, പുഷ്പ, പല്ലവി, ഗണേശ്, അക്ഷൈ എന്നിവരുടെ മുമ്പിലുള്ള ആത്മീക തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ബസവരാജ, ആനന്ദ്, സുരേഷ്, രൂപ, രേണുക, അനുഷ, പവിത്ര, സുജാത, ലക്ഷ്മി, താര എന്നിവർ വിശ്വാസത്തിലേക്കു തിരികെ വന്നു. ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്നവർ കർത്താവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

# 28 ഒക്ടോബർ
## ചൊവ്വ

### ഷീരഹട്ടി
**ആശപ്രപ്ത & ദീന കുമാരി**

ഹെർണിയ നിമിത്തം വലഞ്ഞ ആനന്ദ് ശസ്ത്രക്രീയക്കു വിധേയനായി. ദൈവീക സ്പർശനത്താൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു. ശാരീരികമായും മാനസികമായും അനേകനാളുകൾ കഷ്ടതയനുഭവിച്ച പൂജ പ്രാർത്ഥനയുടെ ഫലമായി വിടുതൽ പ്രാപിച്ചു.

പ്രേമയുടെ ഭർത്താവ് കുടുംബത്തിൽ വഴക്കുണ്ടാക്കി കഴിഞ്ഞ മാസം ഭവനത്തിൽ നിന്ന് ഇറങ്ങിപ്പോയി. അദ്ദേഹം മാനസാന്തരപ്പെട്ടു സുരക്ഷിതനായി ഭവനത്തിൽ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താൽ വലയുന്ന ഗിരിജയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ആന്ധ്ര പ്രദേശ്

### ഡാമലച്ചെരിവ്
**ജോൺ ഡേവിഡ് രാജ് (റിട്ട) & ജ്ഞാന ശേഖരി**

ഡയാലിസിസിനു വിധേയനാകുന്ന വീരസ്വാമി അമിത രക്തസ്രാവത്തെ തുടർന്നു അബോധാവസ്ഥയിലായി. അയാളുടെ ഭാര്യ സൗഖ്യത്തിനായി വിശ്വാസത്തോടെ പ്രാർത്ഥിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ ആദ്ദേഹത്തിനു ബോധം തിരികെ ലഭിച്ചു. കഠിനമായ ഉദര വേദനയാൽ കഷ്ടപ്പെട്ട സുബ്രമണി വിടുതലിനായി എണ്ണ പൂശി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ദൈവം അവനു നൽകിയ സൗഖ്യം ആരാധന മധ്യെ അവൻ സാക്ഷ്യം പറഞ്ഞു. വാതിലിന്റെ കട്ടിളപടിമേൽ ഉണ്ടായിരുന്ന പാമ്പിന്റെ മേൽ അറിയാതെ റിബേക്ക കരംവെച്ചെങ്കിലും ദൈവം അവളെ അത്ഭുതകരമായി പരിപാലിച്ചു. വേർപരിഞ്ഞു താമസിക്കുന്ന സുഹാസിനി, ഗുരുവായ എന്നീ കുടുംബങ്ങൾക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചു. ഈ കുടുംബങ്ങൾ തമ്മിലുള്ള പ്രശ്നം കർത്താവ് പരിഹരിച്ചു അവർ നിരപ്പ് പ്രാപിച്ചു ഒരുമിച്ചു പാർക്കുന്നു. പവിരെട്ടികാരിപള്ളിയിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. മദ്യാസക്തിയിൽ നിന്നു ബാലസുബ്രമണ്യം വിടുതൽ പ്രാപിച്ചു.

നമ്മുടെ വിശ്വാസി എസ്ഥേർ ലാവണ്യയുടെ ഭർത്താവ് ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കുന്നില്ലെന്നു മാത്രമല്ലെ അവളെ ശാരീരികമായി ഉപദ്രവിക്കയും ചെയ്യുന്നു. പ്രാദേശിക ദൈവങ്ങളെ ആരാധിക്കുന്നതിനു അവളെ നിർബന്ധിക്കുന്നു. ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ സാവിത്രി, ലക്ഷ്മി ദേവി, ചിന്ന പാപമ്മ എന്നിവരെ എതിർക്കുന്ന കുടുംബാംഗങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന ജോതിയമ്മയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ വലയുന്ന രാജേന്ദ്രന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗെതപെട്ടൈ ഗ്രാമത്തിൽ ആരാധന നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രിസ്കില്ല, റിബേക്ക, ഗീത, മറിയ, ഗ്രാന എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 29 ഒക്ടോബർ
### ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ഹത്തിനെൽതിങ് ഡാൽസ്ക്കം

## തമിഴ്നാട്

### നേതൃത്വ പരിശീലന സെന്റർ - പെരിയമലൈ

**ബാബുരാജ് & മേബൽ**

സീതാപുരം ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഗുഡുവാഞ്ചേരി, ബാംഗ്ലൂർ എന്നിവിടങ്ങളിലെ പ്രാർത്ഥനക്കൂട്ടം നമ്മുടെ ആദ്യത്തെ മിഷൻ വയൽ സന്ദർശിച്ചു. മദ്യത്തിനടിമയായ ദേവമണിയോടു സുവിശേഷം പങ്കുവെച്ചു. പനിയാൽ കഷ്ടപ്പെടുന്ന മാദപ്പൻ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു.

സുവിശേഷം ശ്രവിച്ച സെൽവൻ, കുമരൻ, കല, മാദപ്പൻ, സെലൻ, ദേവമണി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കേൾവി ശക്തി കുറവിനാൽ കഷ്ടപ്പെടുന്ന സെൽവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ഇടയിൽ ഐക്യം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പെട്ടമുഗിലാലം ആരാധനക്കൂട്ടത്തിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. കർത്താവ് അനേകരെ വിശ്വാസത്തിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചെങ്കം

**കെ എസ് യോശുവ**

മൂന്നു മേഖലയിൽ സംഘടിപ്പിച്ച പ്രാദേശിക സുവിശേഷകരുടെ കുടുംബ സംഗമത്തിൽ 66 വ്യക്തികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. കൂടുത്തുറൈപെട്ടി, മോരപൂർ എന്നീ ആരാധനക്കൂട്ടങ്ങളിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ പരിശീലന യോഗം വിജയകരമായി നടത്തി. നമ്മുടെ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിച്ച് അവരുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെച്ചു അവരെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനക്കൂട്ടങ്ങളും വേദപഠന ക്ലാസ്സുകളും അനുഗ്രഹകരമായി നടത്തുന്നു.

തിരുവണ്ണാമലൈ, ധർമ്മപുരി എന്നീ മേഖലകളിൽ നടത്തിയ പ്രാദേശിക സുവിശേഷകരുടെ പരിശീലന പ്രോഗ്രാം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സത്തനൂർ, മാന്ദകലത്തൂർ, മാദംപൂണ്ടി, സുന്ദകപെട്ടി, ബന്ദരഹള്ളി, ഇന്ദൂർ, ഗുരുവരതിയാർ, എക്കനദഹള്ളി എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെ യോഗത്തിൽ സഭാമൂപ്പന്മാർ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും വിശ്വാസികളുടെയും സംരക്ഷണത്തിനായി പ്രാർത്ഥിക്കുക.

# 30 ഒക്ടോബർ
## വ്യാഴം

### ജന്മദിനാശംസകൾ

എസ്ഥേർ ജോൺ ഡേവിഡ്സൺ

### വെട്ടവാളം

**ബ്രൈറ്റ ജയകുമാർ & ബ്യൂല**

ഒലൈപെട്ടി ദൈവാലയത്തിൽ സംഘടിപ്പിച്ച കുട്ടികളുടെ യോഗത്തിലും പ്രാർത്ഥന യോഗത്തിലും ധാരാളം പേർ പങ്കെടുത്തു. ആവൂർ, കല്യാസോരത്തുർ എന്നീ ഗ്രാമങ്ങളിൽ ആദ്യമായി കുട്ടികളുടെ യോഗം സംഘടിപ്പിച്ചു. ദൈവകൃപയാൽ സത്തനൂർ ഗ്രാമത്തിൽ പ്രാദേശിക സുവിശേഷകരുടെ പരിശീലന പ്രോഗ്രാം നടത്തി

മുത്തുവിന്റെ ഭാര്യയും മകനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിനു ഉപയോഗിക്കുവാൻ ഒരു പ്രൊജക്ടറും ഉച്ചഭാഷണിയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗത്തിൽ അനേകർ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. അന്നുഗുമലൈ, പന്നായൂർ, ചിന്നോലൈപാടി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഏലംപിള്ളൈ

**സെൽവകുമാർ ആർ വിൽസൺ & ജയ ഹെലൻ**

മഞ്ഞപിത്ത രോഗത്താൽ ചികിത്സക്കു വിധേയനായ ചെറു ബാലൻ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. പിന്മാറ്റ ജീവിതം നയിക്കുന്ന ശരണ്യയുടെ കുടുംബം വിശ്വാസത്തിലേക്കു മടങ്ങിവന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനു മേരി, സുജാത എന്നിവർക്കു കോളജിൽ പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന വെങ്കിടേഷിനു വേണ്ടി പ്രാർത്ഥിക്കുക.

മദ്യാസക്തിയിൽ നിന്നു പെരുമാൾ, കുമാർ, കൃഷ്ണൻ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരും കൗമാരക്കാരും ദൈവകൃപയാൽ വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന അളഗമ്മ, മാരിയമ്മ, മഗേശ്വരി, ജ്യോതി, നീല, വീരഗാവ, പെരുമാൾ, വിഘ്നേശ് എന്നിവർ എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അളകപ്പന്റെ കാണാതെ പോയ മകൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ എത്തേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയുടെ കുടുംബത്തിലെ കടഭാരം മാറേണ്ടതിനും കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. രക്ഷിക്കപ്പെടാത്തവർ പരിശുദ്ധാത്മാവിന്റെ സഹായത്തിൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**31**

**ഒക്ടേബർ**

**വെള്ളി**

## ജന്മദിനാശംസകൾ

സുച്ചാനോ യൻന്താൻ

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൺസൺ & ഐവി**

ദൈവത്തിന്റെ അതിശയ കരമായ കൃപയാൽ നമ്മുടെ വിശ്വാസിയുടെ മകൻ മുവേന്ദ്രനെ ശക്തമായ വൈദ്യുതാഘാതത്തിൽ നിന്നും ദൈവം വിടുവിച്ചു. ഏഴു വർഷമായി മക്കളില്ലാതെ ഭാരപ്പെട്ട രമ്യയുടെ പ്രാർത്ഥന കേട്ടു ദൈവം ഇടപെട്ടു. അവൾ ഗർഭം ധരിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. എരുമയുടെ ആക്രമണത്തിൽ കാലിൽ മുറിവേറ്റതിനാൽ കഷ്ടപ്പെട്ട മങ്കക്കു പ്രാർത്ഥനയുടെ ഫലമായി കർത്താവ് പരിപൂർണ്ണ സൗഖ്യം നൽകി.

വിശ്വാസിയുടെ മക്കളായ പ്രഭു, പ്രവീൺ, അശ്വിൻ എന്നിവർക്കു ദൈവ ഭയമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഗീത, അജിത് ഉദരത്തിലുണ്ടായ രോഗത്താൽ കഷ്ടപ്പെടുന്ന രേണുക, കമലം, നടക്കുവാൻ ശേഷിയില്ലാത്ത അന്നൽ, സുശീല എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കടഭാരത്താൽ സമാധാനം നഷ്ടപ്പെട്ട എയ്ഞ്ചലിൻ, ശാന്തി, ജയന്തി, കവിത, ശ്രീധർ, ഭവാനി, സെന്തിൽ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### ചന്ദ്രപെട്ടി

**അർച്ചന എം**

പലൈത്തോട്ടം ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു മിഷനറിയെ ദൈവം സഹായിച്ചു. ചന്ദിരപെട്ടി ഗ്രാമത്തിൽ നടത്തിയ ഉപവാസ പ്രാർത്ഥനയിൽ ധാരാളം പേർ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. സംഘടിതമായ സുവിശേഷീകരണ പ്രവർത്തനം, കുട്ടികളുടെ യോഗം, രാത്രി യോഗങ്ങൾ എന്നിവ നടത്തുവാൻ ദൈവം മിഷനറിയെ ശക്തീകരിച്ചു. നമ്മുടെ മിഷനറി അർച്ചനയെ പ്രയാസപ്പെടുത്തിയ അൾസർ രോഗം പ്രാർത്ഥനയാൽ സൗഖ്യമായി.

ചന്ദിരപെട്ടി ഗ്രാമത്തിലെ ദൈവാലയത്തിന്റെ രജിസ്ട്രേഷൻ സമയത്തു നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തിവേൽ, ശ്രുതി എന്നിവരുടെ കുടുംബത്തിൽ മക്കളില്ലാത്തതിന്റെ പേരിലുള്ള ബുദ്ധിമുട്ട് സർവ്വശക്തനായ ദൈവം പരിഹരിക്കേണ്ടതിനും ദൈവം അവർക്കു മക്കളെ നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക. ദാനിയേലിനു നല്ല ജോലി ലഭിക്കേണ്ടതിനും അവർ കടഭാരത്തിൽ നിന്നു മുക്തനാകേണ്ടതിനുമായി പ്രാർത്ഥിക്കുക. അരവിദ് മയക്കു മരുന്നിൽ നിന്ന് വിടുതൽ പ്രാപിക്കേണ്ടതിനായും അവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE :** **Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR:** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, TC 25/654,
..................................Menathottathil House, Opp. Josco Jewellery, Pattom P.O,
..................................Trivandrum - 695 004. Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East:** **Mr. L. Sathyadas,** Hon. Pro. secretary, FMPB, "Bethanya,
................................ Parakudivila, Cheruvarakonam P O, Parassala Via - 695 502
................................ Mob.93880 38920

**Neyyattinkara West:** **Mr. N.Selvakumar,** Hon. Prom. Sec., Mob.94460 90636

**Tiruvanathapuram:** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION :** **Rev. Thomas Mathew,** Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam :** .............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :** **Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :** ....... **Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha**............ **Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:**....... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**410**
**മിഷനറി ആൽബം**



## റവ. സുനിൽ ദത്ത കര
## &
## ശ്രീമതി. മീനാക്കി ബീറോ

ഒടിഷയിൽ ഗജപതി ജില്ല യിൽ അഷ്റിഗദ ഗ്രാമത്തിൽ ശ്രീ. സർദ ചന്ദ്ര കരയുടെയും പരേതയായ ശ്രീമതി സുസെഗിനി കരയുടെയും മകനായി റവ. സുനിൽ ദത്ത കര 22/5/1977 ൽ ജനിച്ചു. ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചു വളർന്നതെങ്കിലും രക്ഷാ നിർണ്ണയം ഇല്ലായിരുന്നു. 1996 ൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് പാപങ്ങൾ ഏറ്റു പറഞ്ഞ് സ്നാനപ്പെട്ടു. അതിനെ തുടർന്നു പൂർണ്ണ സമയ ശുശ്രൂഷക്കായി ദൈവ വിളിയുണ്ടായി.

നേരിട്ടുണ്ടായ ദൈവീക വിളിയെ തുടർന്നു തിയോളജിക്കൽ കോളജിൽ ചേർന്നു B.Th ബിരുദം കരസ്ഥമാക്കി. 2007 ൽ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിൽ ചേർന്നു. NIM ലെ മിഷനറി പരിശീലനം 2008 ൽ പൂർത്തീകരിച്ചു. പരിശീലനത്തിനു ശേഷം കർണ്ണാടകയിലെ ഷിഗ്ഗൗൺ മിഷൻ വയലിലേക്കു അയച്ചു. ഏഴര വർഷം വിശ്വസ്തതയോടെ ദൈവവേല ചെയ്തു. അദ്ദേഹത്തിന്റെ ശുശ്രൂഷ കാലയളവിൽ അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു. 15 ആരാധനക്കൂട്ടങ്ങൾ ഉരുവാക്കി. രണ്ടു ദൈവാലയങ്ങൾ പണിതു.

2015 ൽ അദ്ദേഹത്തെ കർണ്ണാടകയിലെ ഖാനാപൂർ മിഷൻ വയലിലേക്കു മാറ്റി. 2017 ൽ ഹൂബ്ലി റീജിണൽ സെക്രട്ടറിയുടെ ഉത്തരാവാദിത്വം ഏറ്റെടുത്തു. 2024 മുതൽ കോളാർ റീജിയന്റെ സെക്രട്ടറിയായി ചുമതലയേറ്റെടുത്തു.

റവ. സുനിൽ 2010 മെയ് ഏഴാം തീയതി മീനാക്കി ബീറോയെ വിവാഹം കഴിച്ചു. ഒടിഷയിലെ ഗജപതി ജില്ലയിലുള്ള ചെല്ലിഗദ ഗ്രാമത്തിൽ ശ്രീ. ആശപൂർണ്ണ ബീറോയുടെയും ശ്രീമതി മാർത്താമ ബിറോയുടെയും മകളായി 1987 ജൂൺ 1 ന് ജനിച്ചു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്ന അവൾ ആറാം ക്ലാസ്സിൽ പഠിക്കുന്ന വേളയിൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. B.A. ബിരുദ പഠനം പൂർത്തീകരിച്ച വേളയിൽ അവളുടെ ഗ്രാമത്തിൽ നടത്തിയ FMPB യുടെ യോഗത്തിൽ പൂർണ്ണ സമയ സുവിശേഷ വേലക്കായുള്ള ദൈവവിളി ലഭിച്ചു.

ദൈവവിളിയോടുള്ള അനുസരണമായി 2007 ൽ FMPB യിൽ ചേർന്നു. മിഷനറി പരിശീലനത്തിനു ശേഷം അവളെ ഛത്തീസ്ഘട്ടിലുള്ള പതൽഗൗൺ ബാലിക ഭവനത്തിലേക്കു നിയോഗിച്ചു. റവ. സുനിലുമായുള്ള വിവാഹത്തിനു ശേഷം മീനാക്കി ഷീഗ്ഗൗൺ മിഷൻ വയലിലെ പ്രവർത്തനത്തിൽ പങ്കുചേർന്നു.

ഈ ദമ്പതികൾക്കു രണ്ടു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. മൂത്ത മകൾ ഗ്ലാഡീസ് കര (22/02/2011) പത്താം ക്ലാസ്സിലും ഇളയ മകൻ ജയീംസ് കര (02/05/2013) ഏഴാം ക്ലാസ്സിലും പഠിക്കുന്നു. രണ്ടു മക്കളും ബാംഗ്ലൂരിലുള്ള ലൗറി മോമ്മോറിയൽ സ്കൂളിൽ പഠിക്കുന്നു.

ഈ കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

friends missionary prayer band

GO OR SEND

# KARNATAKA STATE CONFERENCE 2025

PLACE

**INDIA CAMPUS CRUSADE FOR CHRIST**

Hennur Road, Lingarajapuram, Bangalore - 84.

DATE

## Oct. 11 - 12

**SATURDAY - 8.00 AM TO SUNDAY - 7.30 PM**

**THEME** More than these (John 21:15)

## GUEST SPEAKERS

- Rt. Rev Dr. Vincent Vinod Kumar Bishop. CSI (KCD) (Inaugural)
- Dr. Julian Sundersingh
- Rev. I.K. Abraham
- Rev. Emmanuel Ranjithsingh
- Bro. Brighton Anbu (Youth)

**Vision / Mission of the Conference:**

- To see the Great Commission come alive.
- To develop a heart for mission among disciples of Jesus
- To renew our commitment/involvement for Mission & witness

**Objectives to achieve the vision:**

- Identify new partners inspired to go as Missionaries, inspired to pray & inspired to give.
- Engage every member/house to pray for missions
- Create new prayer cells and equip young leaders.




## FMPB - KARNATAKA SNEHALAYA

# 173, 4th Cross, Chikkanappa Layout, Byrathi, Kothanur, Bengaluru - 560 077.

☎: **Rev. Elangovan** - 9902288750, **Rev. Justin** - 7889050020, **Bro. Ananda Kumar** - 9686436937, **Rev. Raja (Hubballi)** - 9036671342, **Rev. Daniel Vijayaraj (KGF)** - 9886327316, E-mail: elangovan@fmpb.org

**Pray, Participate & Be Blessed**


***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***